# I

# കേരളം ക്രിസ്തുവിന് മുമ്പ്

## ഭൂമിശാസ്ത്ര പശ്ചാത്തലം

അറിയപ്പെടാൻ തുടങ്ങിയ കാലം മുതൽ കേരളം ഭാരതത്തിന്റെ ഒരവിഭാജ്യഘടകമായിട്ടാണ് കരുതപ്പെട്ടുപോരുന്നത്. ഭൂമിശാസ്ത്രപരമായും രാഷ്ട്രീയമായും സ്വതന്ത്രമായ ഒരസ്തിത്വം അതിപ്രാചീനകാലം മുതൽ കേരളത്തിനുണ്ടായിരുന്നു. കിഴക്ക് പശ്ചിമഘട്ടങ്ങൾക്കും പടിഞ്ഞാറ് അറബിക്കടലിനും ഇടയ്ക്ക് ഇന്ത്യയുടെ തെക്കേ അറ്റത്ത് തെക്കുവടക്ക് നീളത്തിൽ കിടക്കുന്ന ഭൂഭാഗമാണ് കേരളം. കേരളത്തിന്റെ വിശാലമായ തീരപ്രദേശ സൗകര്യങ്ങൾ വിദേശരാജ്യങ്ങളുമായി വിപുലവും സജീവവുമായ വ്യാപാരബന്ധങ്ങൾ സ്ഥാപിക്കുവാനും പുലർത്തുവാനും വളരെയധികം സഹായിച്ചിട്ടുണ്ട്. മുസിരീസ് (കൊടുങ്ങല്ലൂർ), തിണ്ടീസ്, ബറക്കേ, കൊല്ലം, നെൽക്കിണ്ട എന്നിവ കേരളത്തിന്റെ പ്രാചീന തുറമുഖങ്ങളിൽ പ്രധാനപ്പെട്ടവയായിരുന്നു. കൊച്ചിയും കോഴിക്കോടുമെല്ലാം പിന്നീട് പ്രാബല്യത്തിൽ വന്നവയാണ്. 1498-ൽ വാസ്കോഡിഗാമ കോഴിക്കോട്ട് വന്നിറങ്ങിയതു മുതൽ കേരളം പലപ്പോഴും പാശ്ചാത്യ ശക്തികളുടെ കയ്യേറ്റങ്ങൾക്ക് ഇരയാകേണ്ടി വന്നിട്ടുണ്ട്. ഇതിന് പ്രധാന കാരണം കേരളത്തിന്റെ വിശാലമായ തീരപ്രദേശങ്ങൾ ആണെന്നുവേണം പറയുവാൻ. ഇന്നത്തെ കേരള ഭൂവിഭാഗം

38,855 ച. കിലോമീറ്റർ വിസ്തീർണ്ണവും 580 കിലോമീറ്ററോളം തീരപ്രദേശവുമുള്ളതാണ്.

മണ്ണിന്റെ സ്വഭാവരീതികളനുസരിച്ച് കേരളത്തെ മലനാട്, ഇടനാട്, തീരപ്രദേശം എന്നിങ്ങനെ വിഭജിച്ചിരിക്കുന്നു. മലനാട് ഉയർന്ന പർവ്വത പ്രദേശങ്ങളും ഇടതൂർന്ന വനങ്ങളുംകൊണ്ട് നിബിഡമാണ്. ഇടനാട്ടിൽ നെല്ല്, പച്ചക്കറി തുടങ്ങിയ ഭക്ഷ്യവിളകളും ഇഞ്ചി, മഞ്ഞൾ, കാപ്പി, തേയില, ഏലം, കുരുമുളക് തുടങ്ങിയ സുഗന്ധദ്രവ്യങ്ങളും, തെങ്ങ്, കമുക് തുടങ്ങിയ നാണ്യവിളകളും സമൃദ്ധമാംവിധം ഉത്പാദിപ്പിക്കപ്പെട്ടിരുന്നു. കേരളത്തിന്റെ സമൃദ്ധമായ ഈവിധ ഉത്പന്നങ്ങൾ ക്രിസ്തുവിന് നൂറ്റാണ്ടുകൾക്ക് മുമ്പുതന്നെ പല വിദേശരാജ്യ വ്യവസായികളേയും കേരളത്തിലേക്ക് ആകർഷിച്ചിരുന്നു. കേരളത്തിലെ മലകൾക്കും പർവ്വതങ്ങൾക്കും ഇവിടത്തെ ജനജീവിതവുമായി അഭേദ്യമായ ബന്ധമാണുള്ളത്. മതപരമായ ജീവിതവും ചിന്തയും ഈ മലനിരകളോട് ബന്ധപ്പെട്ടാണിരിക്കുന്നത്. പ്രകൃതിദത്തമായ ഒരു വൻ കോട്ടപോലെ കേരളത്തിന്റെ കിഴക്കനതിർത്തിയായി സഹ്യപർവ്വതം നൂറ്റാണ്ടുകളിലൂടെ നിലകൊള്ളുന്നു. സമുദ്രനിരപ്പിൽനിന്ന് 3000 മുതൽ 8000 അടി വരെ ഈ പർവ്വതനിര ഉയർന്നു നിൽക്കുന്നു. ഇടുക്കി ജില്ലയിലെ ഹൈറേഞ്ചിലെ ആനമുടിക്ക് 8841 അടി ഉയരമുണ്ട്. ഇന്ത്യയിലെ ഹിമാലയത്തിന് തെക്ക് ഏറ്റവും ഉയർന്നു കിടക്കുന്ന ഭൂഭാഗമാണ് ആനമുടി. സഹ്യനോട് ചേർന്ന് മലകളും കൊടുമുടികളും കൂടാതെ ഇടനാട്ടിലും സമതലപ്രദേശങ്ങളിലും ഒറ്റപ്പെട്ട് അവിടവിടെയായി പല മലകളുമുണ്ട്. ഇവയിൽ പലതും രാഷ്ട്രീയവും സാംസ്കാരികവുമായി പ്രാധാന്യമുള്ളവയാണ്. വടക്കേ മലബാറിൽ കണ്ണൂരിൽനിന്ന് ഏതാനും കിലോമീറ്റർ അകലെ വടക്കുമാറി കടൽകരയിൽ കടലിലേക്ക് ഉന്തിനിൽക്കുന്ന 'ഏഴിമല' ക്രിസ്തുവർഷത്തിന്റെ ആദിശതകങ്ങളിൽ അഭിവൃദ്ധി നേടിയ ഒരു രാജസ്ഥാനത്തിന്റെ ആസ്ഥാനമായിരുന്നു. ആദികാലം മുതൽക്കേ കപ്പലോട്ടക്കാർക്ക് അത് ഒരു അതിർത്തിക്കുറ്റിയായി പ്രയോജനപ്പെട്ടിട്ടുണ്ട്. തലശ്ശേരി താലൂക്കിലെ 'പുരളിമല' ബ്രിട്ടീഷ് ഭരണകാലത്തെ പഴശ്ശിവിപ്ളവത്തിൽ നിർണ്ണായക പങ്കു വഹിച്ചിട്ടുണ്ട്.

കേരളത്തിലെ പ്രധാനപ്പെട്ട തീർത്ഥാടന കേന്ദ്രങ്ങളിൽ പലതും

മലകളുടെ മുകളിലോ, താഴ്വരകളിലോ ആണ് സ്ഥിതി ചെയ്യുന്നത്. വടക്കേ വയനാട് താലൂക്കിലെ 'തിരുനെല്ലിക്ഷേത്രം' 5276 അടി ഉയരമുള്ള ബ്രഹ്മഗിരി കൊടുമുടിയുടെ താഴ്വരയിലാണ്. പീരുമേട് താലൂക്കിലെ 3790 അടി പൊക്കമുള്ള ശബരിമലയിലാണ് കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ടതും വിഖ്യാതവുമായ ഹൈന്ദവ ശാസ്താക്ഷേത്രം. ആലുവ താലൂക്കിലെ 1500 അടി ഉയരമുള്ള മലയാറ്റൂർ മലയിലെ സെന്റ് തോമസ് പള്ളി മുഖ്യമായ ഒരു ക്രിസ്ത്രീയ തീർത്ഥാടന കേന്ദ്രമാണ്. ഇങ്ങനെ, കേരളത്തിലെ മലകൾക്കും പർവ്വതങ്ങൾക്കും കേരളീയ മനസ്സിൽ മതത്തിന്റെ പരിവേഷമുണ്ട്.

മലകളും പർവ്വതങ്ങളുമെന്നപോലെതന്നെ കേരളജനതയുടെ സാമൂഹിക, സാംസ്കാരിക ജീവിതത്തിൽ ഇവിടത്തെ നദികളുടെ പ്രാധാന്യവും വളരെ വലുതാണ്. കേരളത്തിൽ ആകെ 44 നദികളാണുള്ളത്. അവയിൽ 41 എണ്ണം പടിഞ്ഞാറോട്ട് ഒഴുകുമ്പോൾ കിഴക്കോട്ട് ഒഴുകുന്ന മൂന്നെണ്ണം കാവേരിയുടെ പോഷക നദികളാണ്. 160 കി.മീറ്ററിൽ അധികം നീളമുള്ള 4 നദികളേയുള്ളു. ഭാരതപ്പുഴയും (251 കി.മീ.) പെരിയാറും (229 കി.മീ.) പമ്പയും (177 കി.മീ.) ചാലിയാറും (169 കി.മീ.) ആണ് അവ. മറ്റുള്ളവയുടെ എല്ലാംകൂടി ശരാശരി നീളം 65 കി.മീ. മാത്രം.

ചരിത്രപരമായും സാംസ്കാരികമായും പ്രാധാന്യമർഹിക്കുന്ന പല സ്ഥലങ്ങളും നദീതീരങ്ങളിലാണ് സ്ഥിതി ചെയ്യുന്നത്. ഇന്ത്യൻ ദേശീയ നേതാക്കളായ മഹാത്മഗാന്ധി, ജവഹർലാൽ നെഹ്റു, ലാൽ ബഹദൂർ ശാസ്ത്രി തുടങ്ങിയവരുടെ ഭൗതികാവശിഷ്ഠങ്ങൾ കേരളത്തിൽ ഭാരതപ്പുഴയിലാണ് നിക്ഷേപിച്ചത്. അദ്വൈതസിദ്ധാന്തകൻ ശ്രീശങ്കരാചാര്യരുടെ ജന്മസ്ഥലമായ കാലടി പെരിയാറിന്റെ തീരത്താണ് സ്ഥിതി ചെയ്യുന്നത്. സുപ്രസിദ്ധമായ ശിവരാത്രി മഹോത്സവം കൊണ്ടാടുന്ന ആലുവായും പെരിയാറിന്റെ തീരത്തുള്ള ഒരു സാംസ്കാരിക കേന്ദ്രമാണ്. മതപരമായി വളരെ പ്രാധാന്യമുള്ള സമ്മേളനങ്ങൾ നടക്കുന്ന ആറന്മുള, ചെങ്ങന്നൂർ, മാരാമൺ, എടത്വ എന്നീ സ്ഥലങ്ങൾ പമ്പാനദിയുടെ തീരത്താണ് സ്ഥിതി ചെയ്യുന്നത്.

ഇനി ചരിത്രപരമായി നോക്കുമ്പോൾ രാഷ്ട്രീയവും സൈനികവുമായ രംഗങ്ങളിലും കേരളത്തിലെ നദികൾ വലിയ പങ്കു വഹിച്ചിട്ടുണ്ട്. ചിലത് നന്മയ്ക്കും മറ്റു ചിലത് തിന്മയ്ക്കും കാരണമായിത്തീർന്നു

എന്നത് യാഥാർത്ഥ്യം. ഉദാ: 1341-ലെ പെരിയാർ വെള്ളപ്പൊക്കം കൊടുങ്ങല്ലൂർ തുറമുഖത്തെ നശിപ്പിച്ചുകളഞ്ഞു. ഇത് കൊച്ചി തുറമുഖത്തിന്റെ വളർച്ചയ്ക്ക് കാരണമായി. ഇതുപോലെ 1789-ൽ പെരിയാറിലുണ്ടായ മറ്റൊരു വെള്ളപ്പൊക്കം ടിപ്പുസുൽത്താന്റെ ആക്രമണത്തിൽ നിന്ന് തിരുവിതാംകൂറിനെ രക്ഷിക്കുകയുണ്ടായി. ജനക്ഷേമകരമായ പ്രവർത്തനങ്ങളിലേക്ക് നദികളെ നാം വിജയപൂർവ്വം ഉപയോഗിച്ചുവരുന്നതിന് ഉദാഹരണങ്ങളാണ് പീച്ചി, മലമ്പുഴ, ഇടുക്കി, പെരിയാർ വാലി, പള്ളിവാസൽ, ചെങ്കുളം, പെരിങ്ങൽകുത്ത്, ശബരിഗിരി തുടങ്ങിയ നദീതടപദ്ധതികൾ.

കേരളത്തിന്റെ തീരപ്രദേശത്തിന് സമാന്തരമായി തീരഉൾപ്രദേശങ്ങളിൽ സ്ഥിതി ചെയ്യുന്ന ജലാശയങ്ങളാണ് കായലുകൾ. കേരളത്തിന്റെ ദക്ഷിണോത്തരഭാഗങ്ങളിലേക്കുള്ള ഗതാഗതത്തിന് ഈ കായലുകൾ സൗകര്യം നല്കുന്നു. ആലപ്പുഴ തൊട്ട് കൊച്ചി വരെ 80 ഓളം കിലോമീറ്റർ നീളത്തിൽ കിടക്കുന്ന വേമ്പനാട്ട് കായലാണ് ഏറ്റവും വലുത്. ഇതിന് 79 ച: മൈൽ വിസ്തീർണ്ണമുണ്ട്. പ്രസിദ്ധമായ വൈക്കം ക്ഷേത്രം ഇതിന്റെ തീരത്താണ്. A.D. 1100-ന് അടുത്ത് വടക്കംകൂറെന്നും തെക്കംകൂറെന്നും രണ്ടായി പിരിഞ്ഞ വെമ്പേലിനാട് എന്ന പുരാത രാജ്യവുമായി ബന്ധപ്പെട്ടാണ് വേമ്പനാട്ടുകായലിന് ആ പേരുണ്ടായത്. കായംകുളം കായലും (49 ച: കിലോമീറ്റർ) അഷ്ടമുടിക്കായലും (26 ച: കിലോമീറ്റർ) ആണ് ദക്ഷിണകേരളത്തിലെ വലിയ കായലുകൾ. ഓരോന്നിനും 52 ച: കിലോമീറ്ററാണ് വിസ്താരം. കൊല്ലം ജില്ലയിലെ ശാസ്താംകോട്ട കായലാണ് കേരളത്തിലെ ഒരേയൊരു ശുദ്ധജല തടാകം. മൂന്നുവശവും ഉയർന്ന കുന്നുകളുള്ള ഈ കായലിന്റെ ഒരുവശത്ത് മൺചിറയാണ്. 3.73 ച: കിലോമീറ്റർ വിസ്തൃതിയുണ്ട്. കായലുകൾ ചിലേടത്ത് അഴികൾ മുഖേന സമുദ്രവുമായി ചേരുന്നു. വളപട്ടണം, ചേറ്റുവ, കൊടുങ്ങല്ലൂർ, കൊല്ലം, കൊച്ചി, നീണ്ടകര തുടങ്ങിയവയാണ് കേരളത്തിലെ അഴിമുഖങ്ങൾ.

കാലാവസ്ഥയെക്കുറിച്ച് പറയുകയാണെങ്കിൽ, കേരളത്തിന് തെക്കുപടിഞ്ഞാറൻ മൺസൂണിൽനിന്നും വടക്കുകിഴക്കൻ മൺസൂണിൽനിന്നും മഴ ലഭിക്കുന്നുണ്ട്. ആദ്യത്തേത് മെയ് അവസാനമോ ജൂൺ ആരംഭത്തിലോ ആരംഭിച്ച് സെപ്റ്റംബറിൽ അവസാനിക്കുന്നു.

രണ്ടാമത്തേത് ഒക്ടോബറിൽ തുടങ്ങി ഡിസംബർ അവസാനം വരെ നീണ്ടുനില്ക്കും. സംസ്ഥാനത്ത് ആണ്ടിൽ ആകെക്കൂടിയുള്ള വർഷപാതത്തിന്റെ ശരാശരി നില 96''ന് അടുത്തുവരെയാണെങ്കിലും ഇടുക്കി ജില്ലയിലെ ഹൈറേഞ്ചിൽ 200''-ൽ അധികം മഴ വീഴാറുണ്ട്.

A.D. 45-ൽ ഈജിപ്ഷ്യൻ നാവികനായ 'ഹിപ്പാലസ്' ചരിത്രത്തിൽ ഒരു പുതുയുഗം സൃഷ്ടിച്ചുകൊണ്ട്, തെക്കുപടിഞ്ഞാറൻ കാലവർഷക്കാറ്റിന്റെ ഗതി കണ്ടുപിടിച്ചതാണ്, പേർഷ്യൻ ഉൾക്കടലിൽനിന്ന് 'മുസ്സീരിസിലേക്ക്' നേരിട്ടുള്ള സമുദ്രസഞ്ചാരം സാദ്ധ്യമാക്കിയതെന്നകാര്യം ഈ സന്ദർഭത്തിൽ അനുസ്മരിക്കേണ്ടതാണ്. കേരളത്തിലെ സൈനിക നീക്കങ്ങൾ കാലവർഷ ഘടകങ്ങളാൽ നിയന്ത്രിതമായിരുന്നു. മഴക്കാലം ആരംഭിക്കുമ്പോൾ ശത്രുതകൾ തൽക്കാലം വിസ്മരിക്കപ്പെടും. മഴ മാറുമ്പോൾ ഏറ്റുമുട്ടലുകൾ വീണ്ടും ആരംഭിക്കും. നദിയിലെ വെള്ളപ്പൊക്കങ്ങൾ സൈനിക നീക്കത്തിന് വിഘാതമാകാറുണ്ടായിരുന്നു. പെരിയാറ്റിലെ വെള്ളപ്പൊക്കത്തിന്റെ ഫലമായി ടിപ്പുവിന് തിരികെ പോകേണ്ടിവന്ന കാര്യം മുമ്പ് സൂചിപ്പിച്ചല്ലോ.

പക്ഷിമൃഗാദികളുടേയും, വൃക്ഷലതാദികളുടേയും, ധാതുനിക്ഷേപങ്ങളുടേയും കാര്യത്തിൽ കേരളം സമൃദ്ധമാണ്. വിദേശ രാജ്യങ്ങളിലേക്കുള്ള പ്രാചീന കേരളത്തിന്റെ കയറ്റുമതികളിൽ ആനകൾക്കും മയിലുകൾക്കും കുരങ്ങൻമാർക്കും മുഖ്യ സ്ഥാനമുണ്ടായിരുന്നു. ദന്തം വിലപ്പെട്ട കയറ്റുമതി ചരക്കായിരുന്നു. കേരളത്തിലെ സുഗന്ധദ്രവ്യങ്ങൾ വിദേശിയരെ ഇങ്ങോട്ടാകർഷിച്ചിരുന്നു. കുരുമുളക്, ഏലം, കറുവാപ്പട്ട, ചുക്ക് മുതലായവ പ്രാചീനകേരളം ഏഷ്യയിലെയും യൂറോപ്പിലെയും രാജ്യങ്ങളിലേക്ക് കയറ്റുമതി ചെയ്തിരുന്നു. കേരളത്തിലെ കുരുമുളകിന് (കറുത്തപൊന്ന്) ഉണ്ടായിരുന്ന പ്രിയമാണ് പോർട്ടുഗീസുകാർ, ഡച്ചുകാർ, ഫ്രഞ്ചുകാർ, ഇംഗ്ലീഷുകാർ തുടങ്ങിയ യൂറോപ്യൻ ശക്തികളെ ആധുനികകാലത്ത് കേരളത്തിലേക്ക് ആകർഷിച്ചതിന്റെ ഒരു കാരണം. കേരളത്തിലെ വനങ്ങളിൽ സുലഭമായുണ്ടായിരുന്ന ചിലതരം തടികൾക്ക് വിദേശ വിപണികളിൽ വലിയ പ്രിയമായിരുന്നു. ക്രിസ്തുവിന് വളരെ നൂറ്റാണ്ടുകൾക്ക് മുമ്പ് കേരളത്തിലെ തേക്കിൻ തടി വിദേശങ്ങളിലേക്ക് പൊയ്ക്കൊണ്ടിരുന്നു. ഊർ നഗരത്തിന്റെ (പഴയ നിയമത്തിൽ പറയുന്ന) നാശാവശിഷ്ടങ്ങളിൽ നിന്ന് കണ്ടെടുത്ത തേക്കിൻ തടി ഇതിന്

തെളിവാണ്. ട്രഫാൾഗർ യുദ്ധത്തിൽ പങ്കെടുക്കു കയും നെൽസന് വിജയം നേടിക്കൊടുക്കുകയും ചെയ്ത കപ്പലുക ളുടെ നിർമ്മാണത്തിന് കേരളീയ വനങ്ങളിലെ ഒന്നാംതരം തേക്കിൻ തടികൾ ഉപയോഗിച്ചിരുന്ന തായി കാണുന്നു. ധാതുനിക്ഷേപത്തിലും കേരളം സമ്പന്നമായിരുന്നു. കൗടില്യന്റെ അർത്ഥശാസ്ത്രത്തിൽ (B.C. നാലാം ശതകം) ഭാരതത്തിൽ മുത്തുവിളയുന്ന സ്ഥലമായി ചൂർണ്ണി (പെരിയാർ) യെക്കുറിച്ച് പരാമർശിക്കുന്നുണ്ട്. പുരാതന റോമാക്കാർ സ്വർണ്ണം പകരം കൊടുത്ത് കേരളത്തിൽനിന്ന് മുത്തുകളും രത്നങ്ങളും സുഗന്ധദ്രവ്യങ്ങളും വാങ്ങിയിരുന്നു.

# II

# കേരളത്തിന്റെ ആദ്യകാല വിദേശബന്ധങ്ങൾ

ഓർമ്മയെത്താത്ത കാലം മുതൽ കേരളത്തിന് വിദേശ രാജ്യങ്ങളുമായി ബന്ധമുണ്ടായിരുന്നു. സുമേറിയക്കാർ, അസ്സീറിയക്കാർ, ബാബിലോണിയക്കാർ, ഫിനിഷ്യന്മാർ, ഇസ്രായേൽക്കാർ, ഗ്രീക്കുകാർ, റോമാക്കാർ, അറബികൾ, ചീനക്കാർ തുടങ്ങിയവരാണ് പ്രാചീനകാലത്ത് കേരളവുമായി ബന്ധം പുലർത്തിയിരുന്ന വിദേശീയർ. ഈ ബന്ധം പ്രധാനമായി വാണിജ്യപരമായിരുന്നു. എങ്കിലും പിൽക്കാലത്ത് ക്രിസ്തു, യഹൂദ, ഇസ്ലാം മതങ്ങൾ ഇവിടെ പ്രചരിക്കാനിടയാകുകയും സർവ്വസ്പർശിയായ ഒരു സംസ്കാരം രൂപപ്പെടുത്തിയെടുക്കുവാൻ കേരളത്തെ സഹായിക്കുകയും ചെയ്തിട്ടുണ്ട്.

പ്രാചീന കേരളം സുഗന്ധദ്രവ്യങ്ങളുടെ കാര്യത്തിൽ കീർത്തി കേട്ടിരുന്നു. ഈ കീർത്തിയാണ് ബി.സി. 3000 മുതൽക്കേ വിദേശികളെയും വൈദേശിക സംസ്കാരത്തേയും കേരളത്തിലേക്ക് ആകർഷിച്ചത്. ബി.സി. രണ്ടും മൂന്നും സഹസ്രാബ്ദങ്ങളിൽ അസിറിയക്കാരും ബാബിലോണിയക്കാരും മറ്റും കേരളത്തിൽ നിന്ന് കൊണ്ടുപോയിരുന്ന ഏലം, കറുവാപ്പട്ട (ഇലവറങ്ങ്) എന്നീ സുഗന്ധ ദ്രവ്യങ്ങളുടെ മൊത്തവ്യാപാരി കളായിരുന്നു പോലും. പ്രാചീന ഈജിപ്തുകാർ, രാജാക്കന്മാരുടേയും പ്രഭുക്കന്മാരുടേയും ശവശരീരങ്ങൾ കേടില്ലാതെ

സൂക്ഷിക്കാനും കേരളത്തിലെ സുഗന്ധ ദ്രവ്യങ്ങൾ ഉപയോഗിച്ചിരുന്നു. പൗരസ്ത്യ സുഗന്ധദ്രവ്യങ്ങളുടെ ഒരു കമ്പോളമായിരുന്നു ഈജിപ്തിലെ അലക്സാണ്ഡ്രിയ നഗരം. കറുവാപ്പട്ട, ഏലം എന്നിവയെക്കുറിച്ച് പല പരാമർശങ്ങളും വേദപുസ്തകത്തിൽ കാണാം. അക്കാലത്ത് കേരളത്തിൽ മാത്രമേ ഈ സുഗന്ധ ദ്രവ്യങ്ങൾ ഉത്പാദിപ്പിക്കപ്പെട്ടിരുന്നുള്ളു. യഹൂദ നിയമകർത്താവായ മോസസ് സീനായിൽ സ്ഥാപിച്ച ദേവാലയത്തിൽ ആരാധനക്കുപയോഗിച്ച വി. അഭിഷേക തൈലവും ധൂപവും കറുവാപ്പട്ട കൂടി ചേർത്തുണ്ടാക്കിയതായിരുന്നെന്ന് ബൈബിളിൽ പറയുന്നു (പുറപ്പാട് 30 : 22-25). B.C. 1490-ൽ ഈ ദേവാലയം നിർമ്മിച്ചു എന്നാണ് വിശ്വാസം. അങ്ങനെയെങ്കിൽ അക്കാലത്തെ ഹീബ്രുജനതയ്ക്ക് കറുവാപ്പട്ടയെക്കുറിച്ച് നല്ലപോലെ അറിയാമായിരുന്നെന്ന് വ്യക്തമാണ്.

ഇസ്രായേലിലെ സോളമൻ ചക്രവർത്തിയെ (B.C. 1015 - 966) കിഴക്കിന്റെ ഷേബാറാണി സന്ദർശിച്ചതായി വിവരിക്കുന്ന സന്ദർഭത്തിലും വി. വേദപുസ്തകത്തിൽ കറുവാപ്പട്ടയെക്കുറിച്ച് പരാമർശിക്കുന്നുണ്ട്. റാണി ജറൂസലേമിലേക്ക് ചെന്നത് സുഗന്ധദ്രവ്യങ്ങൾ വഹിക്കുന്ന ഒരുപറ്റം ഒട്ടകങ്ങളുമായിട്ടായിരുന്നു എന്നും അവർ സോളമന് നല്കിയതുപോലുള്ള സുഗന്ധദ്രവ്യ ശേഖരം പിന്നീട് ഒരിക്കലും അവിടെ എത്തിയിട്ടില്ല എന്നും അതിൽ രേഖപ്പെടുത്തിയിരിക്കുന്നു (1 രാജാക്കന്മാർ 10 : 10).

B.C. 1000-ാമാണ്ടോടടുത്ത് സോളമൻ ചക്രവർത്തി ഫിനീഷ്യന്മാരുടെ നേതൃത്വത്തിൽ അയച്ച ഒരു കപ്പൽ സംഘം 'ഓഫീറിൽ' എത്തി അവിടെനിന്ന് സ്വർണ്ണവുമായി മടങ്ങിപ്പോയി എന്നു പറയുന്നുണ്ട്. തിരുവനന്തപുരത്തിനടുത്തുള്ള 'പൂവാറാ'ണ് ഈ 'ഓഫീർ' എന്നു ചില പണ്ഡിതന്മാർ പറയുന്നു, അതല്ല, കോഴിക്കോട് ജില്ലയിലെ 'ബേപ്പൂർ' ആണെന്ന് മറ്റുചിലരും. B.C. അവസാന നൂറ്റാണ്ടുകളിൽ ഇഞ്ചി, മഞ്ഞൾ, കുരുമുളക് എന്നിവയിൽ കേരളത്തിന്റെ വാണിജ്യം മികച്ചതായിരുന്നു. ഗ്രീക്കുകാരും റോമാക്കാരും കേരളവുമായി വിപുലമായ കച്ചവടമാണ് അന്ന് നടത്തിയിരുന്നത്. എന്നാൽ B.C. ഒന്നാം നൂറ്റാണ്ടിന്റെ മദ്ധ്യത്തിൽ റോമാക്കാർ ഈജിപ്തിനെ ആക്രമിച്ച് സുഗന്ധദ്രവ്യ വാണിജ്യത്തിൽ ഏർപ്പെട്ടു. A.D. 45-ൽ ഈജിപ്തിലെ ഒരു നാവികനായ 'ഹിപ്പാലസ്'

ഇന്ത്യൻ സമുദ്രത്തിലെ കാലവർഷക്കാറ്റിന്റെ ഗതി കണ്ടുപിടിച്ചതോടെ തീരംപറ്റിയുള്ള യാത്രയ്ക്കുപകരം നടുക്കടലിലൂടെ സഞ്ചരിച്ച് 40 ദിവസംകൊണ്ട് ഏഡനിലെ 'ഓസീലിസ്സിൽ' നിന്ന് മുസ്സീരിസിൽ (കൊടുങ്ങല്ലൂർ) നേരിട്ടു വന്നെത്താമെന്നായി. ഈ സൗകര്യം പാശ്ചാത്യരാജ്യങ്ങളും കേരളവും തമ്മിലുള്ള വാണിജ്യം വർദ്ധിപ്പിക്കുകയും ത്വരിതപ്പെടുത്തുകയും ചെയ്തു. സുഗന്ധദ്രവ്യങ്ങൾക്കും, മയിൽ, പട്ടുകൾ തുടങ്ങിയ സുഖഭോഗ വസ്തുക്കൾക്കുംവേണ്ടി റോമിലെ പൊന്നും വെള്ളിയും ദക്ഷിണേന്ത്യയിലേക്ക് ഒഴുക്കി. കേരളത്തിൽ പലേടത്തും റോമാക്കാർക്ക് വാണിജ്യകേന്ദ്രങ്ങളുണ്ടായി. അതിനു തെളിവാണ് കേരളത്തിലെ വിവിധ ഭാഗങ്ങളിൽനിന്ന് കണ്ടെടുത്തിട്ടുള്ള റോമൻ നാണയങ്ങൾ. സുഖഭോഗസാധനങ്ങൾക്കായി ഇന്ത്യയിലും ചൈനയിലും അറേബ്യയിലുമായി പത്തുകോടി സെസ്റ്റേഴ് (ഏകദേശം 10,87,500 പവൻ) റോമാക്കാർ ചെലവാക്കിയിരുന്നുവെന്ന് പ്ലീനി കണക്കാക്കിയിരിക്കുന്നു.

സ്വർണ്ണവും വെള്ളിയുംപോലെ റോമക്കാർക്ക് പ്രിയപ്പെട്ട ഒന്നായിരുന്നു കുരുമുളക്. അതുകൊണ്ടായിരിക്കാം കുരുമുളക് കറുത്തപൊന്ന് എന്ന് അറിയപ്പെടാൻ തുടങ്ങിയത്. ഗോത്ത് രാജാവായ അലാറിക് A.D. 5-ാം ശതകത്തിന്റെ ആരംഭത്തിൽ റോം ആക്രമിച്ചപ്പോൾ തലസ്ഥാനപട്ടണം നശിപ്പിക്കാതിരിക്കാൻവേണ്ടി ആവശ്യപ്പെട്ട സാധനങ്ങളുടെ കൂട്ടത്തിൽ 3000 പൗണ്ട് കുരുമുളകും ഉൾപ്പെട്ടിരുന്നു എന്നാണ് ചരിത്രം ഘോഷിക്കുന്നത്. പാശ്ചാത്യർ തീരപ്രദേശംവഴി വാണിജ്യ ഇടപാടുകൾ നടത്തിയിരുന്ന സമയത്ത് ചൈനക്കാർ കരമാർഗ്ഗവും കേരളത്തിൽ വ്യാപാരം നടത്തിയിരുന്നു; കേരളത്തിന്റെ കപ്പലുകൾ വിദേശ രാജ്യങ്ങളുമായും വ്യാപാരബന്ധങ്ങൾ നടത്തിയിരുന്നു.

കേരളത്തിന്റെ അന്നത്തെ തുറമുഖങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടത് മുസ്സീരിസ് അഥവ കൊടുങ്ങല്ലൂർ ആയിരുന്നു. ഇതായിരുന്നു ക്രിസ്തുവിന് മുമ്പുള്ള നമ്മുടെ കേരളം.

# III

# രക്ഷാദൂതുമായി ക്രിസ്തുശിഷ്യൻ കേരളത്തിൽ (A.D. 52)

കൃത്യമായി എഴുതപ്പെട്ട ചരിത്ര രേഖകളുടെ അഭാവംമൂലം പല പാരമ്പര്യങ്ങളേയും തോമാശ്ലീഹായുടെ ആഗമനത്തെപ്പോലും സംശയിക്കുന്ന പല ചരിത്രകാരന്മാരുമുണ്ട്. തോമാശ്ലീഹ പന്തക്കുസ്താ യ്ക്കുശേഷം പാർത്ഥ്യാ വടക്കേ ഇന്ത്യയിലെ തക്ഷശില എന്നിവിട ങ്ങളിൽ സുവിശേഷം പ്രസംഗിക്കുകയും കന്യകാമറിയത്തിന്റെ മരണത്തോടനുബന്ധിച്ച് അദ്ദേഹം ജറുസലേമിൽ തിരിച്ചെത്തുകയും ചെയ്തവെന്നാണ് പാരമ്പര്യ വിശ്വാസം. പിന്നീട് അദ്ദേഹം A.D. 52-ൽ കൊടുങ്ങല്ലൂർ തുറമുഖത്ത് കപ്പലിറങ്ങിയതായിട്ടാണ് ചരിത്രം പറയുന്നത്. മുന്നദ്ധ്യായത്തിൽ വിവരിക്കപ്പെട്ടിരിക്കുന്ന കേരളത്തിന്റെ അന്നത്തെ ചുറ്റുപാടുകൾ, വ്യാപാരവുമായി ബന്ധപ്പെട്ട് വിദേശികൾക്ക് കേരളത്തിലേക്കുള്ള യാത്രാസൗകര്യങ്ങൾ, സജാതീയരായ യഹൂദസ മൂഹത്തിന്റെ കൊടുങ്ങല്ലൂർ തുറമുഖത്തെ അധിവാസം, സ്വജനസമൂ ഹത്തിലേക്ക് യേശുവിനെ അവതരിപ്പിക്കുവാനുള്ള തോമാശ്ലീഹായുടെ താത്പര്യം, ലോകത്തിന്റെ അതിരുകളിലേക്കുപോയി സർവ്വ

ജനങ്ങളേയും പഠിപ്പിക്കണമെന്ന ക്രിസ്തുവിന്റെ കല്പന എന്നിവയൊക്കെ കേരളത്തിലേക്ക് വരുവാൻ വി. തോമായെ പ്രേരിപ്പിച്ചിട്ടുണ്ടാകണം. അങ്ങനെ A.D. 52-ൽ കൊടുങ്ങല്ലൂരിൽ വന്നിറങ്ങിയ തോമാശ്ലീഹ പാലയൂർ, കൊടുങ്ങല്ലൂർ, കോട്ടക്കാവ് (പറവൂർ), കോക്കമംഗലം, നിരണം (തൃക്പ്പാലേശ്വരം), കൊല്ലം, നിലക്കൽ (ചായൽ) എന്നീ ഏഴ് സ്വതന്ത്ര സഭാസമൂഹങ്ങൾ സ്ഥാപിച്ചു. ഇവയിൽ പ്രധാനപ്പെട്ട ഒന്നായിരുന്നു അന്നത്തെ പാലയൂർ. ടോളമി (A.D. 40), പ്ലീനി (A.D. 77) തുടങ്ങിയ വിദേശീയരുടെ യാത്രാവിവരണങ്ങളിൽ പാലയൂർ പരാമർശിക്കപ്പെട്ടിട്ടുണ്ട്. കേരളത്തിൽ ബ്രാഹ്മണർക്ക് പരശുരാമൻ വീതിച്ചു നൽകി എന്നു പറയപ്പെടുന്ന 64 ഗ്രാമങ്ങളിൽ വടക്കുള്ള 32 ഗ്രാമങ്ങളിൽ ഒന്നാണ് പാലയൂർ എന്നു പറയുന്നു.

A.D. 52-ൽ പാലയൂർ ഒരു സുപ്രസിദ്ധ ബ്രാഹ്മണ കേന്ദ്രവും യഹൂദരുടെ കേരളത്തിലെ ഒരു പ്രധാന വ്യാപാര കേന്ദ്രവുമായിരുന്നു. അന്ന് പാലയൂർ പട്ടണത്തിൽ 42-ൽ അധികം ഗോത്രങ്ങളിലായി അയ്യായിരത്തിനുമേൽ ബ്രാഹ്മണരും ഒട്ടധികം ക്ഷേത്രങ്ങളും, ഓത്ത് ശാലകളും ബ്രാഹ്മണരുടെ പരിചാരക വൃന്ദവും ഉണ്ടായിരുന്നു. അന്നത്തെ ബ്രാഹ്മണർ വിദ്യാവിചക്ഷണരും, മന്ത്രതന്ത്രാദിരഹസ്യങ്ങൾ ഹൃദിസ്ഥമാക്കിയവരും, വേദശാസ്ത്രങ്ങളിൽ നിപുണരും ആയിരുന്നു. പകലോമറ്റം കുടുംബത്തിലെ അംഗങ്ങൾ പണ്ഡിതശ്രേഷ്ഠന്മാരായിരുന്നു. ഇവർ മതകർമ്മങ്ങൾ അഭ്യസിപ്പിക്കുവാൻ നിയുക്തരുമായിരുന്നു.

# IV

# പാലയൂരിൽ സംഭവിച്ചത്

ഇന്നത്തെ പാലയൂർ ദേവാലയപരിസരങ്ങളിൽ നാല് വലിയ കുളങ്ങളുണ്ട്. കിഴക്ക് തളിയകുളം, പടിഞ്ഞാറ് ബോട്ടുകുളം, തെക്ക് ചെഞ്ചേർ കുളം, വടക്ക് പൂങ്കുളം. കുളങ്ങളുടെ നാലുവശങ്ങളിലും കല്പടവുകളുടെ അവശിഷ്ടങ്ങൾ ഇന്നും കാണാം. ഈ നാല് കുളങ്ങളിൽ ഏറ്റവും വലുത് തളിയകുളമാണ്. അതിനടുത്ത് ശാന്തിക്കിണറും നല്ല വെള്ളവും ഇന്നുമുണ്ട്. മാർത്തോമ്മാശ്ലീഹ A.D. 52-ൽ പാലയൂർ തളിയക്കുളക്കരയിൽ ചെന്നപ്പോൾ അനേകം ബ്രാഹ്മണർ അവിടെ കുളിച്ച് തർപ്പണ വിതാനം നടത്തുന്നതുകണ്ട് അവരുടെ ഉദ്ദേശ്യലക്ഷ്യങ്ങളെക്കുറിച്ച് അന്വേഷിക്കുവാനിടയായി. ദേവപ്രീതിയാണ് അവരുടെ ലക്ഷ്യമെന്ന് അവർ ശ്ലീഹായെ അറിയിച്ചു. അങ്ങനെയെങ്കിൽ ജലം എടുക്കുന്നിടത്ത് കുഴിഞ്ഞിരിക്കുന്നത് കാണിക്കണമെന്നും ആകാശത്തിൽ നിറുത്തണമെന്നും ശ്ലീഹ ആവശ്യപ്പെട്ടു. അവർക്ക് അതിന് കഴിഞ്ഞില്ല. അപ്പോൾ ശ്ലീഹ, പരിശുദ്ധ ത്രിത്വനാമം ഭക്തിപൂർവ്വം ഉച്ചരിച്ചു, കുരിശടയാളം വരച്ചുകൊണ്ട് കുറെ വെള്ളം കോരി മേല്പോട്ട് എറിഞ്ഞു. ആ നീർതുള്ളികൾ സൂര്യകിരണങ്ങളേറ്റ് പ്രശോഭിക്കുകയും

ആകാശത്ത് നിലകൊള്ളുകയും വെള്ളമെടുത്ത ഭാഗത്ത് കുഴി കാണപ്പെടുകയും ചെയ്തുവെന്നാണ് പറയപ്പെടുന്നത്. ഈ അത്ഭുതം കണ്ടറിഞ്ഞ ബ്രാഹ്മണരും നായന്മാരും ക്രുസ്തുവിൽ വിശ്വസിച്ച് ജ്ഞാനസ്നാനം സ്വീകരിക്കുകയും ചെയ്തു എന്നാണ് പാരമ്പര്യം.

പിന്നീട് അവർതന്നെ അവിടത്തെ ചെറുക്ഷേത്രങ്ങൾ നശിപ്പിക്കുകയും അവരുടെ പ്രധാന ക്ഷേത്രമായിരുന്ന ശിവ ക്ഷേത്രം പള്ളിയാക്കി രൂപാന്തരപ്പെടുത്തി വിഗ്രഹങ്ങൾ നീക്കം ചെയ്ത് ബലിസ്ഥലം ബലിപീഠമാക്കുകയും ചെയ്തു. അന്ന് ശിവക്ഷേത്രമിരുന്ന സ്ഥലത്തു തന്നെയാണ് ഇന്ന് പാലയൂർ പള്ളി സ്ഥിതി ചെയ്യുന്നത്.

ക്രിസ്തുമതം സ്വീകരിച്ചവരിൽ പ്രധാനപ്പെട്ടവർ ശങ്കരപുരി, കള്ളി, കാളികാവ്, പകലോമറ്റം, കോയിക്കര, മാടമ്പുരു, വെമ്പിള്ളി, കോട്ടക്കര, കോലിക്ക തുടങ്ങിയ 32 ഇല്ലക്കാരാണ്. ശങ്കരപുരിയും പകലോമറ്റവും ആചാര്യന്മാരുടെ ജന്മഗ്രഹങ്ങളായി തോമ്മാശ്ലീഹ ഉയർത്തിയെന്ന് കല്യാണപാട്ടിൽ വിവരിച്ചിരിക്കുന്നു.

ശ്രേഷ്ഠ ബ്രാഹ്മണ വേദശാസ്ത്രികളും പൂജാദികർമ്മങ്ങൾ നടത്തുന്നതിൽ പ്രമുഖസ്ഥാനം അലങ്കരിച്ചിരുന്നവരും പകലോമറ്റം ഇല്ലക്കാരായിരുന്നു. വിശുദ്ധൻ അവർക്ക് മേല്പ്പട്ട സ്ഥാനം നല്കിയത് ഇക്കാരണങ്ങൾകൊണ്ടായിരിക്കാം. അവിശ്വസിച്ച മറ്റില്ലക്കാർ പാലയൂരിന്റെമേൽ ശാപം വർഷിക്കുകയും അവിടം വിട്ടുപേക്ഷിച്ച് 'വെമ്മേനാട്ട്' എന്ന സ്ഥലത്തേക്ക് മാറി അവിടെ പുതിയ മനകൾ സ്ഥാപിക്കുകയും ചെയ്തു. അങ്ങനെയാണ് അവിടെ 'പുതുമനശ്ശേരി' എന്ന സ്ഥലപ്പേരുണ്ടായത്. കണ്ടി, കാളം, ചെങ്ങലം, മുണ്ടം തുടങ്ങിയ ഇല്ലക്കാരായിരുന്നു അവർ. വിശ്വാസം സ്വീകരിക്കാതെയും സ്ഥലം വിട്ടുപോകാതെയുമിരുന്ന ഒരു മനക്കാർ മാത്രം പാലയൂരിൽതന്നെ തുടർന്നു താമസിച്ചു. ആ ഒരു മന നിന്നിരുന്ന സ്ഥലം പിന്നീട് 'ഒരുമനയൂർ' എന്ന പേരിൽ അറിയപ്പെട്ടു. പാലയൂരിൽനിന്ന് 1 കിലോമീറ്റർ തെക്കാണ് ഒരുമനയൂർ സ്ഥിതി ചെയ്യുന്നത്.

പാലയൂരിൽനിന്ന് സ്ഥലം വിട്ടുപോയവർ ശപിച്ച നാടിന് 'ശാപക്കാട്' എന്നും പേരുണ്ടായി. ഈ സ്ഥലം ഇന്ന് 'ചാവക്കാട്' എന്ന പേരിൽ അറിയപ്പെടുന്നു. ചാവക്കാടും പാലയൂരും ഇന്ന് രണ്ട് സ്ഥലങ്ങ

ളായി അറിയപ്പെടുകയും ചാവക്കാട് മുൻസിപ്പാലിറ്റിയുടെ ഒരു വാർഡായി പാലയൂർ സ്ഥിതി ചെയ്യുകയും ചെയ്യുന്നു.

ക്രിസ്തുവിന് 600 വർഷങ്ങൾക്ക് മുമ്പ് ജൂതന്മാർ കേരളത്തിൽ അധിവാസമുറപ്പിച്ചിരുന്നു. പേർഷ്യൻ രാജാവായിരുന്ന സൈറസിന്റെ മർദ്ദനത്തിൽനിന്ന് രക്ഷപെടാൻ വേണ്ടി അവിടംവിട്ടു പോന്നതാണിവർ. ജൂതന്മാരുടെ അധിവാസകേന്ദ്രങ്ങളിൽ ഒന്നായിരുന്നു പാലയൂർ. പാല യൂർ തന്റെ ജാതിയിലും വംശത്തിലുംപെട്ട യഹൂദരുടെ അധിവാസ കേന്ദ്രവും പ്രവർത്തനരംഗവുമാണെന്ന അറിവായിരിക്കാം വി. തോമ്മാ യെ കൊടുങ്ങല്ലൂരേക്കു വരുവാൻ പ്രേരിപ്പിച്ചത്. തോമ്മാശ്ലീഹായിൽ നിന്ന് ക്രിസ്തുവിന്റെ സുവിശേഷം അറിയുവാനിടയായ ഒരു വിഭാഗം യഹൂദർ ക്രിസ്തുമതം സ്വീകരിച്ചു. ശേഷിച്ചവർ ക്രമേണ സ്ഥലം വിട്ടു പോവുകയും ചെയ്തു.

ഇപ്പോൾ പാലയൂരിൽ ജൂതന്മാരോ അവരുടെ സിനഗോഗോ ഇല്ല. എങ്കിലും 'ജൂതൻ ബസ്സാർ' എന്ന പേരിൽ ഒരു സ്ഥലമുണ്ട്. ഇത് പണ്ട് 'ജൂതൻകുന്ന്' എന്ന പേരിലാണ് അറിയപ്പെട്ടിരുന്നത്. കാലാന്തരത്തിൽ കുന്ന് ഇല്ലാതായപ്പോൾ ജൂതൻ ബസ്സാറായതാണ്. ഈ കുന്നിലായിരുന്നു പുരാതന കാലത്തെ പാലയൂർ അങ്ങാടി. അങ്ങാടിയുടെ താഴെയുള്ള ഭാഗത്തിന് 'അങ്ങാടിത്താഴം' എന്ന പേര് ഇന്നും നിലനിൽക്കുന്നു.

# V

# പാലയൂരിൽനിന്ന് കാളികാവിലേക്ക്

അന്നത്തെ ബ്രാഹ്മണാധിപത്യവും ഭരണകാര്യങ്ങളിൽ അവർക്കുണ്ടായിരുന്ന സ്വാധീനവും കാരണം പാലയൂരിലെ ആദിമക്രിസ്ത്യാനികൾ പലവിധ പീഡനങ്ങൾക്ക് വിധേയരാകേണ്ടിവന്നു. മതപീഡനം കാരണം ചിലർ മതത്യാഗം ചെയ്തെങ്കിലും പലരും വിദൂര നാടുകളിലേക്ക് മാറിത്താമസിക്കുകയാണുണ്ടായത്.

ശങ്കരപുരി, കള്ളി, കാളികാവ്, പകലോമറ്റം എന്നീ ഇല്ലക്കാർ മതപീഡനത്തിൽനിന്നും രക്ഷപെടാൻവേണ്ടിയാണോ അതോ വർദ്ധിച്ചുവന്ന ജീവിതാവശ്യങ്ങളുടെ നിർവ്വഹണത്തിനു വേണ്ടിയാണോ പാലയൂരിനെ ഉപേക്ഷിച്ചത് എന്ന് നമുക്ക് അറിഞ്ഞുകൂടാ. ഈ നാല് ഇല്ലങ്ങളിൽനിന്നും കുറെ ആളുകൾ പാലയൂരിൽനിന്ന് അങ്കമാലി, കടമറ്റം, കടുത്തുരുത്തി വഴി തെക്കോട്ട് നീങ്ങി. ഏറ്റുമാനൂർ ക്ഷേത്ര സങ്കേതത്തിലുൾപ്പെട്ട ഏതെങ്കിലും സ്ഥലമായിരുന്നിരിക്കണം അവരുടെ ലക്ഷ്യം. ഒരുപക്ഷേ അവരുടെ ബന്ധുക്കളോ, പരിചിതരോ, സ്നേഹിതരോ അവിടെയുണ്ടായിരുന്നിരിക്കാം. അതും നമുക്കറിഞ്ഞുകൂടാ. ഏതായാലും ഏറ്റുമാനൂരിൽ എത്തിയ അവർ ക്ഷേത്രാധികാരികളെ സമീപിച്ച് അധിവാസത്തിനായി അനുവാദം ചോദിച്ചു. അതിനുകാരണം അക്കാലത്ത് ഭൂമിയുടെമേൽ ആധിപത്യവും ഭരണാധികാരവും ക്ഷേത്രങ്ങളെ കേന്ദ്രീകരിച്ചാണ് നടത്തിപ്പോന്നിരുന്നത്. അതുകൊണ്ട് ക്ഷേത്രാധികാരികൾ അവരെ ഏറ്റുമാനൂരിന് ഏതാനും മൈൽ വടക്കും കുറവിലങ്ങാടിന് തെക്കുമായി സ്ഥിതി ചെയ്യുന്ന കാളികാവ് എന്ന സ്ഥലത്തേക്കു പറഞ്ഞയച്ചു. അന്ന് കാളികാവിന്റെ പ്രാധാന്യം അതൊരു ഭദ്രകാളി ക്ഷേത്രം സ്ഥിതിചെയ്യുന്ന സ്ഥലമായിരുന്നു എന്നതാണ്. അധിവാസത്തിനായി ആരെങ്കിലും അവിടെ എത്തിയാൽ അവിടെ കഴിയേണ്ടിവരുന്ന ആദ്യരാത്രിയിൽ തന്നെ ഭൂതാക്രമണത്താലോ മറ്റു രീതിയിലോ മരണപ്പെട്ടിരിക്കും എന്ന് ക്ഷേത്രാധികാരികൾ വിശ്വസിച്ചിരുന്നതായും

പറയപ്പെടുന്നുണ്ട്.

എന്നാൽ, പുതിയ സ്ഥലത്തെത്തിയ നാലില്ലക്കാരായ ക്രൈസ്ത വർ ധ്യാനത്തിലും, പ്രാർത്ഥനയിലും മുഴുകി ആദ്യരാത്രി കാളികാവിൽ കഴിച്ചുകൂട്ടി. പിറ്റേദിവസം രാവിലെ അവർ സംതൃപ്തരായി കാണപ്പെട്ടത് ക്ഷേത്രാധികാരികളെയും മറ്റ് അക്രൈസ്തവരെയും അത്ഭുതപ്പെടുത്തി. തുടർന്ന് അവിടെ താമസിക്കുവാൻ ക്ഷേത്രാധികാരികൾ അവർക്ക് അനുവാദം നല്കി. അതനുസരിച്ച് കാളികാവ് ക്ഷേത്രപരിസരങ്ങളിലെ നാലുപറമ്പുകളിൽ അവർ താമസം ഉറപ്പിച്ചു. നാലില്ലക്കാരും പാലയൂരി ലെ പേരുകൾതന്നെ കാളികാവിലും ഉപയോഗിച്ചു. ഇത് തെളിയിക്കുന്ന സർക്കാർ റിക്കാർഡുകളിൽ ഇങ്ങനെ കാണുന്നു: "കാളികാവ് ക്ഷേത്ര ത്തിന് നേരെ വടക്കുകിഴക്കായി 179-ാം ലക്കം സർവ്വേ 519/8-ാം നമ്പർ പകലോമറ്റം പുരയിടവും..... 183-ഉം 184-ഉം ലക്കം സർവ്വേ 468/15, 468/16 നമ്പറുകളിലായി കള്ളിക്കൽ പുരയിടവും ഇവയ്ക്കടുത്ത് കാളികാവ്, ശങ്കരപുരി പുരയിടങ്ങളും സ്ഥിതി ചെയ്യുന്നു".

ഇങ്ങനെ നമ്മുടെ പൂർവ്വികർ A.D. രണ്ടാം നൂറ്റാണ്ടിന്റെ അവസാന ത്തിലോ മൂന്നാം നൂറ്റാണ്ടിന്റെ ആരംഭഘട്ടത്തിലോ ആയിരിക്കാം കുറവി ലങ്ങാട്ട് കാളികാവിൽ എത്തിച്ചേർന്നത് എന്നാണ് കുറവിലങ്ങാടിന്റെ ചരിത്രകാരനായ ഷെവലിയാർ വി.സി. ജോർജ് അഭിപ്രായപ്പെട്ടത്. ഇത് ശരിയായ ഒരഭിപ്രായമായി സ്വീകരിക്കുന്നതിൽ തെറ്റില്ലെന്നാണ് തോന്നുന്നത്. കാരണം, ഇന്നത്തേതുപോലെ യാത്രാസൗകര്യങ്ങൾ തീർത്തും ഇല്ലാതിരുന്ന അക്കാലത്ത്, പാലയൂരിൽനിന്ന് പുറപ്പെട്ട നമ്മുടെ പൂർവ്വികർ ഒറ്റയടിക്ക് കുറവിലങ്ങാട്ടെ കാളികാവിൽ എത്തിച്ചേർ ന്നു എന്ന് വിചാരിക്കാൻ ന്യായമില്ല. അവരുടെ ഭക്ഷ്യവസ്തുക്കൾ മറ്റു നിത്യോപയോഗസാധനങ്ങൾ വളർത്തുജന്തുക്കൾ, കുടുംബാംഗങ്ങൾ എന്നിവയോടൊത്തുള്ള യാത്ര, കൃഷി കാര്യങ്ങൾ ഒക്കെ വച്ചു നോക്കുമ്പോൾ പാലയൂരിൽനിന്ന് കാളികാവിലെത്താൻ ഒന്നോ രണ്ടോ നൂറ്റാണ്ടുകൾ എടുത്തുവെങ്കിൽ അധികമാകാനിടയില്ല. പണ്ട് ഇസ്രായേൽജനം ഈജിപ്റ്റിൽനിന്ന് കാനൻ ദേശത്ത് എത്തുവാൻ 40 സംവത്സരങ്ങൾ യാത്രചെയ്യേണ്ടിവന്നുവല്ലോ. അതിനു സമാനമായ ഒരു യാത്രതന്നെയാണ് നമ്മുടെ പൂർവ്വികർ പാലയൂരിൽനിന്ന് ഏകദേശം 2000 വർഷങ്ങൾക്കുമുമ്പ് കാളികാവിലേക്ക് നടത്തിയത് എന്നുവേണം കരുതാൻ.

# VI

# കാളികാവ് കുടുംബം കാളികാവ് ഗ്രാമത്തിൽ

മാർ തോമ്മാശ്ലീഹ കേരളത്തിൽ സുവിശേഷപ്രഘോഷണം നടത്തിയപ്പോൾ അദ്ദേഹം ഒരിക്കലെങ്കിലും കുറവിലങ്ങാട്ട് വരികയോ അവിടെ ഒരു ദേവാലയം (സഭാസമൂഹം) സ്ഥാപിക്കുകയോ ചെയ്തതായി ചരിത്രമോ ഐതിഹ്യമോ ഇല്ല. എന്നാൽ പാലയൂരിൽ വച്ച് വി. ശ്ലീഹായിൽനിന്ന് വിശ്വാസദീപം ഏറ്റുവാങ്ങിയ നാലില്ലക്കാരുടെ സന്തതി പരമ്പരകൾ ആദ്യ നൂറ്റാണ്ടുകളിൽതന്നെ കുറവിലങ്ങാട്ടിന് അടുത്തുള്ള കാളികാവിൽ വന്നു വസിക്കുവാനും, അവരിൽ ഗണ്യമായ ഒരു ഭാഗം പലകാലങ്ങളിലും അവസരങ്ങളിലുമായി കാളികാവിനടുത്തുള്ള കുറവിലങ്ങാട്, കളത്തൂർ, വയലാ, കടപ്പൂർ, ഇലയ്ക്കാട് തുടങ്ങിയ പ്രദേശങ്ങളിലും കേരളത്തിന്റെ നാനാഭാഗങ്ങളിലും മാറി താമസിക്കുവാനും ഇടയായിട്ടുണ്ട്. ഇപ്പോഴത്തെ കുറവിലങ്ങാട് പള്ളി A.D. 335-ൽ സ്ഥാപിതമായതായിട്ടാണ് ചരിത്രരേഖകൾ. അതുവരെ കാളികാവിലെ നാലില്ലക്കാരുടെ സന്തതിപരമ്പരകളും അവർമൂലം ക്രിസ്തുമതം സ്വീകരിച്ച അയൽവാസികളും തങ്ങളുടെ മതകർമ്മങ്ങൾ നിർവ്വഹിച്ചിരുന്നത് കാളികാവിൽ തന്നെയായിരുന്നു. 154-ാം ലക്കം സർവ്വേ 490/12 ഉൾപ്പെട്ട സ്ഥലത്തിന് വലിയപള്ളി എന്നാണ് സർക്കാർ രേഖകളിൽ പേരു കാണുന്നത്. പകലോമറ്റം, ശങ്കരപുരി കുടുംബങ്ങളിൽ നിന്ന് പുരുഷന്മാരെ മാർ തോമാശ്ലീഹ വൈദികസ്ഥാനത്തേക്ക് ഉയർത്തിയിരുന്നതുകൊണ്ട് പ്രസ്തുത കുടുംബങ്ങളിൽ വൈദികപരമ്പര തുടർച്ചയായി നിലനിന്നിരുന്നു.

കാളികാവ് ക്ഷേത്രത്തിന് അല്പം പടിഞ്ഞാറായി കുറ്റാരപ്പിള്ളി എന്നൊരു സ്ഥലമുണ്ട്. നാലില്ലക്കാരുടെ സന്തതികൾ ഉൾപ്പെട്ട "കൂറ്റാരുടെ" ഒരു ആരാധനസ്ഥലം അവിടെ ഉണ്ടായിരുന്നതുകൊണ്ടാണ് പ്രസ്തുത സ്ഥലത്തിന് ആ പേര് സിദ്ധിച്ചതെന്ന് പറയപ്പെടുന്നു. "കൂറ്റാർ"

എന്ന പദം കൂട്ടുകാർ അഥവ ആശയസാമ്യമുള്ളവർ എന്ന അർത്ഥ ത്തിൽ മുൻകാലങ്ങളിൽ ഉപയോഗിച്ചുപോന്നു. അങ്ങനെ കാളികാവിലെ "കൂറ്റാർ" - ക്രൈസ്തവ ആരാധനകേന്ദ്രമായി ഉപയോഗിച്ചിരുന്ന സ്ഥലം പിന്നീട് കൂറ്റാരപ്പള്ളി ആയിത്തീർന്നു.

A.D. 335-ൽ സ്ഥാപിതമായ കുറവിലങ്ങാട്ടെ ഇപ്പോഴത്തെ പള്ളിയിലെ ആരാധനക്രമങ്ങൾ, തിരുനാളാഘോഷങ്ങൾ തുടങ്ങിയ പരിപാടികളിൽ ഓരോ പ്രദേശത്തെയും ആളുകൾക്ക് പ്രത്യേകം പ്രത്യേകം അധികാരവകാശങ്ങൾ നല്കപ്പെട്ടിരുന്നു. അങ്ങനെ കാളികാവ് കുടുംബക്കാർക്ക് ലഭിച്ചിട്ടുള്ള അവകാശാധികാരങ്ങൾ ആണ് നേർച്ചക്കഞ്ഞിയും പാച്ചോറും തയ്യാറാക്കുക, അവ വിളമ്പുക, വി. രൂപങ്ങൾ തിരുനാൾ പ്രദക്ഷിണങ്ങളിൽ സംവഹിക്കുക തുടങ്ങിയവ. കൂടാതെ, മതപരമായ ചില പ്രധാന ദിവസങ്ങളിൽ കുറവിലങ്ങാട്ട് വലിയപള്ളിയുടെ കുരിശിങ്കൽ കുരിശിന്റെ അടിസ്ഥാനഭാഗം ചുറ്റിയുള്ള കരിങ്കൽ വിളക്കുകളിൽ എണ്ണയൊഴിച്ച് ദീപാർപ്പണം ചെയ്യുവാനുള്ള അവകാശവും കാളികാവ് കുടുംബക്കാർക്കുള്ളതായിരുന്നു. ഈ അധികാരാവകാശങ്ങളെല്ലാം നൂറ്റാണ്ടുകളിലൂടെ കാളികാവ് കുടുംബത്തിന്റെ സന്തതിപരമ്പരകൾ ഇന്നും അനുഭവിച്ചു വരുന്നു. ഇത് അഭിമാനകരവും അന്തസുറ്റതുമായ കാര്യമായി അവർ കണക്കാക്കുന്നു.

ആദ്യകാലങ്ങളിൽ മാർ തോമ്മാശ്ലീഹ ശങ്കരപുരി, പകലോമറ്റം കുടുംബക്കാരെയാണ് പൗരോഹിത്യപദവിയിലേക്ക് ഉയർത്തിയിരുന്ന തെങ്കിലും, പിന്നീട് കാളികാവ് കുടുംബാംഗങ്ങൾക്കും പുരോഹിതപദവി ലഭ്യമാവുകയും ഇന്ന് അനേകംപേർ കേരളത്തിന്റെയും ഭാരതത്തിന്റെ യും വിവിധ ഭാഗങ്ങളിൽ പ്രശംസാർഹമാംവിധം പുരോഹിതശുശ്രൂഷ നടത്തുകയും ചെയ്യുന്നുണ്ട്. കാളികാവ് മൂലകുടുംബത്തിലെ പരിഗണ നാർഹരായ വൈദികരിൽ ചിലരാണ് പീടിയേക്കൽ മല്പാനച്ചൻ എന്നറി യപ്പെടുന്ന യൗസേപ്പ് കത്തനാർ, കുറവിലങ്ങാട് പള്ളി വികാരി യായിരു ന്ന പീടിയേക്കൽ കൊച്ചേപ്പച്ചൻ, കത്തോലിക്ക, അകത്തോലിക്ക സഹോദരങ്ങൾക്കെല്ലാം ഒരുപോലെ സുപരിചിതനും പ്രിയങ്കരനുമാ യിരുന്ന ഫാ. ജോസഫ് പാറ്റാനി തുടങ്ങിയവർ.

പല ശതാബ്ദങ്ങൾക്കുമുമ്പ് കാളികാവ് കുടുംബാംഗങ്ങളിൽ പല രും പുളിംകുന്ന്, ചമ്പക്കുളം, കൈനകരി തുടങ്ങിയ കുട്ടനാടൻ പ്രദേശ

ങ്ങളിലേക്ക് കുറവിലങ്ങാട്ടുനിന്നും അയൽപ്രദേശങ്ങളിൽ നിന്നും താമസം മാറ്റി. ഇങ്ങനെ ദേശാന്തരഗമനം ചെയ്തവരുടെ സന്തതികൾ ഇപ്പോൾ എവിടെയെല്ലാം കാണപ്പെടുന്നുവെന്ന് കൃത്യമായി പറയുവാൻ സാധിക്കുകയില്ല. എന്നാൽ കുറവിലങ്ങാട്ടും പരിസര പ്രദേശങ്ങളിലും ചില കാലങ്ങളിൽ മറ്റു സ്ഥലങ്ങളിലുമായി നായ്ക്കൻ മാടം, പോരൂക്കര, മാപ്പിലശ്ശേരി, കുര്യാളശ്ശേരി, എടാട്ട്, വടക്കേക്കര, പൊതിട്ടേൽ, തോട്ടപ്ര, കിഴക്കാപുളിയ്ക്കൽ, തേനാശ്ശേരി, പീടിയേക്കൽ, പാറ്റാനി, അയ്ക്കര താഴത്ത് എന്നിങ്ങനെ കുട്ടനാട്ടിലെ പല കുടുംബങ്ങൾക്കും കുറവിലങ്ങാട്ടെ പുരാതന കാളികാവ് കുടുംബവുമായി വംശബന്ധമുണ്ടെന്നാണ് ചരിത്രം. ഒരു കാളികാവ് കുടുംബാംഗം ഒരു തോടിന്റെയോ നദിയുടെയോ ഒരു കരയിൽ കുറെക്കാലം താമസിച്ചു കഴിഞ്ഞപ്പോൾ മറ്റേക്കരയിൽ താമസിച്ചിരുന്ന സ്വന്തക്കാർ "പോരുഇക്കരക്ക്" എന്നു പറഞ്ഞതനുസരിച്ച് മറ്റേക്കരയിൽ ചെന്ന് താമസിച്ചതു കൊണ്ട് "പോരൂക്കര" കുടുംബനാമമുണ്ടായി എന്നൊരൈതിഹ്യമുണ്ട്.

കേരള സുറിയാനി കർമ്മലീത്ത സഭയുടെയും കേരളത്തിൽ മാർ യൗസേപ്പിതാവിന്റെ നാമത്തിൽ മാന്നാനത്ത് ആവിർഭവിച്ച സന്ന്യാസി മന്ദിരത്തിന്റെയും സ്ഥാപനത്തിൽ പോരൂക്കര കുടുംബാംഗങ്ങളായ തോമാമല്പാനും, കുര്യാക്കോസ് ഏലിയാസച്ചനും സ്തുത്യർഹമായ പങ്കാണ് വഹിച്ചിട്ടുള്ളത്. റോമിൽ ഉന്നതവിദ്യാഭ്യാസം കഴിഞ്ഞ് ബിരുദമെടുത്ത് കേരളത്തിൽ മടങ്ങിയെത്തിയ ആദ്ധ്യാത്മികാചാര്യൻ, ഭാരതത്തിൽ, പ്രത്യേകിച്ചും കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ, സേവനം നിർവ്വഹിക്കുന്ന ദിവ്യകാരുണ്യ ആരാധന സന്യാസ സമൂഹത്തിന്റെ സ്ഥാപകൻ, 1911-ൽ ചങ്ങനാശ്ശേരി വികാരിയാത്ത് രൂപംകൊണ്ടപ്പോൾ അതിന്റെ പ്രഥമ വികാരി അപ്പസ്തോലിക് ആയി നിയമിക്കപ്പെട്ട് പിന്നീട് ചങ്ങനാശ്ശേരി രൂപതയുടെ മെത്രാനും, സർവ്വോപരി ഇപ്പോൾ ദൈവദാസ പദവിയിൽ പരിലസിക്കുന്ന വ്യക്തിയുമായ മാർ തോമസ് കുര്യാളശ്ശേരി, കാളികാവ് കുടുംബത്തിന്റെ ശാഖയായ കുര്യാളശ്ശേരി തറവാടിന്റെ അഭിമാനസ്തംഭമായിരിക്കുന്നതുപോലെ താമരശ്ശേരി രൂപതയുടെ മെത്രാനായിരുന്ന മാർ സെബാസ്റ്റ്യൻ മങ്കുഴിക്കരി, അദ്ദേഹത്തിന്റെ പിതൃസഹോദരൻ പ്രശസ്ത ധ്യാനപ്രസംഗകൻ ഫാ. മാത്യു മങ്കുഴിക്കരി എന്നിവരും കാളികാവ് കുടുംബത്തിന്റെ സ്നേഹസന്താനങ്ങളും പ്രശസ്തരുമായ വ്യക്തികളുമാണ്.

# VII

# കുര്യാളശ്ശേരി കുടുംബം ചമ്പക്കുളത്ത്

മാർത്തോമ്മാശ്ലീഹായാൽ സ്ഥാപിതമായ ഏഴു പള്ളികളെ (സഭാ സമൂഹങ്ങളെ) ഒഴിവാക്കിയാൽ പ്രാചീനത്വംകൊണ്ട് പ്രസിദ്ധങ്ങ ളായ ദേവാലയങ്ങളിൽ ഒന്നാണ് ചമ്പക്കുളം പള്ളി. A.D. നാലാം നൂറ്റാ ണ്ടിന്റെ അവസാനത്തിൽ കടുത്തുരുത്തി, അരുവിത്തുറ, കുറവിലങ്ങാട്, മൈലക്കൊമ്പ് എന്നീ പള്ളികളും, അഞ്ചാം നൂറ്റാണ്ടിന്റെ ആദ്യകാലത്ത് ചമ്പക്കുളം, ഉദയംപേരൂർ, ഇടപ്പിള്ളി പള്ളികളും സ്ഥാപിതമായതായിട്ടാണ് രേഖകളിൽ കാണുന്നത്. ഭാരതത്തിലെ പള്ളികളെ ചരിത്രപരമായി തരംതിരിച്ചാൽ ചമ്പക്കുളം പള്ളി (കല്ലൂർക്കാട്) (ചമ്പക്കുളത്തിന്റെ മറ്റൊരു പേരാണ് കല്ലൂർക്കാട്) രണ്ടാംഗണത്തിൽ പെടുന്നതാണ്. ആദ്യത്തെ ഏഴു പള്ളികൾ ഒന്നാം ഗണത്തിലും.

ഒരു കാലത്ത് കേരളത്തിന്റെ പ്രധാന നെല്ലറയായിരുന്നു കുട്ടനാട്. മിക്കവാറും ജലാവൃതമായ ഒരു പ്രദേശമാണ് അത്. പണ്ട്, വടക്ക് പൊന്നാനി മുതൽ തെക്ക് കൊല്ലം വരെയുള്ള കേരളത്തിന്റെ ഭൂഭാഗത്തെ കുട്ടനാട് എന്നാണ് പറഞ്ഞിരുന്നത്. എന്നാൽ ഇന്ന് കുട്ടനാട് കേരള ത്തിന്റെ ഒരു താലൂക്ക് മാത്രമായി ചുരുങ്ങിയിരിക്കുന്നു. കുട്ടനാട്ടിൽകൂടി ഒഴുകി വേമ്പനാട്ടുകായലിൽ ചേരുന്ന കല്ലൂർക്കാട്ടാറിന്റെ (പമ്പാനദി, മണിമലയാർ എന്നൊക്കെ ചില രേഖകളിൽ ഇതിന് പേരുകൾ പറഞ്ഞു കാണുന്നുണ്ട്) പടിഞ്ഞാറെക്കരയിൽ എ.ഡി. അഞ്ചാം നൂറ്റാണ്ടുവരെ മദ്ധ്യകേരളം ഭരിച്ചിരുന്ന ചേരരാജാക്കന്മാർ ക്രിസ്ത്യാനികൾക്ക് ദാനമായി നല്കിയെന്നു വിശ്വസിക്കപ്പെടുന്ന കല്ലൂർക്കാട്ട് പുരയിടത്തിൽ A.D. 427-ൽ സ്ഥാപിതമായതാണ് കല്ലൂർക്കാട്ട് പള്ളി എന്നാണ് ആ പള്ളിയു ടെ ആദ്യകാല ചരിത്രം. ഇതിനു വരമൊഴി രേഖകൾ ഒന്നും ഇല്ലെങ്കിൽതന്നെയും ഈ ദേവാലയത്തിന്റെ പൗരാണികതയേയോ പ്രാമാണികതയേയോ ചോദ്യം ചെയ്യുവാനോ നിഷേധിക്കുവാനോ ആർക്കും കഴിയുന്നതല്ല.

A.D. 400-ാം ആണ്ടുമുതൽ ക്രിസ്ത്യാനികൾ ഇവിടെ കുടിയേറിപ്പാർത്തിരുന്നുവെന്നാണ് പറയപ്പെടുന്നത്. ഇവർ കൊല്ലം, നിലയ്ക്കൽ, കുറവിലങ്ങാട്, കടുത്തുരുത്തി, കൊടുങ്ങല്ലൂർ, ഇടപ്പിള്ളി പ്രദേശങ്ങളിൽ നിന്ന് വന്നവരാണെന്നാണ് പറയുന്നത്. അന്ന്, ഇവിടെ അധിവസിച്ചിരുന്ന ക്രിസ്ത്യാനികൾക്ക് അവരുടെ ആത്മീയാവശ്യ നിർവ്വഹണങ്ങൾക്കായി 25 കിലോമീറ്റർ അകലെയുള്ള നിരണം പള്ളിയെ ആശ്രയിക്കേണ്ടിയിരുന്നു. കല്ലൂർക്കാട്ട് ക്രിസ്ത്യാനികൾ വർദ്ധിച്ചപ്പോൾ, നിരണത്തേക്കുള്ള അവരുടെ യാത്രാക്ലേശം പരിഹരിക്കുവാനായി കല്ലൂർക്കാട്ട് ഒരു ദൈവാലയം സ്ഥാപിക്കുവാൻ അവർ ആഗ്രഹിച്ചു. കൃഷി, കച്ചവടം തുടങ്ങിയ എല്ലാ കാര്യങ്ങളിലും ഇവിടത്തെ ക്രിസ്ത്യാനികൾ ഇതരമതസ്ഥരുമായി വളരെ സ്നേഹത്തിലും സൗഹാർദ്ദത്തിലുമാണ് കഴിഞ്ഞിരുന്നത്. തന്നെയല്ല, അന്നത്തെ ഭരണകർത്താക്കളും ക്രിസ്ത്യൻ മാടമ്പികളും പ്രമാണികളും തമ്മിൽ അടുത്തബന്ധവും സ്വാധീനവും പുലർത്തിയിരുന്നു. ഇതിന്റെയെല്ലാം പ്രധാന കാരണം ക്രിസ്ത്യാനികളുടെ സ്നേഹവും, സത്യസന്ധതയും, പ്രവൃത്തിപരമാർത്ഥതയുമായിരുന്നു. ഈ സാഹചര്യങ്ങൾ എല്ലാം ക്രിസ്ത്യാനികൾക്ക് ചമ്പക്കുളത്ത് പുതിയ ദൈവാലയം പണിയുവാൻ സഹായകമായി ഭവിച്ചു. അങ്ങനെ A.D. 427-ാം ആണ്ടിൽ പരിശുദ്ധ കന്യകാമതാവിന്റെ നാമത്തിൽ പുതിയ ദൈവാലയത്തിന് കല്ലിട്ടു പണി ആരംഭിച്ചു. പിൽക്കാലത്ത് ഈ ദേവാലയം പുഷ്പറോസ് മാതാവിന്റെ പള്ളിയെന്ന് വിളിക്കപ്പെട്ടു. ശമ്പക്കുളം/ചമ്പക്കുളം/കല്ലൂർക്കാട് പള്ളി എന്നൊക്കെ ഈ ദൈവാലയം അറിയപ്പെടുന്നുണ്ട്. A.D. 427-ന് ശേഷം മൂന്നാംപ്രാവശ്യം നവീകരിക്കപ്പെട്ട ചമ്പക്കുളം ദൈവാലയമാണ് ഇന്നു നാം അവിടെ ദർശിക്കുക.

ചമ്പക്കുളത്തിന്റെ സാഹചര്യങ്ങൾ ഇങ്ങനെയായിരിക്കേ നൂറ്റാണ്ടുകളായി കുറവിലങ്ങാട്ട് അധിവസിച്ചിരുന്ന കാളികാവ് കുടുംബത്തിൽനിന്നു കുര്യാള എന്നു പേരായ ഒരു യുവാവിനെയും സഹോദരൻ ചാക്കോ എന്നു പേരായ ഒരു പട്ടക്കാരനേയും കുര്യാളയുടെ മക്കളായ തൊമ്മൻ, കോശി എന്നിവരെയും നെൽകൃഷി പ്രോത്സാഹനാർത്ഥം കുടുംബസഹിതം A.D. 1545-ൽ കൊല്ലവർഷം 720-ാമാണ്ടിൽ അന്നത്തെ ചെമ്പകശ്ശേരി രാജാവ് ചങ്ങനാശ്ശേരിക്ക് അടുത്തുള്ള ചമ്പക്കുളത്ത് കൊണ്ടുവന്ന് കല്ലുർകാട്ടാറിന്റെ തീരത്ത് കല്ലൂർക്കാട്ചേരി

എന്ന സ്ഥലത്ത് താമസിപ്പിച്ചു. ടി പുരയിടത്തിന് കുര്യാളചേരി എന്ന പേരും കല്പിച്ചു. അനുഭവവസ്തുക്കളും വിരുത്തിനിലങ്ങളും കല്പിച്ചു കൊടുത്തു. ആ പേര് നൂറ്റാണ്ടുകളിലൂടെ ഇന്നും നിലനിന്നു പോരുന്നു.

ആദ്യകാലത്തുള്ള എഴുത്തുകുത്തുകളിലും പ്രമാണരേഖകളിലും "കുറവിലങ്ങാട്ടു കരയിൽ കാളികാവുങ്കൽ തറവാട്ടിൽ നിന്നും അമ്പല പ്പുഴ, നെടുമുടി തെക്കേമുറി കുര്യാളചേരിൽ റോമൻ കത്തോലിക്ക കൽദായ സുറിയാനി വടക്കുംഭാഗം (പേര്) നസ്രാണി മാഹാപിള്ള" എന്ന് എഴുതിയിരുന്നതായി കാണുന്നുണ്ട്.

കുര്യാളശ്ശേരി കുടുംബം കുറവിലങ്ങാട്ട് കാളികാവ് കുടുംബ ത്തിൽനിന്ന് വന്നവരാണ് എന്നുള്ളത് പ്രസിദ്ധ ചരിത്രകാരന്മാരായ റവ.ഫാ. ബർണാഡ് T.O.C.D. യുടേയും ഷെവലിയാർ വി.സി. ജോർജ്ജി ന്റെയും (കുറവിലങ്ങാട് മർത്തമറിയം പള്ളിയും കേരള നസ്രാണികളും) പുസ്തകങ്ങളിൽ പറയുന്നുണ്ട്. കൂടാതെ കുട്ടനാടിന്റെ ഇതിഹാസകാ രൻ പത്മശ്രീ തകഴി ശിവശങ്കരപ്പിള്ള തന്റെ അതിബൃഹത്തായ 'കയർ' എന്ന നോവലിന്റെ രചനയ്ക്കായി കൊല്ലവർഷം 1038-ലെ (A.D. 1862) റെവന്യു റിക്കാർഡുകൾ പരിശോധിച്ചപ്പോൾ നെല്കൃഷി നടത്തുന്ന നിലങ്ങളുടെ ഉടമസ്ഥാവകാശമുള്ള ചമ്പക്കുളത്തെ മൂന്ന് സുറിയാനി കത്തോലിക്കാ കുടുംബങ്ങളെപ്പറ്റി വിവരം ലഭിച്ചതായി തകഴി പറയുക യുണ്ടായി. ജീരകശ്ശേരി, മാപ്പിലശ്ശേരി, കുര്യാളചേരി എന്നിവയായിരുന്നു ആ കുടുംബങ്ങൾ.

ഇങ്ങനെ 1545-ൽ അന്നത്തെ ചെമ്പകശ്ശേരി രാജാവിനാൽ ചമ്പ ക്കുളത്ത് കുടിയിരുത്തപ്പെട്ട കുര്യാളയുടേയും മക്കളുടേയും പിൻതല മുറക്കാരെ സംബന്ധിച്ച് 1765 വരെയുള്ള ചരിത്രം ലിഖിത രേഖകളുടെ അഭാവത്തിൽ നമുക്ക് അജ്ഞാതമാണ്. എങ്കിലും കുര്യാളശ്ശേരി കുടും ബത്തിന്റെ ശാഖകളെന്ന് അവകാശപ്പെടുന്ന വളരെയേറെ കുടുംബ ങ്ങൾ ചമ്പക്കുളത്തും അതുപോലെതന്നെ വിദൂരസ്ഥലങ്ങളിലും ഇപ്പോ ഴുമുണ്ട്. ചമ്പക്കുളത്ത് അധിവസിക്കുന്ന വീട്ടുകാർ പുത്തറ, മന്നത്തറ, കൊറന്തറ, തുമ്പ തുടങ്ങിയവരാണ്. കൂടാതെ, കോഴിക്കോട് ജില്ലയിലെ കൂടരഞ്ഞിയിലും, കർണ്ണാടകയിലെ ഗിണ്ടിബാഗിലും, ഇടുക്കി ജില്ലയിലെ മച്ചിപ്ലാവിലും കല്ലാർ പഞ്ചായത്തിലും കുര്യാളശ്ശേരി കുടുംബാംഗങ്ങൾ അധിവസിക്കുന്നുണ്ട്.

# VIII

# കുര്യാള കുടുംബത്തിൽനിന്ന് ഒരാൾ മൂവാറ്റുപുഴയിലേക്ക്

മുന്നദ്ധ്യായത്തിൽ സൂചിപ്പിച്ചവിധം ചമ്പക്കുളത്ത് അധിവാസം ഉറപ്പിച്ച കുര്യാളയുടെ ഏതാനും തലമുറകൾക്കുശേഷം കുര്യാളയുടെ പിൻമുറക്കാരിൽ ഒരംഗം തന്റെ ഭാര്യയോടും ഏഴ് ആൺമക്കളോടും കൂടി (പെൺമക്കളെക്കുറിച്ച് പറഞ്ഞുകേൾവിയില്ല) മൂവാറ്റുപുഴയുടെ പ്രാന്തപ്രദേശത്തുള്ള കാരക്കുന്നം പള്ളിയുടെ (ഇപ്പോഴത്തെ യാക്കോബായ പള്ളി) താഴെ പള്ളിത്താഴത്ത് എന്ന വീട്ടുപേരിൽ വന്നു താമസമാക്കിയതായിട്ടാണ് കാരണവന്മാർ പറഞ്ഞുതന്നിട്ടുള്ളത്.

17, 18, 19 നൂറ്റാണ്ടുകളിൽ നാടുവാഴികൾ എന്ന പേരിൽ കർത്താക്കന്മാരും, കൈമൾമാരും, നായർ മാടമ്പികളുമൊക്കെയാണ് നാട് ഭരിച്ചിരുന്നത്. ക്രമീകൃതവും വ്യവസ്ഥാപിതവുമായ ഒരു ഭരണരീതി അന്ന് നിലവിലില്ലായിരുന്നു. കയ്യൂക്കുള്ളവൻ കാര്യക്കാരൻ എന്നതായി രുന്നു അന്നത്തെ രീതി. കർത്താക്കന്മാരും, കൈമൾമാരും, ഇടപ്രഭുക്കളുമൊക്കെ ഭരണീയരുടെമേൽ അനിയന്ത്രിതമായ അധികാരങ്ങളാണ് കയ്യാളിയിരുന്നത്. അവർ ഭരണീയരായ ജനങ്ങളുടെമേൽ എന്തു ക്രൂരത കാണിച്ചാലും ആരും അവരെ ചോദ്യം ചെയ്തിരുന്നില്ല. ശക്തന്മാരായ ഭരണകർത്താക്കൾ അയൽനാടുകൾ വെട്ടിപ്പിടിച്ചും, അന്യായ കയ്യേറ്റങ്ങൾ നടത്തിയും തങ്ങളുടെ ഭരണസീമകൾ വർദ്ധിപ്പിച്ചുകൊണ്ടിരുന്നു. അന്ന് ഭരണീയരിൽ ഒരാൾ ഏതെങ്കിലും കുറ്റകൃത്യത്തിൽ ഉൾപ്പെടുവാൻ ഇടയായാൽ, നിലവിലുള്ള അധികാരിയുടെ ഭരണസീമക്കപ്പുറം കടന്നാൽ ശിക്ഷയിൽനിന്ന് രക്ഷപെടാൻ കഴിയുന്ന അവസ്ഥ നിലവിലുണ്ടായിരുന്നു.

A.D. 1100-ാം മണ്ടോടടുത്ത് മദ്ധ്യതിരുവിതാകൂറിൽ ഉൾപ്പെടുന്ന വെമ്പേലിനാട് എന്നറിയപ്പെടുന്ന ഭൂപ്രദേശം തെക്കുംകൂറെന്നും വടക്കുംകൂറെന്നും രണ്ടായി പിരിഞ്ഞു. ഇന്നത്തെ ചങ്ങനാശ്ശേരി, കാഞ്ഞിരപ്പിള്ളി, തിരുവല്ല, കോട്ടയം എന്നീ താലൂക്കുകളും മീനച്ചിൽ താലൂക്കിന്റെ

ഒരു ഭാഗവും ഇടുക്കി ജില്ലയിലെ ഹൈറേഞ്ചും ചേർന്നതായിരുന്നു തെക്കുംകൂർ. അതുപോലെ വെമ്പേലി നാടിന്റെ വടക്കേഭാഗമായിരുന്നു വടക്കുംകൂർ. മീനച്ചിൽ താലൂക്കിന്റെ ഒരു ഭാഗവും, ഏറ്റുമാനൂർ, വൈക്കം പ്രദേശങ്ങളും ഇന്നത്തെ മൂവാറ്റുപുഴ താലൂക്കും തൊടുപുഴ താലൂക്കും ഇതിലുൾപ്പെട്ടിരുന്നു. തൊടുപുഴ യ്ക്കടുത്തുള്ള കാരിക്കോട് തലസ്ഥാനമായിരുന്ന കീഴ്മലനാട് 1600-നടുത്ത് വടക്കുംകൂറിൽ ലയിച്ചു. വടക്കുംകൂർ രാജ്യം അതിന്റെ പ്രതാപകാലത്ത് പടിഞ്ഞാറു വേമ്പനാട്ട് കായൽ മുതൽ കിഴക്ക് പാണ്ടി രാജ്യത്തിന്റെ പടിഞ്ഞാറെ അതിർത്തിവരെയും തെക്ക് തെക്കുംകൂറ് മുതൽ വടക്ക് കോതമംഗലം വരെയും വ്യാപിച്ചിരുന്നു. ഈ പ്രദേശങ്ങളി ലെല്ലാം നല്ലയിനം കുരുമുളക് വിളഞ്ഞിരുന്നതുകൊണ്ട് കുരുമുളകുനാട് എന്നാണ് ഈ പ്രദേശം അറിയപ്പെട്ടിരുന്നത്. അതുപോലെതന്നെ മൂവാറ്റുപുഴയും കോതമംഗലവും ഉൾപ്പെട്ടിരുന്ന ഈ പ്രദേശങ്ങൾ അന്നത്തെ വാണിജ്യ വ്യവസായ കേന്ദ്രങ്ങളുമായിരുന്നു.

ഈ സാഹചര്യത്തിൽ നമ്മുടെ പൂർവ്വികർ ചമ്പക്കുളത്തു നിന്ന് മൂവാറ്റുപുയിൽ കുടിയേറാനുണ്ടായ കാരണം ഏതെങ്കിലും ശിക്ഷയിൽ നിന്ന് രക്ഷപെടാൻ വേണ്ടിയാണോ അതോ അന്ന് ഇവിടെ നിലനിന്നിരുന്ന കൃഷി, വ്യവസായ സൗകര്യങ്ങൾ മുന്നിൽകണ്ടുകൊ ണ്ടാണോ എന്നൊന്നും നമുക്കറിഞ്ഞുകൂടാ.

ഏതായാലും നമ്മുടെ പൂർവ്വികർ ചമ്പക്കുളത്തുനിന്നും 350 വർഷങ്ങൾക്കുമുമ്പ് അതായത് 17-ാം നൂറ്റാണ്ടിന്റെ പൂർവ്വാർത്ഥത്തിൽ മൂവാറ്റുപുഴയിൽ എത്തിചേർന്നിട്ടുണ്ട് എന്നുവേണം അനുമാനിക്കു വാൻ. അന്ന് ഇന്നത്തേതുപോലെ റോഡോ, വഴിയോ, വാഹനങ്ങളോ ഒന്നും കാര്യമായി ഉണ്ടായിരുന്നില്ല. ആകെയുള്ള മാർഗ്ഗം ജലാശയങ്ങളിലൂടെയുള്ള വള്ളങ്ങളും ബോട്ടുകളുമായിരുന്നു. അതും പ്രകൃതിയുടെ അനുകൂല പ്രതികൂല സാഹചര്യങ്ങൾക്ക് വിധേയമായി മാത്രം. നമ്മുടെ പൂർവ്വികർക്ക് ചമ്പക്കുളത്തുനിന്ന് വേമ്പനാട്ടുകായൽ വഴി യാത്ര ചെയ്യേണ്ടിയിരുന്നു. മറ്റു ഗതാഗത മാർഗ്ഗങ്ങളായ റോഡുകൾ, പാലങ്ങൾ, മോട്ടോർ വാഹനങ്ങൾ തുടങ്ങിയവയുടെ സ്ഥിതിഗതികൾ കേരളത്തെ സംബന്ധിച്ച് പൊതുവേയും, മൂവാറ്റുപുഴയേയും അതിന്റെ പ്രാന്തപ്രദേശങ്ങളെ സംബന്ധിച്ചു പ്രത്യേകിച്ചും എങ്ങനെ എന്നറിയുന്നത് മൂന്നു നൂറ്റാണ്ടുമുമ്പുള്ള ഈ രംഗത്തെ അവസ്ഥയെ ക്കുറിച്ച് ഊഹിച്ചറിയുവാൻ നമ്മെ സഹായിക്കുമെന്നതുകൊണ്ട് അല്പം കാര്യങ്ങൾ താഴെ ചേർക്കുന്നു.

# IX

# കേരളം, മൂവാറ്റുപുഴ, കാരക്കുന്നം 17, 18, 19 നൂറ്റാണ്ടുകളിൽ

17, 18, 19 നൂറ്റാണ്ടുകളിൽ കേരളത്തിൽ സംഘടിതമായ ഒരു കേന്ദ്ര ഭരണം ഉണ്ടായിരുന്നില്ല. നാടുവാഴികളും, കർത്താക്കന്മാരും, കൈമൾമാരും ഒക്കെയാണ് നാടുഭരിച്ചിരുന്നത്. ഇവരെല്ലാം അനിയന്ത്രിതമായ അധികാരം ഭരണീയരുടെമേൽ നടത്തിയിരുന്നു. അവരെ ചോദ്യം ചെയ്യുവാൻ രാജാക്കന്മാർപോലും തയ്യാറായിരുന്നില്ല. അതുകൊണ്ട് സാധാരണ ജനത്തിന്റെ ജീവിതാവസ്ഥ അതീവശോചനീയമായിരുന്നു. യുദ്ധാവസരങ്ങളിൽ രാജാക്കന്മാർക്ക് സൈന്യത്തെ നല്കുക കർത്താക്കന്മാരുടെയും മാടമ്പിമാരുടെയും ചുമതലയായിരുന്നു. അതുകൊണ്ട് കരകൾതോറും കളരികൾ സ്ഥാപിച്ച് യുവാക്കന്മാർക്ക് സ്ത്രീപുരുഷഭേദമില്ലാതെ കുട്ടിക്കാലം മുതൽ അവർ പരിശീലനം നല്കിയിരുന്നു. പല സമുദായങ്ങളും ദായക്രമത്തിൽ മരുമക്കത്തായ സമ്പ്രദായം സ്വീകരിച്ചിരുന്നു. അന്നത്തെ സ്ത്രീകൾക്കിടയിൽ ബഹുഭർതൃസമ്പ്രദായം സാധാരണമായിരുന്നു. ജാതിസമ്പ്രദായം സജീവമായിരുന്നു. നമ്പൂതിരിക്കുടുംബങ്ങളിലേ മൂത്തപുത്രനു മാത്രമേ സ്വസമുദായത്തിൽനിന്ന് വിവാഹം ചെയ്യുവാൻ അവകാശമുണ്ടായിരുന്നുള്ളൂ. മറ്റുള്ളവർക്ക് നായർ, ക്ഷത്രിയർ, അമ്പലവാസികൾ തുടങ്ങിയ സമൂഹത്തിലെ സ്ത്രീകളുമായി സംബന്ധത്തിൽ ഏർപ്പെട്ടു കഴിയണമായിരുന്നു. മാന്യതയ്ക്കും അന്തസിനും ചേർന്നതല്ലെന്ന കാരണംപറഞ്ഞ് വാണിജ്യത്തിലും കച്ചവടത്തിലും ശാരീരികാധ്വാനമുള്ള തൊഴിലുകളിലും നായന്മാർ ഏർപ്പെട്ടിരുന്നില്ല. അക്കാരണത്താൽ അവരുടെ സാമ്പത്തികനിലയും തൃപ്തികരമാ

യിരുന്നില്ല. ഓടുമേയാനുള്ള അവകാശം നായന്മാർക്ക് നിഷേധിക്കപ്പെട്ടിരുന്നതുകൊണ്ട് ഓലമേഞ്ഞതായിരുന്നു അവരുടെ വീടുകൾ.

# ഇടപ്രഭുക്കന്മാരുടെ ദുർഭരണം

കേരളത്തിൽ ബ്രിട്ടീഷ് ഭരണം നടപ്പാകുന്നതിനുമുമ്പ്, രാജഭരണ കാലത്തും അതിനുമുമ്പ് ചേരസാമ്രാജ്യങ്ങളുടെ കാലത്തും, ഇടപ്രഭുക്കന്മാർ (കർത്താക്കൾ, മാടമ്പിമാർ, കൈമൾമാർ) ഉണ്ടായിരുന്നല്ലോ. മിക്ക കർത്താക്കന്മാരും രാജകുടുംബാംഗങ്ങളോ അവരുടെ പിൻമുറക്കാരോ ആയിരുന്നു. യുദ്ധമുണ്ടാകുമ്പോൾ രാജാക്കന്മാർക്ക് യോദ്ധാക്കളെ നല്കുന്നത് ഇടപ്രഭുക്കളായിരുന്നു (രാജാക്കന്മാർക്ക് സ്ഥിരം സൈന്യമുണ്ടായിരുന്നില്ലല്ലോ). തന്മൂലം ഇടപ്രഭുക്കൾ തങ്ങളുടെ അധികാരത്തിൽപ്പെട്ട ജനങ്ങളോട് എന്തു ദുഷ്ടത കാണിച്ചാലും ചോദ്യം ചെയ്യാൻ രാജാക്കന്മാർക്ക് സാധിക്കുമായിരുന്നില്ല. കൊല്ലും (വധിപ്പിക്കൽ) കൊലയും (വധിക്കൽ) നടത്തി ഭരിക്കുന്ന പ്രഭുക്കൾ ഭരണീയരെ മൃഗങ്ങളെപ്പോലെയാണ് കരുതിയിരുന്നത്. രണ്ടാം ചേരസാമ്രാജ്യം അസ്തമിച്ചതു മുതൽ (എ.ഡി. 1102) കർത്താക്കന്മാർ തന്നിഷ്ടംപോലെ നാടുകൾ ഭരിച്ചുപോന്നു.

കർത്താക്കന്മാരുടെ വാഴ്ചക്കാലത്ത് സാധാരണക്കാർക്ക് നല്ല വീടുണ്ടാക്കാൻ അവകാശമില്ലായിരുന്നു. പ്രൊട്ടസ്റ്റന്റ് മിഷനറിമാർ (ബസൽമിഷൻ) ഓടുനിർമ്മാണം തുടങ്ങി. പക്ഷേ, ഓടുമേയാൻ എല്ലാവർക്കും സാധിച്ചില്ല! മഞ്ഞൾ അധികാരത്തിന്റെ അടയാളമായിരുന്നു. അത് രോഗങ്ങൾ തടയുകയും സൗന്ദര്യം വർദ്ധിപ്പിക്കുകയും ചെയ്യുന്നതുകൊണ്ട് സാധാരണക്കാർക്ക് മഞ്ഞൾ ഉപയോഗിക്കാൻ അനുവാദമില്ലായിരുന്നു. ഇടപ്രഭുവിന്റെ സേവകന്മാർ വീടുകളിൽച്ചെന്ന് അരകല്ലിൽ ചുണ്ണാമ്പ് തേച്ചുനോക്കും. ചുമപ്പുനിറം കണ്ടാൽ മഞ്ഞളരച്ചുവെന്ന് തെളിവായി. ഉടനെ ഗൃഹനായകനെ കൊണ്ടുപോയി കൊലച്ചോറ് കൊടുത്ത് വധിക്കും. “മഞ്ഞളരയ്ക്കുക” എന്ന ഒരു ശൈലി ഈ സാഹചര്യത്തിലുണ്ടായതാണ്. മഞ്ഞൾ അധികാരത്തിന്റെ അടയാളമായതുകൊണ്ട് പില്ക്കാലത്ത് ക്രിസ്ത്യാനികൾ അടിമകളുടെമേലുള്ള അവകാശം തെളിയിക്കാൻ അവരെക്കൊണ്ട് മഞ്ഞൾ നടീച്ചിരുന്നു.

ഒരുകാലത്ത് ചില സ്ഥലങ്ങളിൽ അരിഭക്ഷണം പ്രഭുക്കന്മാർക്ക്

മാത്രമുള്ളതായിരുന്നു. സാധാരണക്കാർ ചാമയും വരകും മറ്റും തിന്നു കഴിയേണ്ടിവന്നു. പല കുടുംബങ്ങളിലും അറകളിൽ മൺഭരണികളി ലാണ് അരി കഴുകി കാടി ഒഴിച്ചിരുന്നത്. പുറത്ത് ഒഴിക്കുന്നത് കണ്ടാൽ കുറ്റമായിത്തീരും!

ഏനാനല്ലൂർ മുതൽ വാഴക്കുളം, മണിയന്ത്രം, കല്ലൂർക്കാട്, കുമാര മംഗലം മുതലായ സ്ഥലങ്ങളുടെ ഭരണാധികാരികളായിവാണ മഞ്ഞ ള്ളൂർ കർത്താക്കന്മാർ (എടത്തിൽ കർത്താവ്) ആളുകളെ കൊന്നൊടു ക്കാൻ പല ഉപായങ്ങളും പ്രയോഗിച്ചിരുന്നു. എടത്തിനു സമീപത്തുള്ള വഴിയിൽ ഒരു അറഞ്ഞാണം ഇട്ടിട്ട് സേവകരെ കാവലേല്പിക്കും. ആരെ ങ്കിലും ആ വഴിയേ പോകുമ്പോൾ അതു കണ്ടെടുത്താൽ സേവകൻ ചാടിവീഴും. “ഇത് എടത്തിലേതാണെന്ന് അറിവില്ലേ? എന്തിനെടുത്തു?” എന്നു ചോദിച്ചുകൊണ്ട് അയാളെ എടത്തിൽ കൊണ്ടുപോയി കൊല ച്ചോറൂട്ടിയിട്ട് വധിക്കും. പിന്നെയും അരഞ്ഞാണം വഴിയിലിട്ടിരിക്കും. പിന്നീട് വരുന്നവർ മുമ്പിലത്തെ സംഭവം കേട്ടു ഭയന്നിട്ട് അരഞ്ഞാണം കണ്ടാൽ എടുക്കുകയില്ല. ഉടനെ സേവകൻ പ്രത്യക്ഷപ്പെട്ട് ചോദിക്കും : “നീ വഴിയിൽ ഒരു അരഞ്ഞാണം കണ്ടോ? കണ്ടിട്ട് എന്തുകൊണ്ട് അതെടുത്ത് എടത്തിൽ ഏല്പിച്ചില്ല ?” ഇത്രയും പറഞ്ഞ് അയാളെയും കൊണ്ടുപോയി കൊല്ലും.

മഞ്ഞള്ളൂർ വടകോട് എന്ന സ്ഥലത്ത് ഇന്നും “ചോരപ്പാറ” എന്ന ഒരു പാറയുണ്ട്. മഞ്ഞള്ളൂർ കർത്താവിന്റെ എടത്തിലെ സ്ത്രീകൾ ആർത്തവക്കുളി കഴിഞ്ഞ് ചോറുണ്ണണമെങ്കിൽ ആ പാറയിലൂടെ രക്തം ഒഴുകുന്നത് കാണണം. അതിന് ഒരു സ്ത്രീയെ ആ പാറയിൽ കൊണ്ടു വന്ന് വെട്ടിക്കൊല്ലും. കർക്കടകത്തിലെ കറുത്തവാവ്, കുംഭഭരണി, ഓണം മുതലായ അവസരങ്ങളിലും രക്തം കണ്ടിട്ടേ കർത്താക്കന്മാ രുടെ സ്ത്രീകൾ (കുഞ്ഞമ്മമാർ) ഭക്ഷണം കഴിച്ചിരുന്നുള്ളൂ. അവർണ്ണ വിഭാഗത്തിലെ സ്ത്രീകളെയാണ് ഇങ്ങനെ കൊന്നൊടുക്കിയിരുന്നത്

ആരക്കുഴയ്ക്ക് കിഴക്കുള്ള മേമടങ്ങുകരയിലെ ചേറ്റൂർ കർത്താ വിന്റെ കുഞ്ഞമ്മമാരും മനുഷ്യരക്തം ഒഴുകുന്നത് കണ്ടിട്ടേ ആർത്തവ ക്കുളി നടത്തിയിരുന്നുള്ളൂ. ചേറ്റൂർ കർത്താവ് പുതിയ വാള് പണിയിപ്പി ച്ചാൽ അത് മനുഷ്യരക്തത്തിൽ മുക്കിയാണ് അതിന് “പതംവരുത്തി” യിരുന്നത്. വാള് ചോരയിൽ മുക്കാൻ ഒരു കടിഞ്ഞൂൽ ഗർഭിണിയെ

പിടിച്ചുകൊണ്ടുവരാൻ കല്പിക്കും. ഭൃത്യന്മാർ കൊണ്ടു വരും. അവളെ കുളിപ്പിച്ച് കൊലച്ചോറൂട്ടി പ്രഭുവിന്റെ മുമ്പിൽ കൊണ്ടു ചെല്ലും. അവർണ്ണനീയമായ മനോവേദനയോടെ കുളിച്ച് കൊലച്ചോറു ണ്ട് വരുന്ന ഗർഭിണിയുടെ തോളിലൂടെ, കഴുത്തിന്റെ അരികിലൂടെ, പ്രഭു വാള് കുത്തിയിറക്കും. വയറിന്റെ അടിവരെ വാൾ ഇറങ്ങിച്ചെല്ലും. ആ സ്ത്രീയും ഉദരത്തിലുള്ള ശിശുവും തത്ക്ഷണം മരിക്കും. രണ്ടുജീ വൻഒന്നിച്ച് നശിപ്പിക്കപ്പെടും. മേമടങ്ങിൽ ഈ പൈശാചികകൃത്യം ബ്രിട്ടീഷ് ഭരണം വരുന്നതുവരെ തുടർന്നുവെന്നു വൃദ്ധന്മാർ പറയുന്നു.

കടമറ്റം പള്ളിയുടെ കിഴക്കുവശത്ത് ആയക്കുന്നത്ത് കർത്താക്ക ന്മാർ എന്ന ഇടപ്രഭുക്കളുടെ രണ്ട് തറവാടുകൾ തെക്കുംവടക്കുമായി ഉണ്ടായിരുന്നു. അവർക്ക് കട്ടച്ചിറ എന്ന ഒരു ചിറയുണ്ടായിരുന്നു. ചിറ തുറന്നുവിടണമെങ്കിൽ ഒരു കടിഞ്ഞൂൽ ഗർഭിണിയെ കുരുതി കഴിക്കണ മെന്നായിരുന്നു അവരുടെ നിയമം. ഒരിക്കൽ ഏഴുമാസം ഗർഭമുള്ള ഒരു പുലക്കള്ളിയെ കുരുതി കഴിക്കാൻ കൊണ്ടുവന്ന് വെള്ളത്തിൽ നിറുത്തി. പ്രഭു ചോദിച്ചു: "ഇപ്പോൾ നിനക്ക് എന്തു തോന്നുന്നു?" അവൾ ഇങ്ങനെ മറുപടി പറഞ്ഞു: "ആയക്കുന്നത്ത് തറവാട് രണ്ടും ഒപ്പം കത്തുന്നുവെന്നു തോന്നുന്നു". അവളെ കുരുതി കഴിച്ചു. അവളുടെ ശാപം ഫലിക്കുകതന്നെ ചെയ്തു. രണ്ടുതറവാടുകളും ഒപ്പം കത്തിപ്പോയി. ക്രമേണ അവരുടെ വംശം, മറ്റ് ഇടപ്രഭുക്കളുടേതുപോലെ നശിച്ചു. അവരുടെ മുൻതലമുറക്കാർ കടമറ്റം പള്ളി പണിയാൻ അനുവദിക്കുകയും സഹായിക്കുകയും ചെയ്തവരാണ് (Cf. എം.വി. വേലായുധൻ, കടമറ്റത്തച്ചന്റെ അത്ഭുതചരിത്രങ്ങൾ, ഊരമന, 1996, പുറം 18, 19).

മാറാടിയിലെ കോട്ടപ്പുറത്ത് (ഇപ്പോഴത്തെ മൂവാറ്റുപുഴ - പിറവം റോഡ്) ആയിരുന്നു കരിമ്പനയ്ക്കൽ കർത്താക്കന്മാരുടെ കൊലക്കളം. കുറ്റക്കാരെ കൊണ്ടുവന്ന് കോട്ടപ്പുറത്തുകൂടി ഓടിക്കും. നീട്ടിപ്പിടിച്ച വാളിൽ ഓടുന്നവന്റെ കഴുത്തുവന്നു തട്ടി കഴുത്തുമുറിഞ്ഞു തല താഴെ വീഴുകയും ഉടൽ അല്പംകൂടി മുന്നോട്ട് ഓടുകയും ചെയ്യും. സ്ത്രീകളും കുട്ടികളും കൊലക്കളത്തിനരുകിൽ വന്നുനിന്ന് ഇത് കണ്ട് രസിച്ചിരുന്നു. പണ്ട് റോമൻ ചന്തയിൽ മനുഷ്യക്കുരുതി കാണാൻ ആളുകൾ കൂടിയിരു ന്നതുപോലെ തന്നെ. ഇവിടെയും യൂറോപ്പിലും ദ്വന്ദയുദ്ധമുണ്ടായിരു ന്നല്ലോ. മനുഷ്യൻ മനുഷ്യനെ കടിച്ചുകീറുന്ന ചെന്നായാണ് ("homo

homini lupus") എന്ന് വീർജിൽ എന്ന ഇറ്റാലിയൻ കവി പറഞ്ഞത് എത്രയോ സത്യമാണ്. ദ്വന്ദയുദ്ധം (അങ്കം) നടത്തുന്നവർ മറ്റുള്ളവർക്ക് (പ്രഭുക്കൾക്ക്) പകരം നിന്നു യുദ്ധം നടത്തി മരിക്കുകയാണല്ലോ ചെയ്യുന്നത്. വടക്കൻ കേരളത്തിലെ ചേകവരുടെ അങ്കംവെട്ടൽ ഓർമ്മിക്കുക. (ഒരു വംശവും പല നാടുകളും. പേജ് 45-54 റവ. ഡോ. ജോർജ്ജ് കുരുക്കൂർ).

നാലുംകൂട്ടി മുറുക്കാൻ മീനച്ചിൽ കർത്താവ് അനുവദിച്ചിരുന്നില്ല. അയാളുടെ മന്ത്രിയുടെ മകൻ പൗലോസ് നാലുംകൂട്ടി മുറുക്കിത്തുപ്പിയതുകൊണ്ട് ബന്ധനസ്ഥനാക്കപ്പെട്ടു. ഭാഗ്യവശാൽ "തൊട്ടുശുദ്ധിയാക്കാൻ" നസ്രാണിയെ ആവശ്യപ്പെട്ടു ചെന്ന കരിമണ്ണൂർ പന്നയ്ക്കൽ വാമനൻ നമ്പൂതിരി അയാളെ രക്ഷിച്ചു. പൗലോസിനെ നമ്പൂതിരി ചോദിച്ചു വാങ്ങിച്ചു (മന്ത്രിയുടെ ഇടപെടൽ മൂലം). ചെഞ്ചുണ്ട് രാജകൊട്ടാരത്തിലുള്ളവർക്കേ ഉണ്ടാകാവൂ എന്നായിരുന്നു കർത്താവിന്റെ ചിന്ത. രാജകുടുംബത്തിലേ നാലുംകൂട്ടി മുറുക്കാവൂ (Cf. കെ.വി. ചാക്കോ, ശങ്കരപുരി കുടുംബം, കരിമണ്ണൂർ ശാഖ, കരിമണ്ണൂർ, 1982, പുറം 37-38).

ചില നാടുകളിൽ കർത്താക്കന്മാർ ഉപയോഗിക്കുന്ന പേരുകൾ സാധാരണക്കാരന് ഉപയോഗിക്കാൻ പാടില്ലായിരുന്നു. അരിക്കുഴയിലുള്ള ഒരു കണിയാൻ തന്റെ കുട്ടിക്ക് നാരായണൻ എന്നു പേരിട്ടു. "നാരായണാ" എന്നു വിളിക്കുന്നത് ചേറ്റൂർ കർത്താവിന്റെ (മോനിപ്പിള്ളി കൊമ്പനാൽ കർത്താവ്) കിങ്കരൻ കേട്ടു. ആ കണിയാനെ ഉടനെ കർത്താവ് വിളിച്ചുവരുത്തി ചോദ്യം ചെയ്തു. "കുട്ടിയെ വിളിച്ചതല്ല, നാരായണനാമം ജപിച്ചതാണ്" എന്നുപറഞ്ഞ് കണിയാൻ രക്ഷപെട്ടു. പ്രസ്തുത നാരായണനെ കണ്ടിട്ടുള്ളവർ ഇന്നുമുണ്ട്.

കോതമംഗലത്തുള്ള പ്രഭുക്കന്മാർ ആളുകളെ അടയ്ക്കാമരത്തിൽ കയറ്റിയിട്ട് അമ്പെയ്തു വീഴിച്ചു കൊന്നിരുന്നു. അത് അവരുടെ ഒരു വിനോദമായിരുന്നു. അങ്ങനെ കൊല്ലപ്പെട്ടവരുടെ ഭാര്യമാർ പ്രഭുഗൃഹങ്ങളിൽചെന്ന് ശപിച്ച് താലി പറിച്ച് മുറ്റത്തെറിഞ്ഞിട്ടുപോകും. അവസാനം മുന്നാഴിതാലി ഒരു പ്രഭുവിന്റെ മുറ്റത്തുനിന്നു ശേഖരിച്ചു (Cf. മുണ്ടക്കൽ തരകൻ കുടുംബചരിത്രം, കോതമംഗലം, 1992, പുറം 42-43).

ആരക്കുഴ പൂത്തട്ടേൽ ഉണ്യാതിരിയെന്ന ഇടപ്രഭു തറയിൽ

തരകനെ വെടിവെച്ചുകൊന്നു. തരകൻ വെറ്റിലക്കൊടി വളർത്തിയെന്ന തായിരുന്നു കാരണം ! പുഴയിൽ മീൻ പിടിക്കാൻ പോയ ഒരാൾ ഉണ്യാ തിരിയുടെ മകൾ കുളിക്കുന്നത് കണ്ടു എന്ന (മര ത്തിലിരുന്നു ചൂണ്ടയിടു കയും മകൾ ഭയപ്പെടുകയും ചെയ്തു) കാരണം പറഞ്ഞ് അയാളെ കൊല്ലാൻ ഉണ്യാതിരി ഓടിയെത്തി. അയാൾ പ്രാണരക്ഷാർത്ഥം ആരക്കുഴ പള്ളിയിൽ പ്രവേശിച്ചു. ദേവാലയങ്ങളെ പൗരാണികകാലം മുതൽ രക്ഷാസങ്കേതങ്ങളായി എല്ലാവരും കരുതിയിരുന്നു. പക്ഷേ, ഉണ്യാതിരി അയാളെ പള്ളിയിലിട്ടു പിടിച്ചു. ആനവാതുക്കൽ കൊണ്ടുവന്ന് വെട്ടിക്കൊന്നു. ആ സംഭവം കഴിഞ്ഞാണ് 18 മാസം മഴ പെയ്യാതെ വറുതിയുണ്ടായത്. മധ്യകേരളത്തിലെങ്ങും അക്കാലത്ത് മഴ പെയ്തില്ല. ഉണ്യാതിരിയുടെ അകൃത്യംമൂലമാണ് മഴ പെയ്യാത്തതെന്ന് ആരക്കുഴക്കാർ വിശ്വസിച്ചു. ജ്യോതിഷ ന്മാരും അങ്ങനെതന്നെ പറഞ്ഞു. പരിഹാരമായി “ആരക്കുഴ മുത്തി”യുടെ ബഹുമാനാർത്ഥം 18 പറ അരി വേവിച്ച് പാച്ചോറുനേർച്ച കഴിക്കാൻ ജ്യോതിഷന്മാർ ആവശ്യപ്പെട്ടു. ഉണ്യാതിരി പാച്ചോറു നേർച്ച കഴിച്ചു. (Cf. ഒരു വംശവും പല നാടുകളും. പേജ് 49-50, റവ. ഡോ. ജോർജ്ജ് കുരുക്കൂർ).

ആവോലിയിലെ വള്ളിക്കടപ്പണിക്കർ തുളുനാടൻ ഗുരുക്കളായി രുന്നു. അവർ കൊലനടത്തിയതായി കേട്ടിട്ടില്ല. എന്നാലും പോത്തിനു പകരം മനുഷ്യരെപ്പൂട്ടി കണ്ടം ഉഴുകിച്ചിട്ടുണ്ട്. അങ്ങനെയാണ് നെടുങ്ക ല്ലേക്കാർ കാവനവിട്ട് നെടുംകോട്ടയ്ക്കടുത്തേക്ക് (ഏനാനല്ലൂർ) പോയത്. കടമ്പുകാട്ട് (മറ്റപ്പിള്ളി) ഭവനത്തിൽ ദത്തുവന്ന ആനിക്കശേരി കുടുംബത്തിലെ യുവാവ് അരഞ്ഞാണവും കാപ്പും ധരിച്ചു നടന്നിരുന്നു. അതൊരു ധിക്കാരമായി പണിക്കർ കരുതി. ഒരിക്കൽ പോത്തന്വേഷിച്ചു പോയ ആ യുവാവിനെ പണിക്കർ വീട്ടിൽ വിളിച്ചുകൊണ്ടുപോയി. കുട്ടി തിരിച്ചുവരായ്കയാൽ അപകടം മനസ്സിലാക്കിയ മറ്റപ്പള്ളിയിലെ തള്ള ഒരു വടിയുമായി പണിക്കരുടെ ഭവനത്തിലെത്തി, ഒന്നുമറിയാത്ത മട്ടിൽ മകനെ തല്ലിക്കൊണ്ട് “നീ ഇവിടെയിരിക്കുകയാണോ ? വേഗം വീട്ടിൽപോ” എന്നു പറഞ്ഞ് ഓടിച്ചു. അങ്ങനെ രക്ഷിച്ചുകൊണ്ടു പോന്നു. നടുക്കരയിൽ ചൊള്ളോലിൽ ആമ്പക്കാട്ടു കർത്താവിന്റെ വീട്ടിലും കളരിയുമുണ്ടായിരുന്നു. അയാൾ ആരെയും ദ്രോഹിച്ചതായി കേട്ടിട്ടില്ല. (Cf. ഒരു വംശവും പല നാടുകളും. പേജ് 49-50, റവ. ഡോ. ജോർജ്ജ് കുരുക്കൂർ).

ഇടപ്രഭുക്കന്മാരും നായർ പ്രമാണിമാർ എന്നറിയപ്പെടുന്ന ജന്മിമാരും മനുഷ്യരെ ദ്രോഹിക്കുന്നതിൽ മടികാണിച്ചിരുന്നില്ല. അവരുടെയെല്ലാം വംശങ്ങൾ അറ്റുപോയി. ചേറ്റൂർ പ്രഭു മനുഷ്യക്കൊല അവസാനിപ്പിച്ചത് "ഭരണം പോയി ഇനി കൊല്ലാൻ പറ്റുല്ല" എന്ന് ദുഃഖത്തോടെ പറഞ്ഞുകൊണ്ടാണ്. ബ്രിട്ടീഷുകാർ വരാതിരുന്നെങ്കിൽ അവർണ്ണഹിന്ദുക്കളും ആദിവാസികളും സവർണ്ണവരിലെതന്നെ ദുർബലവിഭാഗങ്ങളും പ്രഭുക്കന്മാരുടെ ദുഷ്ടതമൂലം അവസാനിച്ചു പോയേനെ. പറയർ, പുലയർ എന്നീ വിഭാഗങ്ങളെയായിരുന്നു അവർ നശിപ്പിച്ചുകൊണ്ടിരുന്നത്. ക്രിസ്ത്യാനികളോട് അവർ പൊതുവേ ബഹുമാനം കാണിച്ചിരുന്നു. ക്രിസ്ത്യാനികളെ പീഡിപ്പിക്കൽ ഒറ്റപ്പെട്ട സംഭവങ്ങളായിരുന്നു. ചേറ്റൂർ കർത്താവിന്റെ വീട്ടിൽനിന്നാണ് കട്ടക്കലച്ചൻ ആരക്കുഴപ്പള്ളിയിൽ കുർബാന ചൊല്ലിയിട്ട് വരുമ്പോഴെല്ലാം ഭക്ഷണം കഴിച്ചിരുന്നത്. അദ്ദേഹത്തിന്റെ പുത്തൻകുർബാനയ്ക്ക് ചേറ്റൂർ കർത്താവ് സമ്മാനങ്ങൾ (പുരയിടങ്ങൾ) നല്കിയിരുന്നു. കർത്താക്കന്മാരും (മൂവായിരം നായർ പടയാളികളുടെ യജമാനൻ) കൈമൾമാരും (ക്ഷത്രിയ നായന്മാർ) ജന്മിത്വം നേടിയ നമ്പൂതിരിമാരും ജനങ്ങളെ ഞെരുക്കിക്കൊണ്ടിരുന്നു. (ibid, P. 50).

ഇരുപതാം നൂറ്റാണ്ടോടെ അവരുടെ ഭരണം അവസാനിച്ചു. "കൊല്ലും കൊലയും", "കൊലച്ചോറ്" എന്നിങ്ങനെയുള്ള ശൈലികൾ ഇന്ന് അപരിചിതമായി. കൊല്ലിക്കുകയും കൊല്ലുകയും ചെയ്യാൻ രാജാക്കന്മാർ പ്രഭുക്കന്മാർക്ക് അധികാരം നല്കിയിരുന്നു. അതാണ് "കൊല്ലും കൊലയും". ഒരുവനെ കൊല്ലുന്നതിനു മുമ്പ് വയറുനിറയെ ഭക്ഷണം കൊടുക്കുക എന്നൊരു ചടങ്ങുണ്ട്. അതാണ് "കൊലച്ചോറ് കൊടുക്കുക" എന്നു പറയുന്നത്. മധ്യയുഗാന്ത്യത്തിൽ നായന്മാർ ജന്മിയായിത്തീർന്നു. അതിനുമുമ്പ് കത്തിയും കണ്ണും കയ്യുമായിരുന്നു നായർ പ്രമാണിമാരുടെ ജോലികളായി നമ്പൂതിരി പ്രഭുക്കന്മാർ ഏല്പിച്ചിരുന്നത്. കത്തി എന്നതിനു യുദ്ധംചെയ്യൽ എന്നും കണ്ണ് എന്നതിന് പുലയരെക്കൊണ്ടും പറയരെക്കൊണ്ടും കൃഷിചെയ്യിക്കുന്നതിൽ മേൽ നോട്ടം വഹിക്കലെന്നും കയ്യ് എന്നതിന് കാര്യനിർവ്വഹണമെന്നുമാണർത്ഥം. 'കത്തിക്കണ്ണൻ' എന്ന് നായന്മാർ വിളിക്കപ്പെട്ടിരുന്നു. പില്ക്കാലത്ത് അത് പരിഹാസപ്പേരായിത്തീർന്നു. ഈ നായന്മാർ ജന്മിമാരായിരുന്ന കാലത്ത് മിക്കവരും സാധുജനങ്ങളെ പീഡിപ്പിച്ചി

രുന്നു. പ്രത്യേ കിച്ച് പാട്ടക്കാരെ. എല്ലാ ജന്മിമാരും ഇങ്ങനെ പീഡിപ്പിച്ചിട്ടില്ല എന്നതിന് ചില തെളിവുകൾ കഴിഞ്ഞ നൂറ്റാണ്ടിലുണ്ടായിട്ടുണ്ട്. കുറ്റംതെളിയിച്ചു ശിക്ഷിക്കുക എന്നത് നാട്ടുപ്രമാണിമാരുടെ അധികാരത്തിൽപ്പെട്ടിരുന്നു. ഏ.ഡി. 1864-ൽ സർ റ്റി. മാധവറാവുവിന്റെ കാലത്താണ്, ഇന്നത്തെ രീതിയിലുള്ള കോടതിയിലേക്ക് കുറ്റംതെളിയിക്കലും ശിക്ഷകല്പിക്കലും മാറ്റിയത്. ബ്രിട്ടീഷുകാരുടെ നിർബന്ധമാണ് അതിന്റെ കാരണം. മുളന്തുരുത്തി ഉൾപ്പെടുന്ന കൊച്ചിരാജ്യത്ത് 18-ാം നൂറ്റാണ്ടിലെ സാമൂഹിക വ്യവസ്ഥിതിയനുസരിച്ച് ഭരണം നടത്തിയിരുന്നത് രാജാക്കന്മാരും, സ്വരൂപികളും (പ്രത്യേക ചെറുകിട രാജാക്കൾ, പ്രഭുക്കൾ) ലോകരും കൂടിയായിരുന്നല്ലോ (Cf. കെ.പി. പദ്മനാഭമേനോൻ, കൊച്ചി രാജ്യചരിത്രം, 1996, പുറം 21-29). പലയിനം നികുതികൾ അവിടെയുണ്ടായിരുന്നു (ibid. പുറം 618). വൃക്ഷങ്ങളുടെ ഫലത്തിന്മേൽ 100-ന് 12.5-ഉം ഭൂമിയിന്മേൽ 100-നു 30 വീതവും നികുതി കൊടുക്കേണ്ടിയിരുന്നു. കൂടാതെ നിലക്കൂലിയും (ഭൂമി ലേലം വിളിച്ച് 10-20 വർഷത്തേക്ക് പാട്ടത്തിന് കൊടുക്കൽ) ഉണ്ടായിരുന്നു. നാട്ടുക്രിസ്ത്യാനികളുടെ ഭൂമിയെ സംബന്ധിച്ച് ഈ നിലക്കൂലി ഉണ്ടായിരുന്നില്ല (ibid). തെങ്ങു നികുതിയുണ്ടായിരുന്നു.

കൊച്ചിയിൽ ഭൂമിമേൽ കരം നിശ്ചയിച്ചത് കൊല്ലവർഷം 937-ൽ (A.D. 1762) ആണ്. നാടുവാഴികൾ (പ്രഭുക്കന്മാർ) ആണ് യഥാർത്ഥത്തിൽ നാടുകൾ ഭരിച്ചിരുന്നത്. രാജ്യം നാടുകളായി വിഭജിക്കപ്പെട്ടിരുന്നു. കൊല്ലവർഷം 938-ൽ (A.D. 1763) ഈ സമ്പ്രദായം മാറ്റി കോവിലകത്തും വാതിലും, കാര്യക്കാരനും പാർവത്യാരും മറ്റുമായി. ഡച്ചുകാരുടെ കാലത്ത് നമ്പൂതിരിമാർ കഴിഞ്ഞാൽ നായർ മാടമ്പിമാരായിരുന്നു അധികാരികൾ. ക്രിസ്ത്യാനികൾ നായന്മാരെപ്പോലെ ആയുധാഭ്യാസം നടത്തിയിരുന്നു (ibid, പുറം 657). കൃഷിയും കച്ചവടവുമായിരുന്നു അവരുടെ തൊഴിലുകൾ. 1795 ഒക്ടോബർ 16-നാണ് കൊച്ചി രാജ്യം ബ്രിട്ടീഷ് മേൽക്കോയ്മയെ അംഗീകരിച്ചത്. അതിനുമുമ്പ് നായർ മാടമ്പിമാർ (പ്രഭുക്കൾ) സാധാരണക്കാരെ പീഡിപ്പിച്ചുപോന്നു. തിരുവിതാംകൂറിൽ 1739 (കൊല്ലവർഷം 914) മുതൽ ഭൂമിക്കരം ഏർപ്പെടുത്തി. മലബാറിലെ ഹൈദരാലി 1777-ൽ (കൊല്ലവർഷം 952) ഭൂനികുതി ഏർപ്പെടുത്തി.

# സാമൂഹിക ദുരാചാരങ്ങൾ :-

തീണ്ടൽ, തൊടീൽ, കണ്ടുകൂടായ്മ തുടങ്ങിയ സാമൂഹിക അനാചാരങ്ങൾ സവർണ്ണഹിന്ദുക്കൾ യാതൊരു വിട്ടുവീഴ്ചയുമില്ലാതെ പാലിച്ചിരുന്നു. ഈ ആചാരങ്ങൾ ലംഘിക്കുന്നവരെ നാടുവാഴിയുടെ ആജ്ഞപ്രകാരം ജാതിഭ്രഷ്ട് കല്പിച്ച്, മുസ്ലീങ്ങൾക്കോ ക്രിസ്ത്യാനികൾക്കോ വില്ക്കുകയോ അല്ലെങ്കിൽ രഹസ്യമായി കൊലപ്പെടുത്തുകയോ ചെയ്യുമായിരുന്നു. നായന്മാർക്കും മറ്റുയർന്ന ജാതിക്കാർക്കും വഴിമാറി കൊടുക്കാത്ത താഴ്ന്ന ജാതിക്കാരൻ നിയമസമാധാനപാലകരുടെ മൗനാനുവാദത്തോടെ വധിക്കപ്പെടുമായിരുന്നു.

പുലപ്പേടി, മണ്ണാപ്പേടി, പറപ്പേടി എന്നൊക്കെപ്പറയുന്ന ഭീകരമായ ഒരു ദുരാചാരവും അന്നു നിലവിലിരുന്നു. ഈ പ്രാകൃതാചാരമനുസരിച്ച് പുലയന്മാർ, മണ്ണാൻമാർ, പറയന്മാർ തുടങ്ങിയ താണജാതിയിൽപ്പെട്ടവർക്ക് ചില പ്രത്യേക മാസങ്ങളിൽ ഉയർന്ന ജാതിയിൽപ്പെട്ട സ്ത്രീകളെ വിശേഷിച്ചും ബ്രാഹ്മണസ്ത്രീകളെ ഉപദ്രവിക്കുവാനുള്ള അവകാശമുണ്ടായിരുന്നത്രേ. പുലയരും മറ്റും ഈ പ്രത്യേക മാസങ്ങളിൽ ബ്രാഹ്മണ സ്ത്രീകളെ അപഹരിക്കാൻ രാത്രികാലങ്ങളിൽ യഥേഷ്ടം ചുറ്റിത്തിരിഞ്ഞുകൊണ്ടിരിക്കും. പുലയരും മണ്ണാന്മാരും ഇങ്ങനെ അപഹരിച്ചുകൊണ്ടുപോകുന്ന സ്ത്രീകളെ ജാതിയിൽനിന്ന് പുറംതള്ളുകയായിരുന്നു പതിവ്. ഈ താണജാതിക്കാർ ബ്രാഹ്മണ സ്ത്രീകളുടെ ശരീരത്തിൽ കല്ലോ, കമ്പോ എറിഞ്ഞു കൊള്ളിച്ചാലും മതിയായിരുന്നു അവരെ ജാതിഭ്രഷ്ഠുക്കളാക്കാൻ. 1696-മാണ്ടിലെ തിരുവിതാംകൂർകോട് ശിലാശാസനത്തിൽ രേഖപ്പെടുത്തിയിട്ടുള്ള കോട്ടയം കേരളവർമ്മയുടെ വിളമ്പരം ഈ ദുരാചാരത്തെ നിരോധിക്കുകയുണ്ടായി. ക്രിസ്തീയ സ്ത്രീകൾ മാറുമറച്ച് സംപൂർണ്ണരായി വസ്ത്രധാരണം ചെയ്താണ് നടന്നിരുന്നത്. കുടുമയും കടുക്കനുമുണ്ടായിരുന്ന അന്നത്തെ ക്രിസ്ത്യൻ പുരുഷന്മാരെ നായന്മാരിൽനിന്ന് തിരിച്ചറിയുക എളുപ്പമായിരുന്നില്ല.

ക്രിസ്ത്യാനികളുടെ സത്യസന്ധത പ്രശംസനീയമായിരുന്നു. സസ്യഭുക്കുകളായിരുന്നു മാർതോമ്മാ ക്രിസ്ത്യാനികൾ. മാംസഭക്ഷണവും മദ്യപാനാസക്തിയും ക്രിസ്ത്യൻ സമുദായത്തെ പൊതുവേ

ബാധിച്ചിരുന്നില്ല. അവരുടെ അഭിപ്രായവ്യത്യാസങ്ങൾ പള്ളിയുടെ മദ്ധ്യസ്ഥതയിൽ പറഞ്ഞു തീർത്തിരുന്നു. തൊട്ടുകൂടായ്മ, ജോതിഷത്തി ലും മന്ത്രവാദത്തിലുമുള്ള വിശ്വാസം തുടങ്ങിയ ഹൈന്ദവാചാരങ്ങൾ ക്രിസ്ത്യാനികളിലും തങ്ങിനിന്നിരുന്നു. വിവിധ മതാനുയായികൾ തമ്മിൽ നല്ല ബന്ധമാണ് പുലർത്തിയിരുന്നത്. ഹിന്ദുക്കളായ ഭരണാധികാരികളും ക്രിസ്ത്യൻ പ്രജകളും തമ്മിലുണ്ടായിരുന്ന ബന്ധം പരസ്പര വിശ്വാസ ത്തിൽ അധിഷ്ഠിതമായിരുന്നു. കൊച്ചി, തെക്കുംകൂർ, വടക്കുംകൂർ, അമ്പലപ്പുഴ രാജാക്കന്മാർ പള്ളികൾ സ്ഥാപിക്കാൻ സ്ഥലം നല്കിയും മറ്റും ക്രിസ്ത്യാനികളെ സഹായിച്ചിരുന്നു.

പതിനെട്ടാം നൂറ്റാണ്ടിൽ കേരളത്തിന് അതിപ്രഗത്ഭരായ രണ്ട് ഭരണാധിപന്മാരെ കിട്ടി. 1729 മുതൽ 1758 വരെ തിരുവിതാംകൂറിനെ ഭരിച്ച മാർത്താണ്ഡവർമ്മ മഹാരാജാവും 1758 മുതൽ 1798 വരെ ധർമ്മരാജാവെന്ന പേരിൽ ഇവിടം ഭരിച്ച കാർത്തിക തിരുനാൾ രാമവർമ്മ മഹാരാജാവുമായിരുന്നു അവർ. 1729-ൽ മാർത്താണ്ഡവർമ്മ മാഹാരാജാവ് തിരുവിതാംകൂറിന്റെ ഭരണം ഏറ്റെടുത്തപ്പോൾ രാജ്യത്തിന്റെ രാഷ്ട്രീയവും സാമ്പത്തികവുമായ സ്ഥിതി അത്ര ആശാസ്യമായിരുന്നില്ല. രാജാധികാരം എങ്ങും മാനിക്കപ്പെട്ടിരുന്നില്ല. പിള്ളമാരും മാടമ്പിമാരുമായിരുന്നു അധികാര കേന്ദ്രങ്ങൾ. അതുകൊണ്ട് ഭരണസമ്പ്രദായം പുനഃസംവിധാനം ചെയ്യുന്നതിലാണ് അദ്ദേഹം ആദ്യമായി ശ്രദ്ധവച്ചത്. രാജ്യത്തിന്റെ സാമ്പത്തികസ്ഥിതി മെച്ചപ്പെടുത്തി. മിതവ്യയം ഉറപ്പുവരുത്തി, അച്ചടക്കം കർശനമാക്കി. പുതിയതരം ആയുധങ്ങൾ നല്കി സൈന്യത്തെ സുസജ്ജമാക്കി. രാജാധികാരത്തിന് എന്നും ഭീക്ഷണിയായി നിലനിന്നിരുന്ന പിള്ളമാരെ യും മാടമ്പിമാരെയും അദ്ദേഹം വധിക്കുകയോ നാടുകടത്തുകയോ ചെയ്തു. അവരുടെ വസ്തുവകകൾ സർക്കാരിലേക്ക് കണ്ടു കെട്ടി. അവരുടെ സ്ത്രീകളെയും കുട്ടികളെയും അടിമകളായി മുക്കുവർക്ക് വിറ്റു. വീടുകൾ കുളം തോണ്ടി. ഈവിധം നാടുവാഴിത്തത്തിന്റെ അരാജകശക്തികളെ അദ്ദേഹം ഇല്ലായ്മ ചെയ്തു. അങ്ങനെ പ്രബലവും കേന്ദ്രീകൃതവുമായ ഒരു പുതിയ ഭരണരീതി ഉദയംകൊണ്ടു.

ജനോപകാരപ്രദങ്ങളായ അനേകം ഭരണപരിഷ്ക്കാരങ്ങൾ പ്രത്യേകിച്ച് നിർമ്മാണരംഗത്ത് മാർത്താണ്ഡവർമ്മ മഹാരാജാവ് നടപ്പി

ലാക്കി. അദ്ദേഹം നിർമ്മിച്ച പൊന്മനയണ, പുത്തനണ തുടങ്ങിയ അണക്കെട്ടുകൾ കാർഷിക കാര്യങ്ങളിലും കുടിവെള്ളത്തിന്റെ കാര്യത്തിലും ജനങ്ങളെ സഹായിച്ചു. പുതുതായി വെട്ടിയ അനേകം റോഡുകളും തോടുകളും ഗതാഗതസൗകര്യങ്ങൾ വർദ്ധിപ്പിച്ചു. 1739-ൽ നിലം പുരയിങ്ങളുടെ കണ്ടെഴുത്തു നടത്താൻ സംവിധാനമുണ്ടാക്കി. എല്ലാ വസ്തുക്കൾക്കും കരം നിശ്ചയിച്ചു പട്ടയം നല്കി. കള്ളക്കടത്തു തടയാൻ അതിർത്തികളിൽ ചൗക്കകൾ ഏർപ്പെടുത്തി. കയറ്റുമതി ഇറക്കുമതി ചുങ്കം പിരിക്കാൻ പ്രത്യേകം നടപടികൾ സ്വീകരിച്ചു.

പകുതിയെ (വില്ലേജ്) അടിസ്ഥാന ദേശഘടകമാക്കി അതിന്റെ ഭരണത്തിന് പ്രവൃത്തികാരെ നിയമിച്ചു. ഗ്രാമതലത്തിൽപ്പെട്ട എല്ലാ ഭരണകാര്യങ്ങളുടേയും ചുമതല പ്രവൃത്തിക്കാർക്കായിരുന്നു. പൊതുചെലവിന്റെ പലഇനങ്ങൾക്കുവേണ്ടി വെവ്വേറെ നിശ്ചിത തുക നീക്കിവച്ചുകൊണ്ട് പതിവു കണക്ക് എന്ന വാർഷിക ബഡ്ജറ്റ് തയ്യാറാക്കുന്ന സമ്പ്രദായം മാർത്താണ്ഡവർമ്മയുടെ പ്രധാനപ്പെട്ട ഒരു ഭരണ പരിഷ്കാരമായിരുന്നു.

ചരിത്രത്തിലെ ധർമ്മരാജാവ് എന്നു പേരെടുത്ത കാർത്തിക തിരുനാൾ രാമവർമ്മയാണ് 1758 മുതൽ 1798 വരെ ഭരിച്ചത്. തന്റെ മാതുലനെ അനുകരിച്ച് ജനക്ഷേമോപകാരപ്രദങ്ങളായ അനേകം പരിഷ്കാരങ്ങൾ അദ്ദേഹം നടപ്പിൽവരുത്തുകയുണ്ടായി. നികുതി വകുപ്പ് പുനഃസംഘടിപ്പിച്ചതും രാജ്യത്തെ മൂന്നു റവന്യു മേഖലകളായി വിഭജിച്ചതും ധർമ്മരാജാവിന്റെ കാലത്താണ്. നികുതി പിരിവ് ക്രമീകരിച്ച് കണക്കുകൾ കൃത്യമായി സൂക്ഷിക്കുവാൻവേണ്ട ഏർപ്പാടുകൾ ചെയ്തു. കൃഷി ചെയ്യാവുന്ന തരിശുഭൂമികളെല്ലാം കൃഷിക്കുപയോഗപ്പെടുത്തി. 40 വർഷത്തെ ദീർഘഭരണത്തിനുശേഷം അദ്ദേഹം 1798-ൽ തന്റെ 74-ാമത്തെ വയസ്സിൽ നാടുനീങ്ങി.

# മൂവാറ്റുപുഴ ഗതാഗതരംഗത്ത്

ഏതാണ്ട് 19-ാം നൂറ്റാണ്ടിന്റെ മദ്ധ്യംവരെ മൂവാറ്റുപുഴയെയും പ്രാന്തപ്രദേശത്തെയുംസംബന്ധിച്ച് കരഗതാഗതമാർഗ്ഗങ്ങളായ റോഡ്, പാലം, വാഹനങ്ങൾ തുടങ്ങിയവയുടെ അവസ്ഥ ഒട്ടും തൃപ്തികരമായി

രുന്നില്ല. ഏതാനും നടപ്പാതകൾ മാത്രമായിരുന്നു അന്നത്തെ മാർഗ്ഗങ്ങൾ. അന്നൊക്കെ യുദ്ധവും കൊള്ളകളും സർവ്വസാധാരണമായിരുന്നതുകൊണ്ട് ഗതാഗതവികസന മാർഗ്ഗങ്ങളെ ആളുകൾ ഭയപ്പെട്ടിരുന്നു.

കേരളത്തിന്റെ മദ്ധ്യഭാഗത്തുകൂടി ഇപ്പോൾ കടന്നുപോകുന്ന എം.സി. റോഡ് (മെയിൻ സെൻട്രൽ റോഡ്) നിർമ്മാണം മൂവാറ്റുപുഴയുടെ ചരിത്രത്തിലെ ഒരു നിർണ്ണായക ഘട്ടമായിരുന്നു. ബ്രിട്ടീഷുകാരുടെ പ്രേരണയും സഹായവും നമ്മുടെ റോഡുകളുടെയും പാലങ്ങളുടെയും പിന്നിലുണ്ട്. എം.സി. റോഡിന്റെ ഭാഗമായ കോട്ടയം - ചങ്ങനാശ്ശേരി റോഡ് ബർട്ടൺ എന്ന ഇംഗ്ലീഷുകാരൻ ചീഫ് എഞ്ചിനീയറാണ് നിർമ്മിച്ചത്. ഇത് 1874-ൽ ആയിരുന്നു. 1875-78 കാലത്ത് എം.സി. റോഡിന്റെ ഭാഗമായ കോട്ടയം - ആലുവ റോഡും നിർമ്മിക്കപ്പെട്ടു. ഈ റോഡാണ് മൂവാറ്റുപുഴയിലൂടെ കടന്നുപോകുന്നത്. പിന്നീട് അത് പെരുമ്പാവൂരുനിന്ന് അങ്കമാലി വഴി കറുകുറ്റിവരെ നീട്ടുകയും ചെയ്തു. എം.സി. റോഡിന്റെ നിർമ്മാണത്തോടെ ചുറ്റുപ്രദേശത്തുള്ളവർക്ക് മൂവാറ്റുപുഴയിൽ എത്തിച്ചേരുക എളുപ്പമായി. (Cf. ഒരു വംശവും പല നാടുകളും. പേജ് 209-214, റവ. ഡോ. ജോർജ്ജ് കുരുക്കൂർ).

അതുപോലെതന്നെ, 1878-ൽ ആയില്യം തിരുനാൾ മഹാരാജാവിന്റെ കാലത്ത് വികസിപ്പിക്കപ്പെട്ട മറ്റൊരു നാട്ടുവഴിയാണ് മൂവാറ്റുപുഴ - തൊടുപുഴ റോഡ്. ഇത് ആനിക്കാട്, ആവോലി, വാഴക്കുളം, കദളിക്കാട്, മൈലക്കൊമ്പ്, വെങ്ങല്ലൂർ വഴി തൊടുപുഴയ്ക്കുപോകുന്ന പൗരാണിക നടപ്പാതയായിരുന്നു. കീഴ്മലനാടിന്റെ പ്രതാപകാലത്ത് തൃക്കാരിയൂർ, മൂവാറ്റുപുഴ, പെരുമ്പല്ലൂർ, ആരക്കുഴ, നെടിയശാല, ആലക്കോട്, അറക്കുളം, കടുത്തുരുത്തി, ചായൽ, മധുര മുതലായ സ്ഥലങ്ങളെ ബന്ധിപ്പിക്കുന്ന വ്യാപാര നടപ്പാതകളുണ്ടായിരുന്നു. അതുകൊണ്ട് എം.സി. റോഡിലേക്കുള്ള തൊടുപുഴ - മൂവാറ്റുപുഴ റോഡിന്റെ വികസനം മൂവാറ്റുപുഴയുടെ വളർച്ചയെ ഉന്നതമായ നിലയിൽ ത്വരിതപ്പെടുത്തുകയുണ്ടായി. (ibid 220).

എം.സി. റോഡുണ്ടാകുന്നതിനുമുമ്പ് കൂത്താട്ടുകുളം, പാലക്കുഴ, പണ്ടപ്പിള്ളി, ആരക്കുഴ, മൂവാറ്റുപുഴ, തൃപ്പൂണിത്തുറ നാട്ടുവഴിയുണ്ടാ

യിരുന്നു. ഇത് പുരാതന നാട്ടുവഴി ആയിരുന്നു. മൂവാറ്റുപുഴനിന്ന് കൂത്താട്ടുകുളം വരെയുള്ള വഴി എം.സി. റോഡാക്കി വികസിപ്പിക്കുവാൻ യൂറോപ്യൻ എഞ്ചിനീയർമാർ തീരുമാനിച്ചു. അതറിഞ്ഞ് ആരക്കുഴക്കാർ കൊച്ചിക്കുന്നേൽ കാരണവരുടെ കീഴിൽ സംഘടിച്ച് എതിർത്തു. പട്ടാളക്കാരും കൊള്ളക്കാരും ആരക്കുഴക്കു വരുമെന്ന ഭീതിമൂലമാണ് എതിർത്തത്. ടിപ്പുവിന്റെ പടയോട്ടത്തെപ്പറ്റിയുള്ള ഭീതി അന്നും നിലനിന്നിരുന്നു. ആ പടയോട്ടകാലത്ത് (1790) പടപേടിച്ച് ചെമ്പിൽനിന്ന് കുടിയേറിയ കുടുംബങ്ങളിൽ ഒന്നാണ് കൊച്ചിക്കുന്നേൽ കുടുംബം. (ibid 210).

ഏതായാലും ബർട്ടൻ എഞ്ചിനീയർ മൂവാറ്റുപുഴ പള്ളിയിൽവച്ച് റോഡ് നിർമ്മാണത്തെക്കുറിച്ചുള്ള പരാതി സ്വീകരിച്ചു. അദ്ദേഹം പറഞ്ഞു :"ഞങ്ങൾക്ക് എതിർപ്പില്ല. പക്ഷേ, നിങ്ങളുടെ പിൻതലമുറക്കാർ നിങ്ങളെ കുറ്റപ്പെടുത്തും". അങ്ങനെ എം.സി. റോഡ് മാറാടിയിലൂടെ ഉന്നക്കുപ്പമലയും ആറൂർമലയും കയറിപ്പോകുന്ന ദുഷ്കര മാർഗ്ഗമായിത്തീർന്നു. ആരക്കുഴ വഴിയായിരുന്നുവെങ്കിൽ കയറ്റമൊന്നു മില്ലാതെ എളുപ്പത്തിൽ മൂവാറ്റുപുഴ - കൂത്താട്ടുകുളം യാത്ര സാധിക്കുമായിരുന്നു. (ibid).

പടയെയും കൊള്ളക്കാരെയും ഭയന്ന് അക്കാലത്ത് പള്ളിമണിയുടെ നാക്ക് താഴ്ത്തിക്കെട്ടിയിരുന്നു, വലിയ സ്വരം പുറത്തു കേൾക്കാതിരിക്കാൻ. വെള്ളൂർക്കുന്നം ക്ഷേത്രത്തിലെ കൊടിമരം പറിച്ചെടുത്ത് കാരായ്മകയത്തിലിട്ടിരുന്നു. പെരുംപള്ളിചിറ ക്ഷേത്രത്തിലെ വിഗ്രഹങ്ങളും പാത്രങ്ങളും കുളത്തിലിട്ടു. കടുത്തുരുത്തി പള്ളിയിലേയും മറ്റും മണികൾ കിണറ്റിലിട്ടിരുന്നു. (ibid 210-211).

## മോട്ടോർ വാഹനങ്ങളില്ലാത്ത കാലത്തെ യാത്ര

കരമാർഗ്ഗ ഗതാഗതം പ്രചാരത്തിൽ ആകുന്നതിനുമുമ്പ് വെള്ളത്തിലൂടെ വഞ്ചിയിലും മറ്റുമായിരുന്നു യാത്ര ചെയ്തിരുന്നത്. ജലയാത്ര സാദ്ധ്യമല്ലാത്തിടത്ത് സഞ്ചരിക്കാൻ മനുഷ്യർ ചുമക്കുന്ന വാഹനങ്ങളുണ്ടായിരുന്നു. രാജാക്കന്മാരും പ്രഭുക്കന്മാരും മഞ്ചലിൽ സഞ്ചരിച്ചിരുന്നു. മേല്ക്കൂട് ഇല്ലാത്ത വാഹനമാണത്. രാജസ്ത്രീകളും

മറ്റും മേല്ക്കൂടുള്ള "മേനാവി"ലായിരുന്നു യാത്ര. കുടുംബസമേതം യാത്ര ചെയ്യുന്നത് പല്ലക്കിലായിരുന്നു. വാഹനങ്ങളെ ചുമക്കുന്നവരെ പോണ്ടന്മാർ എന്നും അമാലന്മാർ എന്നും വിളിച്ചിരുന്നു.

ജലസഞ്ചാരത്തിന് വള്ളം, വഞ്ചി, കൂടാരവഞ്ചി മേല്ക്കൂടുള്ളത് (കെട്ടുവള്ളം), മച്ചുപ്പാ (കനം കുറഞ്ഞ വള്ളം), പന്നഗവള്ളം (സുഖസഞ്ചാരത്തിനുള്ളത്), തോണി, ഓടം മുതലായവ ഉപയോഗിച്ചിരുന്നു.

വഞ്ചിയാത്ര സാദ്ധ്യമല്ലാത്തിടത്ത് മെത്രാന്മാരേയും മറ്റും മഞ്ചലിൽ ചുമക്കുക പതിവായിരുന്നു. മഞ്ചൽയാത്ര ദുർഘടവും ക്ലേശപൂർണ്ണവുമായിരുന്നു. എറണാകുളം മെത്രാപ്പോലീത്തയെ ഒരിക്കൽ പള്ളി സന്ദർശനാവസരത്തിൽ കല്ലൂർക്കാട് പള്ളിയിൽനിന്ന്, ആയവന പള്ളിയിലേക്ക് മഞ്ചലിൽ ചുമന്നു. അദ്ദേഹത്തിന്റെ പിറകിൽ സെക്രട്ടറി അച്ചനെ മറ്റൊരു മഞ്ചലിലും. ആയവന പള്ളി മുറ്റത്തുചെന്ന് മഞ്ചലിറക്കിയപ്പോൾ സെക്രട്ടറി അച്ചനെ കാണാനില്ല. എവിടെ വീണുപോയി എന്ന് ചുമട്ടുകാർക്ക് നിശ്ചയമില്ല. ആകെ പരിഭ്രമമായി. അവർ അന്വേഷിച്ചിറങ്ങി. അല്പം കഴിഞ്ഞ് സെക്രട്ടറി അച്ചൻ അതാ നടന്നു വരുന്നു. ഒരു തൊണ്ടിൽ വച്ച് അദ്ദേഹം കപ്പിലാവിന്റെ കമ്പിൽ പിടിച്ച് കയ്യാലപ്പുറത്തിറങ്ങി രക്ഷപെടുകയായിരുന്നു. മഞ്ചൽ ചുമട്ടുകാർ മദ്യപിച്ചിട്ടായിരുന്നു ചുമക്കാറ്. (Cf. ibid, 211). റോഡുകൾ ഉണ്ടായതോടെ കാളവണ്ടികളും കുതിരവണ്ടികളും യാത്രയ്ക്കും സാധനങ്ങൾ കൊണ്ടുപോകാനും ഉപയോഗിച്ചു തുടങ്ങി. (ibid, 220).

# മൂവാറ്റുപുഴയിലെ കോൺക്രീറ്റ് പാലം

1874 - 78 കാലത്താണ് എം.സി. റോഡിന്റെ ഭാഗമായ കോട്ടയം - ആലുവ റോഡ് നിർമ്മിച്ചത്. റോഡ് പണി തീർന്നപ്പോൾ മൂവാറ്റുപുഴയിൽ സർക്കാർ ചങ്ങാടം ഏർപ്പെടുത്തി. പിന്നീട്, അവിടെ ഒരു കോൺക്രീറ്റ് പാലം തീർക്കാൻ സർക്കാർ നിശ്ചയിച്ചു. അത് ദക്ഷിണേന്ത്യയിലെ ആദ്യത്തെ കോൺക്രീറ്റ് പാലമായി. (ibid, P. 214-219).

മൈസൂറിൽ താമസിച്ചിരുന്ന എമറാൾഡ് എന്ന ഇംഗ്ലണ്ടുകാരൻ ചീഫ് എഞ്ചിനീയർ സർവ്വേ നടത്തി മൂന്ന് ആർച്ചുകളോടു കൂടിയ പാലത്തിന്റെ പ്ലാനും ഒരു ലക്ഷം രൂപയുടെ എസ്റ്റിമേറ്റും മഹാരാജാവിന്

(ശ്രീമൂലം തിരുനാൾ രാമവർമ്മ) സമർപ്പിച്ചു. രാജാവ് ഒരു ലക്ഷം രൂപ അനുവദിച്ചു. എമറാൾഡും ഭാര്യയും മൂവാറ്റുപുഴയിൽ താമസിച്ച് പാലം പണി ആരംഭിച്ചു. 1913-ൽ പാലം പണി തുടങ്ങി. ആറ്റിൽ മണൽചാക്കുകൾ അടുക്കി വെള്ളം വകഞ്ഞുവിട്ട് നടുക്ക് കിണർപോലെ കുഴിച്ച് ഉറപ്പുള്ള പാറയിലെത്തി. പാറ കാലുറപ്പിക്കാൻ പറ്റിയതാണോ എന്നറിയാൻ പാറക്കഷണങ്ങൾ എടുത്ത് ഇംഗ്ലണ്ടിലേക്ക് അയച്ച് പരിശോധിപ്പിച്ച് പാറയുടെ ഗുണം തിട്ടപ്പെടുത്തി.

പാലത്തിനുവേണ്ടിയുള്ള കരിങ്കല്ല് പായിപ്രയ്ക്കടുത്തുള്ള തൃക്കളത്തൂരിൽനിന്ന് ആനകളെകൊണ്ട് വലിപ്പിച്ചും, കൈവണ്ടികളിൽ മനുഷ്യർ വലിച്ചും സ്ഥലത്തെത്തിച്ചു. കരിങ്കല്ല് ഡ്രസ് ചെയ്യാൻ മുളന്തുരിത്തിക്കടുത്തുള്ള കാരിക്കോട്നിന്ന് 20 തട്ടാന്മാരേയും, പണിയാനായി കൊച്ചിക്കടുത്തുള്ള പോഞ്ഞിക്കരനിന്ന് കുറെ പുലയരെയും തമിഴ്നാട്ടിൽനിന്ന് കുറെ കല്ലന്മാരെയും കൊണ്ടുവന്നു. ഇംഗ്ലണ്ടിൽനിന്നു കൊണ്ടുവന്ന പോർട്ടുലാന്റ് സിമിന്റാണ് വാർക്കാനും തൂണുകൾ പണിയാനും ഉപയോഗിച്ചത്. സുർക്കി ഉപയോഗിച്ചാണ് കരിങ്കൽ പണി നടത്തിയത്. അതിന് സിമന്റുപോലെ ബലമുള്ളതാണ്.

പാലം പണിയാൻ കല്ലുകൾ കൊണ്ടുവന്ന് ഡ്രസ് ചെയ്തപ്പോഴേക്കും ഒരു ലക്ഷം രൂപ തീർന്നു. എഞ്ചിനീയർ എമറാൾഡ് കുതിരവണ്ടിയിൽ പിറവത്ത്ചെന്ന് അവിടെനിന്ന് വള്ളംവഴി തിരുവനന്തപുരത്ത് എത്തി രാജാവിനെ കണ്ടുപറഞ്ഞു : "പാലംപണിക്ക് കല്ലുകൊണ്ടുവന്നതേയുള്ളൂ. പണം തീർന്നു. ഒരുലക്ഷം കൂടി അനുവദിക്കണം . ചെലവു പ്രതീക്ഷിക്കുന്നിടത്ത് നില്ക്കുന്നില്ല". രാജാവ് വിഷണ്ണനായി പറഞ്ഞു : "പണി തീരുമ്പോഴേക്കും ഭണ്ഡാരം ശൂന്യമാകുമല്ലോ. എന്തു ചെയ്യാം". രാജാവ് ഒരുലക്ഷം കൂടി അനുവദിച്ചു. അതുകൊണ്ട് പുഴയുടെ രണ്ടു വശങ്ങളിലുമുള്ള കാലുകളും പുഴയുടെ അകത്തുള്ള രണ്ട് കാലുകളും നിർമ്മിച്ചു. പിന്നെയും എഞ്ചിനീയർ രാജാവിനെ കണ്ട് കാശ് ചോദിച്ചു. രാജാവ് അത്യന്തം അസ്വസ്തനായി പറഞ്ഞു : "ഇതെന്താ സ്വർണ്ണം കൊണ്ടാണോ പാലം പണിയുന്നത് ? ഇങ്ങനെ പോയാൽ രാജ്യം പട്ടിണിയിലാകും. ഭണ്ഡാരത്തിൽ ഇനിയൊന്നും ശേഷിക്കുന്നില്ല". അദ്ദേഹം ഒരുലക്ഷം കൂടി അനുവദിച്ചു. അതുകൊണ്ട് പാലം പണി തീർത്തു. 3 ലക്ഷത്തോളം രൂപ ചെലവായി. (ibid, 217).

# ബലപരീക്ഷണവും ഉദ്ഘാടനവും

അങ്ങനെ മൂന്നു ലക്ഷം രൂപ മുടക്കി ഒരുവർഷംകൊണ്ട് മൂവാറ്റുപുഴയിലെ വലിയ പാലം പണി തീർത്തു. ഇത്തരം ഒരു കോൺക്രീറ്റ് പാലം ആദ്യമായിട്ടാണ് നാട്ടുകാർ കാണുന്നത്. അതുകൊണ്ട് പാലത്തിന് ബലമുണ്ടെന്ന് വിശ്വസിക്കുവാൻ ആർക്കും കഴിഞ്ഞില്ല. അതുകൊണ്ട് എഞ്ചിനീയർ 12 ആനകളെ കൊണ്ടുവന്ന് പാലത്തിലൂടെ നടത്തുകയും പാലത്തിൽ അവയെ നിറുത്തുകയും ചെയ്തു. എഞ്ചിനീയറും അയാളുടെ ഭാര്യയും ആ സമയത്ത് പുഴയിൽ പാലത്തിനുതാഴെ കെട്ടിയിട്ട വള്ളങ്ങളിൽ കസേരയിട്ട് ഇരുന്നു. പാലം ഉദ്ഘാടനം ചെയ്തപ്പോൾ അവർ അവിടെ ഇരിക്കുകയായിരുന്നു.

പാലത്തിന്റെ ഉദ്ഘാടനം ബഹുകേമമായി നടത്തി. മഹാരാജാവിനെ വള്ളംവഴി പിറവത്തും അവിടെനിന്ന് പല്ലക്കിൽ മൂവാറ്റുപുഴയിലും കൊണ്ടുവന്നു. പുഴയുടെ തെക്കേക്കരയിൽ ഇപ്പോൾ മുൻസിപ്പാലിറ്റി കെട്ടിടമിരിക്കുന്ന ഭാഗത്ത് ഉദ്ഘാടന കെട്ടിടമുണ്ടാക്കി രാജാവിനെ അവിടെയിരുത്തി. കൊച്ചിരാജാവിനെയും ക്ഷണിച്ചു വരുത്തിയിരുന്നു. “ഇത്രയും ഭീമമായ സംഖ്യ മുടക്കി പാലം പണിയണ്ടായിരുന്നു. ചങ്ങാടം മതിയായിരുന്നു” കൊച്ചിരാജാവ് പറഞ്ഞുപോയി. തിരുവിതാംകൂർ മഹാരാജാവ് ദിവാനായ മന്നത്തു കൃഷ്ണൻ നായരെക്കൊണ്ടാണ് പൊൻതാക്കോലുപയോഗിച്ച് താഴു തുറപ്പിക്കുകയും പാലം ഉദ്ഘാടനം ചെയ്തതായി പ്രഖ്യാപിക്കുകയും ചെയ്തത്. ഇത് മൂവാറ്റുപുഴയുടെയോ കേരളത്തിന്റെയോ മാത്രമല്ല ഭാരതത്തിന്റെ തന്നെ ഗതാഗതരംഗത്ത് തങ്കലിപികളിൽ രേഖപ്പെടുത്തേണ്ട മഹാസംഭവങ്ങളിൽ ഒന്നാണ്. (ibid, 217-219).

# X

# കേരള ക്രൈസ്തവരുടെ ഉന്നത പദവിയും തൊഴിലുകളും

ക്രൈസ്തവ സമൂഹത്തിന് ആദികാലം മുതൽ ഉന്നതമായ പദവി നല്കപ്പെട്ടിരുന്നു. ചേരമാൻ പെരുമാൾ രാജാവിന്റെ കാലത്ത് 72 പദവികൾ, രാജാക്കന്മാരും പ്രഭുക്കളും മാത്രം അനുഭവിക്കുന്ന വിശേഷവകാശങ്ങൾ കല്പിച്ചു കൊടുത്തു. ഇവിടെ വർണ്ണവിവേചനം നടപ്പായിരുന്നപ്പോഴും ഇന്ത്യൻ ഭരണഘടനയുണ്ടാക്കിയപ്പോഴും, ക്രിസ്ത്യാനികളെ പട്ടിക ജാതിയിലോ പിന്നോക്ക വർഗ്ഗത്തിലോ ഉൾപ്പെടുത്താതെ ഉന്നതകുല ജാതരായി കണക്കാക്കിയിരുന്നു. 16-ാം നൂറ്റാണ്ടിൽപോലും അവർണ്ണരെ മാമ്മോദീസ നല്കി ക്രിസ്ത്യാനിയാക്കുവാൻ ഇവിടത്തെ രാജാക്കന്മാർ സമ്മതിച്ചിരുന്നില്ല. അവർണർ ക്രിസ്ത്യാനികളായി, സവർണ്ണക്രിസ്ത്യാനികളുമായി സമ്പർക്കം പുലർത്തിയാൽ തങ്ങൾക്ക് സവർണ്ണക്രിസ്ത്യാനികളുമായി സമ്പർക്കും പുലർത്താൻ കഴിയില്ല എന്നതായിരുന്നു അവർ പറഞ്ഞിരുന്ന ന്യായം. അവർണ്ണസമ്പർക്കംമൂലം അശുദ്ധമായിത്തീരുന്ന വസ്തുക്കൾ തൊട്ട് ശുദ്ധമാക്കുവാൻ ക്രിസ്ത്യാനികളെയാണ് നമ്പൂതിരിമാർ ഉപയോഗിച്ചിരുന്നത്. അതിനായി നസ്രാണി ക്രിസ്ത്യാനികളെ നമ്പൂരിഭവനങ്ങൾക്ക് സമീപം അവർ പാർപ്പിച്ചിരുന്നു.

കേരളത്തിലെ മാർത്തോമ്മ ക്രിസ്ത്യാനികൾ നൂറോളം ബ്രാമണ ചാരങ്ങൾ (താലികെട്ട്, ശ്രാദ്ധം നടത്തൽ, കുട്ടികൾക്ക് പേരിടൽ, പൂണുൽ ധരിക്കൽ) ഈ അടുത്ത കാലംവരെ പാലിച്ചിരുന്നു. മറ്റു മതസ്ഥർ ക്രിസ്ത്യാനികളെ ബഹുമാനസൂചകമായ വാക്കുകൾ ഉപയോഗിച്ചാണ് വിളിച്ചിരുന്നത്. അവർണ്ണർ അവരെ "തമ്പ്രാൻ", "തമ്പ്രാട്ടി", "പാണ്ടിയേൻ", "പാണിച്ചി" എന്നിങ്ങനേയും സവർണ്ണവർ അവരെ "നാ

നാർ", "നേത്യാരമ്മ", "മാപ്പിള" എന്നിങ്ങനെയും വിളിച്ചിരുന്നു. 9-ാം നൂറ്റാണ്ടിൽ ഇവിടെ കുടിയേറിയ മുസ്ലീങ്ങൾ ക്രിസ്ത്യാനികളെ ചേട്ടന്മാരെന്നും, ക്രിസ്ത്യാനികൾ അവരെ തമ്പിമാരെന്നും (അനുജന്മാർ) വിളിച്ചുപോന്നു. ക്രിസ്തുമതം മൂന്നാം വേദവും, ഇസ്ലാംമതം നാലാം വേദവുമാണെന്നതാണ് ആ വിളിയുടെ അടിസ്ഥാനം. പിതാവായ അബ്രാഹത്തിന്റെ കാലത്തെ യഹൂദമതം ഒന്നാം മതവും, പിൽക്കാലത്ത് പരിഷ്കരിക്കപ്പെട്ട യഹൂദമതം രണ്ടാം മതവും, യേശു പരിഷ്കരിച്ചുണ്ടാക്കിയത് മൂന്നാം മതവും, നബി പരിഷ്കരിച്ചുണ്ടാക്കിയത് നാലാം മതവുമാണെന്ന് കരുതുന്നു.

ക്രൈസ്തവ കുടുംബങ്ങളിൽ വിളിക്കാൻ ഉപയോഗിച്ചിരുന്ന പദങ്ങൾ രാജകുടുംബത്തിലേതു തന്നെയായിരുന്നു. അപ്പൻ, അമ്മ, അപ്പാപ്പൻ, അമ്മൂമ്മ, പേരപ്പൻ, പേരമ്മ, ചിറ്റപ്പൻ, ചിറ്റമ്മ, ചേട്ടൻ, അനുജൻ, പെങ്ങൾ, ആങ്ങള മുതലായ പദങ്ങൾ രണ്ടുകൂട്ടരും ഉപയോഗിച്ചിരുന്നു. കുടുംബസംബന്ധപ്പേരുകൾ വിളിച്ചിരുന്നതുകൊണ്ടാണ് ഒരാൾ എത്രാം തലമുറയിലെതാണെന്ന് മനസ്സിലാക്കിയിരുന്നത്.

## തൊഴിലുകൾ :

വ്യാപാരവും കൃഷിയുമായിരുന്നു കേരള നസ്രാണികളുടെ പ്രധാന തൊഴിലുകൾ. സുഗന്ധദ്രവ്യങ്ങളുടേയും, മുത്ത്, പവിഴം, രത്നം, പട്ട് മുതലായവയുടേയും വ്യാപാരം 9-ാം നൂറ്റാണ്ടുവരെ കേരള ക്രിസ്ത്യാനികൾ നിർവിഘ്നം നടത്തിയിരുന്നു. 9-ാം നൂറ്റാണ്ടിൽ മുസ്ലീമുകൾ കച്ചവട കുത്തക പിടിച്ചടക്കിയപ്പോൾ ക്രിസ്ത്യാനികൾ കൃഷിയിലേക്കും സുഗന്ധവ്യഞ്ജന ഉത്പാദനത്തിലേക്കും പിന്മാറി. പട്ടണങ്ങളും നഗരങ്ങളും വിട്ട് അവർ കൃഷി ഭൂമികൾ തേടി പോയി. വ്യാപാരം നടത്തുവാനും അങ്ങാടികൾ സ്ഥാപിക്കാനും രാജാക്കന്മാരും പ്രഭുക്കന്മാരും ക്രിസ്ത്യാനികളെയാണ് നിയമിച്ചാക്കിയിരുന്നത്. അങ്ങനെ കേരളത്തിലുടനീളമുള്ള അങ്ങാടികൾ എല്ലാംതന്നെ ക്രൈസ്തവർ സ്ഥാപിച്ചതാണ്. മൂവാറ്റുപുഴ വലിയ അങ്ങാടിയും (പള്ളിക്കടുത്ത് പുഴയുടെ തീരത്ത്) കൊച്ചങ്ങാടിയും (വലിയ പാലത്തിന്റെ വടക്കേത്തലയ്ക്കൽ) തുടങ്ങിയതും നടത്തിക്കൊണ്ടിരുന്നതും ക്രിസ്ത്യാനികളാണ്. എങ്കിലും 9-ാം നൂറ്റാണ്ടിനുശേഷം വ്യാപാരരംഗത്ത് പിടിച്ചു നില്ക്കുവാൻ ക്രൈസ്തവർക്ക് കഴിഞ്ഞില്ല.

അവർ വൻതോതിൽ കൃഷിഭൂമി തേടി കൃഷിക്കായി പുറപ്പെട്ടു.

കേരളത്തിലെ കാർഷിക വ്യവസ്ഥിതിയുടെ നട്ടെല്ല് ക്രൈസ്തവ സമൂഹമാണ്. കേരള ചരിത്രത്തിലെ "സുവർണ്ണയുഗം" സൃഷ്ടിച്ചത് ക്രൈസ്തവരാണ് (Cf. എ. ശ്രീധരമേനോൻ, കേരള ചരിത്രം, കോട്ടയം, 1967, പുറം 181). ഇവിടത്തെ കാർഷിക വിപ്ളവം അവരുടെ അദ്ധ്വാനഫലമാണ്. വ്യാപകമായതോതിൽ ഭക്ഷ്യവിഭവങ്ങളും, നാണ്യവിളകളും ഉത്പാദിപ്പിക്കുന്നത് ക്രൈസ്തവ സമൂഹമാണ്. കൂടാതെ ക്രിസ്ത്യാനികൾ ആയുധ പരിശീലനവും നടത്തിയിരുന്നു. രണ്ടാം ചേരസാമ്രാജ്യത്തിന്റെ (A.D. 800-1102) അസ്തമയത്തിനുശേഷം ആയുധപരിശീലനത്തിന് പ്രാധാന്യം കൂടി. 16, 17 നൂറ്റാണ്ടുകളിൽ കരകൾ തോറും ആയുധാഭ്യാസം നടത്തുന്ന കളരികളും അഭ്യസിപ്പിക്കുന്ന കളരി ഗുരുക്കളും, പണിക്കർമാരും, കുറുപ്പന്മാരും, പടനിലങ്ങളുമുണ്ടായിരുന്നു. നായന്മാരും കുറുപ്പന്മാരും മാത്രമല്ല ക്രൈസ്തവരും കളരി ഗുരുക്കന്മാരായിരുന്നിട്ടുണ്ട്. യൂറോപ്യന്മാർ ആധുനിക യുദ്ധോപകരണങ്ങൾ കൊണ്ടുവന്നപ്പോഴാണ് കേരളത്തിലെ കളരിപ്പയറ്റിന്റെ ആവശ്യമില്ലാതായത്. അതിനുമുമ്പ് ഓരോ കുടുംബത്തിലേയും കുട്ടികൾ ആയുധപരിശീലനം നേടിയിരുന്നു. ഇങ്ങനെ ക്രൈസ്തവർ ക്ഷത്രിയധർമ്മം നിർവ്വഹിച്ചിട്ടുള്ളവരും കേരള രാഷ്ട്രീയത്തിൽ സുപ്രധാന പങ്ക് വഹിച്ചിട്ടുള്ളവരുമാണ്.

ആയുധങ്ങളുമായിട്ടാണ് ക്രിസ്ത്യാനികൾ സഞ്ചരിച്ചിരുന്നത്. പള്ളിയിൽ പ്രവേശിക്കുമ്പോൾ വാളും പരിചയും പള്ളിയുടെ മുഖമണ്ഡപത്തിൽ സൂക്ഷിക്കുകയും പ്രാർത്ഥന കഴിഞ്ഞ് തിരിച്ച് എടുത്തുകൊണ്ട് പോകുകയും ചെയ്തിരുന്നു. ക്രിസ്ത്യാനികൾ അടുത്തകാലം വരെ പിച്ചാത്തി കൊണ്ടുനടന്നിരുന്നത് വാളിന് പകരമായിട്ടാണ്. കളരിപ്പയറ്റ് പഠിച്ചുകഴിഞ്ഞവർക്ക് വാളും പരിചയും പിച്ചാത്തിയും കളരി ഗുരു നല്കുന്നതാണ്.

# കളരികളും കളരിഗുരുക്കന്മാരും

യുദ്ധമുറ പരിശീലിപ്പിക്കൽ കുലവൃത്തിയായി സ്വീകരിച്ചിരുന്നവർക്ക് "പണിക്കർ" എന്ന സ്ഥാനപ്പേരുണ്ടായിരുന്നു. കളരിഗുരുക്കൾ (കുരുക്കൾ), കുറുപ്പ്, കളരിയാശാൻ എന്നൊക്കെ അവർ വിളിക്കപ്പെട്ടു.

ബർബോസ, ഗോവെയാ മുതലായ വിദേശചരിത്രകാരന്മാർ ഇവരെപ്പറ്റി വിശദമായി എഴുതിയിട്ടുണ്ട്. കച്ചകെട്ടിച്ച്, വാള്, കുന്തം, ഗദ മുതലായ ആയുധങ്ങൾ ഉപയോഗിച്ച് യുദ്ധം ചെയ്യാൻ പഠിപ്പിക്കുക, രാജാക്കന്മാർ ആവശ്യപ്പെടുമ്പോൾ സ്വന്തം യോദ്ധാക്കളെ യുദ്ധത്തിൽ നയിക്കുക, ഒഴിവുസമയങ്ങളിൽ രണവീര്യവും പരിചയവും നിലനിറുത്താൻ പടനിലങ്ങളിൽ വിനോദപ്പയറ്റുകൾ നടത്തുക മുതലായവ അവരുടെ ജോലിയായിരുന്നു. തിരുമ്മുവിദ്യയിലും, മർമ്മവിദ്യയിലും, മർമ്മചികിത്സ യിലും, ആയോധനവിദ്യാപരമായ പതിനെട്ട് അടവുകളിലും അവർ സമർത്ഥരായിരുന്നു. അവർക്ക് താമസിക്കാനും കളരി നടത്താനും ഇടപ്ര ഭുക്കന്മാർ സൗകര്യപ്രദമായ സ്ഥലം അവകാശമായി നല്കിയിരുന്നു. ആ സ്ഥലത്തിന് ഗുരുക്കൂറ് എന്ന പേരു പറഞ്ഞു പോന്നു. ഇല്ലക്കൂറ്, സ്വരൂപക്കൂറ്, ക്ഷേത്രക്കൂറ് എന്നൊക്കെ പറയുന്നതു പോലെതന്നെ.

നായന്മാരും നമ്പൂതിരിമാരുമായിരുന്നു കളരിഗുരുക്കളിൽ അധികവും. കടത്തനാടൻ ഗുരുക്കൾ സുപ്രസിദ്ധരാണ്. അവരിൽ ചിലർ 18-ാം നൂറ്റാണ്ടിൽ ഇസ്ലാംമതം സ്വീകരിച്ചെങ്കിലും ഗുരുക്കൾ (കുരുക്കൾ) എന്ന സ്ഥാനപ്പേര് തുടർന്നുപോന്നു. പതിനാറാം നൂറ്റാണ്ടിൽ യൂറോപ്യ ന്മാർ വന്നതിനുശേഷമാണ് പഴയരീതിയിലുള്ള ആയോധനവിദ്യയുടെ പ്രാധാന്യം കുറഞ്ഞത്. അങ്ങനെ കളരികൾ ഇല്ലാതായി (മാർത്താണ്ഡ വർമ്മ ഏറെ കർത്താക്കന്മാരുടെ കളരികൾ നശിപ്പിച്ചിരുന്നു, അവർ സംഘടിച്ച് ആക്രമിക്കാതിരിക്കാൻ).

ക്രിസ്ത്യാനികളിലും ധാരാളം കളരിഗുരുക്കൾ “പണിക്കർ” എന്ന സ്ഥാനപ്പേരോടുകൂടിയവർ ഉണ്ടായിരുന്നു. നായന്മാരെയും അവർ അഭ്യസിപ്പിച്ചിരുന്നു. മൂവാറ്റുപുഴയ്ക്കടുത്തുള്ള ആവോലിയിലെ വള്ളിക്കടവ് (വള്ളിക്കട) പണിക്കർ, കാരക്കുന്നത്തു പണിക്കർ, കടമറ്റത്തു പണിക്കർ, പുന്നമറ്റത്തു പണിക്കർ, മുതലക്കോടത്തു പണിക്കർ, കോതമംഗലത്ത് ഇലഞ്ഞിക്കൽ പണിക്കർ, കുമ്പനാട്ട് വലിയവീട്ടിൽ പണിക്കർ മുതലായവർ ക്രിസ്ത്യാനികളായിരുന്നു. അവർക്കെല്ലാം കളരികളുണ്ടായിരുന്നു. ആവോലി വള്ളിക്കടവു പണിക്കർ വിശ്വാസത്തിൽ ക്രിസ്ത്യാനിയും, ആചാരമര്യാദകളിൽ ഹിന്ദുവുമായിരുന്നു. അവരുടെ കളരി ഇന്നുമുണ്ട്. അവർക്ക് സ്വന്തമായ ശ്മശാനമുണ്ടായിരുന്നു. യൂറോപ്യൻ മിഷനറിമാരുടെ വരവിനുശേഷം

ക്രിസ്തീയ പണിക്കന്മാർ ആയുധപരിശീലനം കുറയ്ക്കുകയുണ്ടായി.

ജനസമൂഹത്തെ ബ്രാഹ്മണർ (വേദം പഠിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നവർ), ക്ഷത്രിയർ (ക്ഷതത്തിൽനിന്ന്, നാശത്തിൽനിന്ന് രക്ഷിക്കുന്നവർ), വൈശ്യർ (വ്യാപാരവും, കൃഷിയും ചെയ്യുന്നവർ), ശൂദ്രർ (മറ്റുള്ളവർക്കു സേവനം ചെയ്യുന്നവർ) എന്നിങ്ങനെ ആര്യന്മാർ തരംതിരിച്ചിരുന്നല്ലോ. അത്തരം തിരിവിന്റെ അടിസ്ഥാനം തൊഴിലാണ്. വംശമല്ല. പിന്നീടത് ജാതിതിരിവിന്റെ അടിസ്ഥാനമായെന്നേ ഉള്ളൂ. പിൽക്കാലങ്ങളിൽ ബ്രാഹ്മണരും ക്ഷത്രിയധർമ്മം നിർവ്വഹിച്ചിട്ടുണ്ട്. വിദ്യാലയങ്ങളിൽ ആയുധപരിശീലനവും നൽകിയിരുന്നു. ബ്രഹ്മണർ ക്ഷത്രിയധർമ്മം നിർവ്വഹിച്ചതിന്റെ ഒരു ഉദാഹരണമാണ് എളംകല്ലൂർ (എടപ്പള്ളി) സ്വരൂപം. നമ്പൂതിരിമാരും പട്ടാളസേവനം നടത്തിയിരുന്നതിന്റെ തെളിവുകളുണ്ട്. രാജ്യരക്ഷയ്ക്കു മാത്രമല്ല, സ്വയംരക്ഷയ്ക്കും ആയുധാഭ്യാസം പണ്ട് അത്യന്താപേക്ഷിതമായിരുന്നു. തിരുവല്ല താലൂക്കിലെ കല്ലന്താറ്റു ഗുരുക്കൾ ചെങ്ങന്നൂർ ഗ്രാമത്തിലെ ബ്രാഹ്മണ ഗുരുക്കൾ (മാമ്പള്ളിപ്പണ്ടാരത്തിൽ അഥവാ വഞ്ഞിപ്പുഴ പണ്ടാരത്തിൽ), ചങ്ങനാശ്ശേരി കങ്ങഴ ഗ്രാമത്തിലെ അയിരേടത്തു പണിക്കർ (കങ്ങഴ മണിമല റോഡിന് സമീപം) മുതലായവർ ബ്രാഹ്മണ യോദ്ധാക്കളും, മാടമ്പിമാരും കളരി ഗുരുക്കളുമായിരുന്നു.

# കളരികളുടെ സ്വഭാവം

യോദ്ധാക്കളെ പരിശീലിപ്പിക്കുന്ന കളരികളുടെ ഒരു ലഘു വിവരണം താഴെ കൊടുക്കുന്നു :

കളരികളിൽ കച്ചകെട്ടും തിരുമ്മും നടത്തി അടിയും തടയും ചുവടുവയ്പും മർമ്മവിദ്യയും ചികിത്സമുറകളും പഠിപ്പിച്ചിരുന്നു. അമ്പും വില്ലും, കുന്തവും വാളും പരിചയും, വേലും ഉപയോഗിക്കാൻ പഠിപ്പിക്കും. ഓരോ ഇനത്തിനും പ്രത്യേക ഗുരുക്കൾ ഉണ്ടായിരിക്കും. കളരിക്ക് 20 അടി നീളവും 15 അടി വീതിയും കാണും. ഉറപ്പുള്ള മേൽപ്പുരയുണ്ടാകും. തറയിൽ ആറടിയോളം താഴ്ചയുള്ള വലിയ കുഴി കവടി നിരത്തി ഉറപ്പിച്ച് എണ്ണയും മറ്റും പൂശി വഴുവഴുപ്പുള്ളതാക്കും. ആ കുഴിയിലാണ് പരിശീലനം. ഇടവപ്പാതിയിലാണ് പരിശീലനം

തുടങ്ങുന്നത്. തുടക്കത്തിൽ ശിഷ്യന്മാർ മുണ്ട്, കച്ച, പണം, വെറ്റില, പാക്ക് എന്നിവ ഗുരുവിന് സമ്മാനമായി നൽകും. പരിശീലനകാലത്ത് അരക്കച്ച മാത്രമേ ധരിക്കാവൂ. ആശാനും ശിഷ്യരും ദേഹത്താകെ എണ്ണ പുരട്ടിയിട്ടാണ് അഭ്യാസം തുടങ്ങുന്നത്. അവയവങ്ങളും നട്ടെല്ലും വളച്ച് അനേകതരം അഭ്യാസങ്ങൾ നടത്താനും പഠിപ്പിക്കും. തേക്കുതടികൊണ്ടുള്ള കുറുവടികൾ ഉപയോഗിച്ച് അടിയും തടയും (അടിക്കലും, തടയലും) പഠിപ്പിക്കും. അടിയേൽക്കാതെ, ഒഴിയാനുള്ള ചുവടുകൾ പഠിപ്പിക്കും. രണ്ടുപേർ തമ്മിൽ അടിച്ചുകൊണ്ടിരിക്കേ, മൂന്നാമൻ പിറകിൽവന്നു കഴുത്തിലടിക്കാൻ ശ്രമിക്കുമ്പോൾ തടുക്കുവാനും പരിശീലിപ്പിക്കും. അഭ്യാസം കുറഞ്ഞത് 5 വർഷത്തേക്കാണ് (കുറുപ്പുംവീട്ടിൽ ഗോപാലക്കുറുപ്പ്, കേരളമഹാചരിത്രം II, പുറം 104, 105 കാണുക).

നായന്മാർ എന്നത് ഒരു ജാതിപ്പേരായിരുന്നില്ല. യുദ്ധം ചെയ്യുന്നവരെയും, യുദ്ധം നയിക്കുന്നവരെയുമാണ് ആ പേര് സൂചിപ്പിച്ചിരുന്നത്. അതുകൊണ്ടാണ് മാർതോമ്മാ ക്രിസ്ത്യാനികളെ മറ്റു മതക്കാർ നായനാർ, നാനാർ എന്നിങ്ങനെ വിളിച്ചുവന്നത്. മുതലക്കോടത്തിനു കിഴക്കുള്ള ആർപ്പാമറ്റവും, മാറാടിയിലെ കുരുക്കൂർ തറവാടിനു പടിഞ്ഞാറുള്ള മാറാട്ടുകുടി പറമ്പും ഇത്തരം പടനിലങ്ങളായിരുന്നു. ആർപ്പുവിളിക്കുന്ന മറ്റം (നിരന്നസ്ഥലം) ആണ് ആർപ്പാമറ്റം. മാറാടുന്ന (യുദ്ധം ചെയ്യുന്ന) കുടിയാണ് മാറാട്ടുകുടി.

വാളർ (വാൾ ധരിക്കുന്നവർ), വേലർ (വേല് വഹിക്കുന്നവർ), മഴുവർ (മഴു വഹിക്കുന്നവർ) എന്നിങ്ങനെ പട്ടാള വിഭാഗങ്ങളുണ്ടായിരുന്നു. അതനുസരിച്ച് സ്ഥലപ്പേരുകളുമുണ്ടായി (ഉദാ: മഴുവണ്ണൂർ, വേലൂർ, വേളൂർ, വാളൂർ, വാഴൂർ). പതിനാറും പതിനേഴും നൂറ്റാണ്ടുകളിലെ കേരളത്തിന്റെ രാഷ്ട്രീയ സാമൂഹികജീവിതം കളരികളെയും കളരിപ്പയറ്റിനെയും ആശ്രയിച്ചുള്ളതായിരുന്നു. (Cf. ശ്രീധരമേനോൻ, കേരളചരിത്രം, കോട്ടയം, 1967, പുറം 201, 329-330). ഇരുമ്പ് "ഊതിയെടുത്തത്", ഇരുമ്പായുധങ്ങൾ നിർമ്മിക്കാനുള്ള ശാലകളും കളരികളോട് ചേർന്ന് ഉണ്ടായിരുന്നു. (ഒരു വംശവും പല നാടുകളും. പേജ് 12-19,135-139, റവ. ഡോ. ജോർജ്ജ് കുരുക്കൂർ).

# XI

# കാരക്കുന്നത്തെ പ്രഥമ ദൈവാലയം

## (ഇപ്പോഴത്തെ യാക്കോബായ പള്ളി)

മൂവാറ്റുപുഴയുടെ പ്രാന്തപ്രദേശമാണ് കാരക്കുന്നം എന്ന് മുമ്പ് സൂചിപ്പിച്ചുവല്ലോ. മൂവാറ്റുപുഴ പട്ടണത്തിൽനിന്ന് ഏതാണ്ട് മൂന്ന് കിലോമീറ്റർ അകലെ മൂവാറ്റുപുഴ - കോതമംഗലം റൂട്ടിൽ ദേശീയ പാതയുടെ ഇരുവശങ്ങളിലുമായി കാരമുൾച്ചെടികൾ നിറഞ്ഞുനിന്നിരുന്ന രണ്ട് ചെറിയ കുന്നുകളാണ് കാരക്കുന്ന് എന്ന പേരിൽ അറിയപ്പെട്ടിരുന്നത്. പില്ക്കാലത്ത് സമീപപ്രദേശങ്ങൾക്കും ഈ പേര് നല്കപ്പെട്ടു. എന്നാൽ 1800-ാമാണ്ടിനു ശേഷമാണ് കാരക്കുന്നം എന്ന പേര് പ്രസദ്ധിയാർജ്ജിച്ചത്.

അതിനുമുമ്പ്, ഈ പ്രദേശം പെരുമറ്റം എന്ന പേരിലാണ് അറിയപ്പെട്ടിരുന്നത്. മൂവാറ്റുപുഴ - കോതമംഗലം റോഡിന്റെ ഇടതുവശത്തെ കുന്നിൽ പ. കന്യകാമറിയത്തിന്റെ നാമത്തിൽ സ്ഥിതിചെയ്യുന്ന ദേവാലയം (ഇപ്പോഴത്തെ യാക്കോബായ പള്ളി) പെരുമറ്റം പള്ളിയെന്നാണ് പഴയ രേഖകളിൽ അറിയപ്പെട്ടിരുന്നത്. ഇതിന്റെ സ്ഥാപനവും ആദിമചരിത്രവും സംബന്ധിച്ച റിക്കാർഡുകൾ ഓലയിലും, മരത്തിലും, ശിലയിലും രേഖപ്പെടുത്തിയിരുന്നവ പല കാരണങ്ങളാൽ പല കാലങ്ങളിലായി നഷ്ടപ്പെട്ടുപോയി. എങ്കിലും ലഭ്യമായ രേഖകളിൽനിന്ന് A.D. 1065-ൽ (കൊല്ലവർഷം 241) കുരിശും 14-ാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ (കൊല്ലവർഷം 475 വൃശ്ചികമാസം 10-ാം തീയതി (നവംബർ 28)) പള്ളിയും സ്ഥാപിക്കപ്പെട്ടുവെന്നാണ് വിശ്വസിക്കുന്നത്.

ക്രിസ്തുമതം സ്വീകരിച്ച സ്ഥലവാസികളായിരുന്നവരും മറ്റു ക്രിസ്ത്യൻ കേന്ദ്രങ്ങളിൽനിന്നു പല കാലങ്ങളിലായി കൃഷിക്കും കച്ചവടത്തിനുംവേണ്ടി ഇവിടെ കുടിയേറിയ വിശ്വാസികളും ചേർന്ന്

Cf: ചായൽ മുതൽ കാരക്കുന്നം വരെ II- ാം ഭാഗം P. 4, റവ. ഡോ. ജി. കുരുക്കൂർ.

കടമറ്റത്ത് പള്ളിയിൽനിന്ന് കത്തനാർമാരെ വരുത്തി സ്വീകരിച്ച്, കുരിശുനാട്ടി, തമുക്കുനേർച്ച നല്കി, സത്കരിച്ചു എന്നാണ് ഐതിഹ്യം. സ്ഥാപനകാലം മുതൽ എല്ലാ വർഷവും വൃശ്ചികം 10-ന് തമുക്കു നേർച്ചയോടുകൂടി ഈ പള്ളിയുടെ പ്രതിഷ്ഠാ തിരുനാൾ നാനാജാതി മതസ്ഥരും ചേർന്ന് ഇന്നും ആചരിച്ചു പോരുന്നു.

ഈ പള്ളിയും അതിനോട് അനുബന്ധിച്ചുണ്ടായിരുന്ന മല്പാൻ ഭവനവും (സെമിനാരി) സംബന്ധിച്ച് പോർട്ടുഗീസ് രേഖകളിൽ ചരിത്രകാരന്മാർ ഉദ്ധരിച്ചിരിക്കുന്നതിൽനിന്ന് ഈ പള്ളിക്ക് നൂറ്റാണ്ടുകൾക്ക് മുമ്പ് ഉണ്ടായിരുന്ന ചരിത്രപരമായ പ്രശസ്തിയും പ്രാധാന്യവും ഗ്രഹിക്കാവുന്നതാണ്.

A.D. 1794-ൽ പൗളിനൂസ് പാതിരി പ്രസിദ്ധികരിച്ച "ഇന്ത്യ ഓറിയന്താലിസ് ക്രിസ്ത്യാനാ" എന്ന ഗ്രന്ഥത്തിൽ പള്ളികളുടെ ലിസ്റ്റിൽ കാരക്കുന്നം പള്ളിയെക്കുറിച്ച് പറയുന്നത് 'പെരുമറ്റം പ. കന്യകമറിയത്തിന്റെ പള്ളി' എന്നാണ്. കത്തോലിക്കാ ദേവാലയങ്ങളുടെ ലിസ്റ്റിലാണ് ഈ ദേവാലയത്തെ ഉൾപ്പെടുത്തിയിരിക്കുന്നത്. അതുകൊണ്ട് 1794-നു ശേഷമാണ് ആ പള്ളി യാക്കോബായ സഭയിലായതെന്ന് വ്യക്തം. (Cf Idem. മൂന്നാം ഭാഗം P. 24)

പെരുമറ്റം അന്ന് നാടിന്റെ പ്രസിദ്ധമായ ഒരു വ്യാപാര കേന്ദ്രമായിരുന്നു. പെരുമറ്റത്ത് ഒരു കർത്താവും (നമ്പൂതിരി) അയാളുടെ വക ഒരു ചന്തയുമുണ്ടായിരുന്നു. മൂവാറ്റുപുഴ ചന്ത തുടങ്ങുന്നതിനുമുമ്പ് പെരുമറ്റം പറയും പെരുമറ്റം നാഴിയുമെല്ലാം അംഗീകൃത അളവുപാത്രങ്ങളായിരുന്നു. (Cf. ഒരു വംശവും പല നാടുകളും P. 224). (ചായൽ മുതൽ കാരക്കുന്നം വരെ I-ാം ഭാഗം P. 24).

മാർ ഗീവറുഗീസ് സഹദാ, മാർ കുരിയാക്കോസ് സഹദാ, മാർ ശ്മുയേൽ കാദിശാ എന്നീ വിശുദ്ധരുടെ തിരുശേഷിപ്പുകൾ താഴെ കുരിശുപള്ളിയിൽ A.D. 1752 വൃശ്ചികം 20-ാം തീയതി സ്ഥാപിതമായതോടെ കുരിശുപള്ളി പെരുന്നാളായി വിശുദ്ധന്മാരുടെ ഓർമ്മ വൃശ്ചികം 20-ാം തീയതി ആഘോഷപൂർവ്വം അടുത്ത കാലംവരെ കൊണ്ടാടിയിരുന്നു. എന്നാൽ രണ്ടു പെരുന്നാളുകളും വളരെ അടുത്ത ദിവസങ്ങളിൽ ആയതിനാൽ ഏകോപിച്ചു കൊണ്ടാടാമെന്നുള്ള ഇടവകപൊതുയോഗ തീരുമാനപ്രകാരം സംയുക്തമായി വൃശ്ചികം 15-ന് ആഘോഷിച്ചു വരുന്നു.

# XII

# ആഞ്ഞിലിക്കുടി തറവാട് രൂപംകൊള്ളുന്നു

ചങ്ങനാശ്ശേരി താലൂക്കിലെ ചമ്പക്കുളത്തെ കുര്യാളശ്ശേരി തറവാട് കുടുംബത്തിൽനിന്ന് മൂവാറ്റുപുഴയിലേക്ക് കുടിയേറിയ കാരണവരും മക്കളും മൂവാറ്റുപുഴയുടെ അയൽപ്രദേശമായ കാരക്കുന്നത്ത് (ഇപ്പോഴത്തെ യാക്കോബായ പള്ളിയുടെ താഴെ) പള്ളിത്താഴത്ത് എന്ന വീട്ടുപേരിൽ താമസം ആരംഭിച്ചു എന്നാണ് കേട്ടറിവ്. കുടിയേറിയ കാരണവരും മക്കളും കളരിപ്പയറ്റിലും മറ്റ് ആയുധാഭ്യാസമുറകളിലും സമർത്ഥരായിരുന്നതുകൊണ്ട് അന്ന് ഇവിടെ നാടുവാണിരുന്ന കർത്താവ് അവരെ സ്വീകരിക്കുകയും അവർക്കുവേണ്ട എല്ലാ ജീവിത സൗകര്യങ്ങളും ഒരുക്കിക്കൊടുക്കുകയും ചെയ്തു. ഇങ്ങനെ കഴിയുമ്പോൾ കാരണവരുടെ ഏഴുമക്കളിൽ ഒരാൾ വിരശൂല രോഗം ബാധിച്ച് മരിച്ചുപോയി. മറ്റു ആറുപേരും വളർന്ന് വിവാഹിതരായി. ജീവിതാവശ്യങ്ങൾ വർദ്ധിച്ചപ്പോൾ കൂടുതൽ കൃഷിയിടങ്ങളും സൗകര്യങ്ങളും അന്വേഷിച്ച് അവരുടെ കുടുംബം പള്ളിത്താഴത്തുനിന്ന് കോതമംഗലം ആറിന്റെ മറുകരയിലേക്ക് താമസം മാറ്റി. ആ പുരയിടത്തിന്റെ പേരാണ് ആഞ്ഞിലിക്കുടി. അങ്ങനെ ചമ്പക്കുളത്തെ കുര്യാളശ്ശേരി കുടുംബാംഗം മൂവാറ്റുപുഴയിലെ ആഞ്ഞിലിക്കുടി തറവാടിന്റെ സ്ഥാപകനായി.

ഈ കാരണവരുടെയോ ഭാര്യയുടെയോ മക്കളുടെയോ ഒന്നും പേരുകൾ നമുക്കറിഞ്ഞുകൂടാ. കാരണവരുടെ വിവാഹിതരായ ആറുമക്കളിൽ ഒരാൾക്ക് സന്താനങ്ങളുണ്ടായില്ല. മറ്റ് അഞ്ചുപേരിൽ ഒരാൾ ആരക്കുഴ എടാട്ടേൽ കുടുംബത്തിൽ നിന്ന് വിവാഹം ചെയ്ത് ദത്തുപോയി. ഈ കാരണവരുടെ പേര് തോമസ് എന്നാണ് പറയപ്പെടു

ന്നത്. അവശേഷിച്ച നാലുപേരിൽ ഒരാൾ കാവുംപുറം പുരയിടത്തിലേക്കും രണ്ടാമൻ കരിങ്ങാട്ടിൽ പുരയിടത്തിലേക്കും മൂന്നാമൻ മുളവൂർ പ്രദേശത്തുള്ള അമ്പാട്ടുകുടി പുരയിടത്തിലേക്കും മാറിതാമസിക്കുകയും നാലാമൻ ആഞ്ഞിലിക്കുടി തറവാട്ടിൽത്തന്നെ താമസമാക്കുകയും ചെയ്തു.

കുര്യാളശ്ശേരി കുടുംബാംഗങ്ങൾ ഇവിടെ വന്നപ്പോൾ താമസമുറപ്പിച്ച കാരക്കുന്നം പഴയപള്ളി (ഇപ്പോഴത്തെ യാക്കോബായ പള്ളി) ഇരിക്കുന്ന കുന്നിന്റെ കിഴക്കേഭാഗത്ത് ഒരു കാവ് മുടിഞ്ഞു കിടന്നിരുന്നതായി പറയുന്നുണ്ട്. പിന്നീട് മക്കൾ മാറി താമസിക്കുവാൻ സമയമായപ്പോൾ ഈ കാവിന്റെ പരിധിക്കു പുറത്ത് അടുത്തുള്ള പുരയിടത്തിൽ വസിക്കുവാൻ ഇടയായതുകൊണ്ടാകാം കാവുംപുറത്തു എന്നു വീട്ടുപേരുണ്ടാകൻ കാരണമെന്ന് ഊഹിക്കുന്നു. അക്കാലത്ത് ഇഞ്ചൂരുണ്ടായിരുന്ന ഒരു കരിങ്ങാട്ടിൽ കർത്താവിന്റെ സ്ഥലം വാങ്ങി താമസിച്ച ആൾക്ക് കരിങ്ങാട്ടിൽ എന്ന വീട്ടുപേര് വന്നു എന്നു പറയുന്നു.

ചമ്പക്കുളത്തുനിന്നു മൂവാറ്റുപുഴയിൽ അധിവാസമുറപ്പിച്ച കാരണവർ 17- ാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ ആയിരിക്കാം ഇവിടെ എത്തിയത് എന്നാണ് നിഗമനം. കാരണം കേരള നസ്രാണിസഭയിലെ ആദ്യ പിളർപ്പിനു കാരണമായ - യാക്കോബായ സമൂഹത്തിനു ജന്മം നൽകിയ - കൂനൻ കുരിശ് സത്യം നടന്നത് 1653-ൽ ആണ്. കാവുംപുറം, കരിങ്ങാട്ടിൽ, പുതയത്തുമോളേൽ, ആഞ്ഞിലിക്കുടി കുടുംബാംഗങ്ങളെ പേരപ്പ, പേരമ്മേ, ചിറ്റപ്പ, ഇളയമ്മേ, എന്ന കുടുംബബന്ധ പേരുകളിൽ സംബോധന ചെയ്യുന്നവരും ആഞ്ഞിലിക്കുടി കുടുംബത്തോടും ചമ്പക്കുളത്തെ കുര്യാളശ്ശേരി കുടുംബത്തോടുംമുള്ള ബന്ധം അവകാശപ്പെടുന്നവരുമായ നമ്മുടെ ധാരാളം സഹോദരങ്ങൾ ഇന്ന് യാക്കോബായ സഭയിൽ അധിവസിക്കുന്നുണ്ട്. ഉദാ: പുതുപ്പാടി, കോഴി പ്പിള്ളി, പരീക്കണ്ണി, മച്ചിപ്ലാവ്, മന്നാംകണ്ടം പ്രദേശങ്ങളിൽ വസിക്കുന്ന കൂത്തമറ്റത്തിൽ, അമ്പാട്ടുകുടി കുടുംബങ്ങൾ. അതുകൊണ്ട് കൂനംകുരിശ് സത്യം നടന്ന 1653-ന് മുമ്പ് ആഞ്ഞിലി ക്കുടി തറവാട് ഇവിടെ ശാഖോപശാഖകളായി വളർന്നു കഴിഞ്ഞിട്ടുണ്ടാ കണമെന്നും ആഞ്ഞിലിക്കുടി തറവാട്ടിലെ ഒരു കാരണവരുടെ മക്കൾപരമ്പരയാണ് മേൽപ്പറയപ്പെട്ട കുടുംബാംഗങ്ങൾ എന്നുമാണ് അനുമാനിക്കപ്പെടുന്നത്.

രണ്ടാമതായി, കോതമംഗലം പുത്തൻപള്ളിയുടെ (സെന്റ് ജോർജ് കത്തീഡ്രൽ) സ്ഥാപനം 1770-ൽ ആയിരുന്നു എന്നാണ് പറയുക. കോതമംഗലത്തെ അന്നത്തെ പ്രമുഖ കത്തോലിക്കാ കുടുംബങ്ങൾ കള്ളാട്ടിക്കാരൻ, ഇലഞ്ഞിക്കൽ, പെരുംപിള്ളിചിറ, ഉണ്ണൂപ്പാടാൻ, പൊതയത്തുമോളേൽ, കരിങ്ങാട്ടിൽ, ആഞ്ഞിലിക്കുടി, മുണ്ടയ്ക്കൽ, ഓലിയപ്പുറം, ചക്കുംകുടി തുടങ്ങിയവരായിരുന്നു (Ref: പുളിയ്ക്കൽ കുടുംബചരിത്രം, പേജ് 52). കൂടാതെ 1775-ൽ ഈരാറ്റുപേട്ടയിൽനിന്ന് കോതമംഗലത്ത് കുടിയേറിയ കുര്യാക്കോയുടെ നാലാം തലമുറയിലെ ഒരു വർക്കി മകൾ അച്ചാരുവിനെക്കുറിച്ച് പറയുന്നുണ്ട് (1844-1914). വർക്കിയുടെ മകളായ അച്ചാരുവിനെ കോതമംഗലത്തിനടുത്ത് ഇഞ്ചൂർ കരയിൽ പൊതയത്തുമോളേൽ വർക്കി വിവാഹം ചെയ്തു. ആഞ്ഞിലിക്കുടി, പൊതയത്തുമോളേൽ, കരിങ്ങാട്ടിൽ എന്നീ പേരുകളും കാണുന്നുണ്ട്. ഇവർ ചമ്പക്കുളം കുര്യാളശ്ശേരി കുടുംബക്കാരാണ് (Ref: പുളിക്കൽ കുടുംബചരിത്രം, പേജ് 64).

ഈ സാഹചര്യത്തിൽ ആഞ്ഞിലിക്കുടി തറവാടിന് ഇവിടെ 350-400 വർഷത്തെ പൗരാണികത്വം അവകാശപ്പെടാവുന്നതാണ്. ഈ കാലഘട്ടത്തിനിടയിൽ ആഞ്ഞിലിക്കുടി കുടുംബത്തിൽ 15-നും 20-നും ഇടയ്ക്ക് തലമുറകൾ രൂപംകൊണ്ടിട്ടുണ്ടാകണം. എന്നാൽ നമ്മുടെ അന്വേഷണത്തിൽ 7-8 തലമുറകൾ വരെ മാത്രമേ എത്തുവാൻ നമുക്ക് കഴിഞ്ഞിട്ടുള്ളു. 12-13 തലമുറകളുടെ ചരിത്രം നമുക്ക് തികച്ചും അജ്ഞാതമാണ്. വാമൊഴിയായോ വരമൊഴിയായോ ഒന്നും ലഭിക്കുവാനില്ല. ഈ കാലഘട്ടത്തിൽ ചമ്പക്കുളത്തുനിന്ന് വന്നു എന്നു പറയുന്ന കാരണവരുടെ സന്തതിപരമ്പരകൾ കാരക്കുന്നത്തും മൂവാറ്റുപുഴിലും മാറാടിയിലും വാഴപ്പിള്ളിയിലും കറുകടത്തും ഇഞ്ചൂരും അതിന്റെ പ്രാന്തപ്രദേശങ്ങളിലും എന്നുമാത്രമല്ല അങ്ങു വിദൂരദേശങ്ങളിലും ഒക്കെ അധിവസിച്ചിട്ടുണ്ടാകാം. നാം ഇവരെക്കുറിച്ച് അന്വേഷിക്കുമ്പോൾ നമ്മളിൽനിന്ന് 7-8 തലമുറകൾ പിന്നോട്ടുള്ള കാരണവന്മാരേയും അവരുടെ അധിവാസ സ്ഥലങ്ങളേയും കുറിച്ചുള്ള അറിവേ നമുക്ക് ലഭിക്കുന്നുള്ളൂ. അതുകൊണ്ട് ചമ്പക്കുളത്തുനിന്ന് വന്നു എന്നു പറയപ്പെടുന്ന കാരണവർ എവിടെ ആസ്ഥാനമുറപ്പിച്ചു എന്നത് ഒരു തർക്കവിഷയമാക്കേണ്ടതില്ല.

# XIII

# നെടുംചാലിൽ ചാത്തംകണ്ടത്തിൽ ഇട്ടിക്കുഞ്ഞും കുടുംബവും കാരക്കുന്നത്ത്

ഇന്നത്തെ പത്തനംതിട്ട ജില്ലയിൽപ്പെട്ട ചായൽ അഥവ നിലയ്ക്കൽ ആദ്യനൂറ്റാണ്ടിലെ സുപ്രസിദ്ധ അന്താരാഷ്ട്ര വ്യാപാരകേന്ദ്രമായിരുന്നു. മാർ തോമാശ്ലീഹായുടെ മിഷൻ പ്രവർത്തന രംഗങ്ങളിൽ ഒന്നുമായിരുന്നല്ലോ ചായൽ. അവിടെവച്ച് മാർത്തോമ്മാശ്ലീഹായിൽനിന്ന് മാമ്മോദീസ സ്വീകരിച്ച ഒരു ബ്രാഹ്മണന്റെ സന്തതിപരമ്പരയിൽപ്പെട്ടവരാണ് നെടുംചാലിൽ കുടുംബക്കാർ. ചായലിലെ ഇല്ലപ്പേരായിരുന്നു നെടുംചാലിൽ. (Cf: ചായൽ മുതൽ കാരക്കുന്നം വരെ I-ാം ഭാഗം P. 2). A.D. 1311-ൽ വടക്കേ ഇന്ത്യയിലെ മുസ്ലീം പട്ടാളക്കാർ ചായലിനെ അക്രമിച്ചു കൊള്ളയടിച്ചു. അവിടെയുണ്ടാ യിരുന്ന ക്രിസ്ത്യാനികളും, ബുദ്ധ, ജൈന മതസ്ഥരും എല്ലാം നാടുവിട്ട് പലേടത്തേക്കും ഓടിപ്പോയി. അക്കൂട്ടത്തിൽ കുറെപ്പേർ കാരിക്കോട്, മൈലക്കൊമ്പ്, കോതമംഗലം, തൃക്കാരിയൂർ പ്രദേശങ്ങളിൽ കുടിയേറി. കാരണം, ഇതെല്ലാം അന്നത്തെ വ്യാപാര കേന്ദ്രങ്ങളായിരുന്നു. ഈ കേന്ദ്രങ്ങളെ സംയോജിപ്പിച്ചുകൊണ്ടുള്ള വ്യാപാര പാതകളും നിലവിലുണ്ടായിരുന്നു.

കോതമംഗലത്ത് കുടിയേറിയ നെടുംചാലിൽ ക്രൈസ്തവ കുടുംബ പിൻമുറക്കാരിൽ ഒരാൾ A.D. 1800-മാണ്ടിനോടടുത്ത് കോതമംഗലത്തുനിന്ന് വെണ്ടുവഴി എന്ന സ്ഥലത്തുവന്ന് ചാത്തംകണ്ടം എന്ന പുരയിടം വാങ്ങി താമസമുറപ്പിച്ചു. ബുദ്ധമതക്ഷേത്രമിരുന്ന സ്ഥലമായതുകൊണ്ടാണ് ചാത്തംകണ്ടം എന്ന പേരുണ്ടായത്. ചാത്തം കണ്ടത്തിൽ പുരയിടത്തിൽ താമസിച്ചതുകൊണ്ട് നെടുചാലിൽ കുടുംബത്തിന് ചാത്തംകണ്ടം എന്ന വീട്ടുപേരുണ്ടായി. കുറെക്കഴിഞ്ഞ് അവർ ചാത്തംകണ്ടം പുരയിടം വിറ്റ് കാരക്കുന്നം ഭാഗത്തേക്ക് താമസം മാറ്റി. അപ്പോഴും അവരുടെ വീട്ടുപേർ നെടുംചാലിൽ ചാത്തംകണ്ടം എന്നായിരുന്നു. കാരക്കുന്നത്തു കുടിയേറിയ കാരണവരുടെ പേര് വറുഗീസ് (ഇട്ടിക്കുഞ്ഞ് എന്നും വിളിക്കും) എന്നും ഭാര്യയുടെ പേര് മാത്തിരി മറിയം എന്നുമായിരുന്നു. (Cf: ചായൽ മുതൽ കാരക്കുന്നം വരെ I-ാം ഭാഗം P. 2).

കാരക്കുന്നത്തു വന്നുചേർന്ന ഇട്ടിക്കുഞ്ഞും കുടുംബവും കാരക്കുന്നം പള്ളിയുടെ (ഇന്നത്തെ യാക്കോബായ പള്ളി) സമീപത്തുള്ള നടുക്കുടിക്കാരുടെ പുരയിടം വാങ്ങി വീടുവച്ചാണ് താമസിച്ചത്. ആ പുരയിടത്തിന് കിഴക്ക് ഒരു കാവ് മുടിഞ്ഞു കിടന്നിരുന്നു. പള്ളിക്കു മുമ്പിലുണ്ടായിരുന്നതും ഈ അടുത്ത കാലത്ത് വെട്ടിനീക്കപ്പെട്ടതുമായ ഒരു വലിയ ആൽവൃക്ഷം ആ കാവുമായി ബന്ധപ്പെട്ടതായിരുന്നു എന്നു പറയപ്പെടുന്നു. ഇപ്പോൾ പള്ളിയിരിക്കുന്ന സ്ഥലത്തിന് കിഴക്കായിരുന്നു പ്രാചീനകാവ്. കാരക്കുന്നത്ത് പണിക്കർ എന്നറിയപ്പെട്ടിരുന്ന കളരിഗുരുക്കളുടെ വീടും കളരിയും കുന്നിന്റെ വടക്കുവശത്തുണ്ടായിരുന്നു.

ഇട്ടിക്കുഞ്ഞ് മാത്തിരിമറിയം ദമ്പതികൾക്ക് മൂന്ന് ആൺമക്കളുണ്ടായിരുന്നു. പെൺമക്കളെക്കുറിച്ച് അറിവില്ല. ആൺമക്കളിൽ മൂത്തയാൾ അബ്രാഹവും രണ്ടാമൻ ഗീവറുഗീസും മൂന്നാമൻ പൗലോസുമായിരുന്നു. മൂത്തമക്കൾ രണ്ടുപേരും പുളിയപ്പിള്ളി കോട്ടയിൽ (മാർക്കരക്കാവിനടുത്ത്) ഇടപ്രഭുവിന്റെ മന്ത്രിമാരായി. ഇളയമകൻ പൗലോസ് വൈദികനായി കാരക്കുന്നം പള്ളിയിൽ വൈദികശുശ്രൂഷ നടത്തിപ്പോന്നു.

# XIV

## കാരക്കുന്നത്ത് പുതിയ പള്ളി

## (കാരക്കുന്നം കത്തോലിക്ക പള്ളി)

മതസാമൂഹിക രംഗത്ത് കേരളസഭയിലെ ആദ്യപിളർപ്പിനു കാരണമായിത്തീർന്ന ചരിത്രപ്രസിദ്ധമായ കൂനൻ കുരിശ് സത്യം 1653-ൽ നടന്നുവെങ്കിലും അന്നൊന്നും സാധാരണക്കാരായ വിശ്വാസികൾക്കിടയിൽ യാതൊരുവിധ പിളർപ്പുകളോ വിഭാഗീയതയോ രൂപംകൊണ്ടിരുന്നില്ല. പിളർപ്പ് സഭാധികാരികൾക്കിടയിൽ മാത്രം ഒതുങ്ങി നിൽക്കുകയായിരുന്നു. വിശ്വാസികൾ അന്നു നിലവിലുണ്ടായിരുന്ന ദേവാലയങ്ങളിൽ ഒരുമിച്ചുകൂടി ബലിയർപ്പിക്കുകയും പ്രാർത്ഥനകൾ നടത്തുകയും ഇരുവിഭാഗങ്ങളും പരസ്പരം വിവാഹബന്ധങ്ങളിൽ ഏർപ്പെടുകയും അവരുടെ അണികളിൽ ശവസംസ്കാരം നടത്തുകയും ഒക്കെ ചെയ്തുകൊണ്ടിരുന്നു. പിന്നീട്, നൂറ്റാണ്ടുകൾക്കുശേഷമാണ് സാധാരണ വിശ്വാസികൾക്കിടയിലേക്ക് സഭയിലെ വിഭാഗിയത കടന്നുവന്നത്. കൃത്യമായി പറഞ്ഞാൽ കൂനൻകുരിശ് സത്യത്തിനുശേഷം 1685-ൽ മാർ ബസേലിയോസ് കാതോലിക്കയെന്ന പ്രസിദ്ധനായ ഒരു യാക്കോബായ മതമേലദ്ധ്യക്ഷൻ കോതമംഗലത്ത് എത്തിച്ചേർന്നു. ഇന്നത്തെ ഇറാക്കിലെ കാർക്കോസായിരുന്നു അദ്ദേഹത്തിന്റെ ജന്മസ്ഥലം. അവിടെനിന്ന് 1680-ൽ പുറപ്പെട്ട്

1685 മദ്ധ്യത്തോടെ ഗുജറാത്തിലെ സൂററ്റിൽ എത്തി. അവിടെനിന്ന് വനപ്രദേശമായ ഹൈറേഞ്ച് വഴിയാണ് കോതമംഗലത്ത് എത്തിച്ചേർന്നത് എന്നാണ് പറയപ്പെടുന്നത്. ഇവിടെ എത്തിയിട്ട് വെറും 13 ദിവസങ്ങൾ മാത്രമാണ് അദ്ദേഹം ജീവിച്ചത്. ആ വർഷം കന്നിമാസം 19-ന് മരിച്ചു. 20-ന് ചെറിയപള്ളിയിൽ സംസ്കരിക്കപ്പെട്ടു.

കോതമംഗലത്തെ നല്ലൊരുവിഭാഗം ജനങ്ങൾ അദ്ദേഹത്തിന്റെ ഉപദേശങ്ങൾ സ്വീകരിച്ചു. അതുവഴി കത്തോലിക്കരുടെ സംഖ്യബലം കുറഞ്ഞെന്നുമാത്രമല്ല വിശ്വാസികൾക്കിടയിലെ വിഭാഗീയത രൂക്ഷമാകുകയും ചെയ്തു.

18-ാം നൂറ്റാണ്ടിന്റെ മദ്ധ്യത്തോടെ ഇരുകൂട്ടർക്കും പൊതുവായി ഇരുപതോളം പള്ളികൾ ഉണ്ടായിരുന്നു. 19-ാം നൂറ്റാണ്ടിന്റെ മദ്ധ്യത്തോടെ പൊതുവായ ഒരു പള്ളിപോലും ഇരു കൂട്ടർക്കും ഇല്ലാതായി. ഓരോകൂട്ടരും പിരിഞ്ഞ് അവരവരുടെ പള്ളികളിലായി. ഇങ്ങനെ മാർ ബസ്സേലിയോസ് ബാവയുടെ ആഗമനത്തോടെയാണ് കൂനൻ കുരിശ് സത്യം മൂലമുണ്ടായ പിളർപ്പ് രൂക്ഷവും പൂർണ്ണവുമായത്.

മാർ ബസേലിയോസ് മരിക്കുന്നതിനുമുമ്പ് അദ്ദേഹം തന്റെ കൂടെയുണ്ടായിരുന്ന ഒരു റമ്പാനെ 'മാർ ഇവാനിയോസ്' എന്ന പേരിൽ മെത്രാനായി വാഴിച്ചു. (Ref: to Mandackal Tharakan Family History, P. 169-170).

കോതമംഗലത്തുണ്ടായ കക്ഷിവഴക്കും വിഭാഗീയതയും അതിന്റെ പരിസരപ്രദേശമായ കാരക്കുന്നത്തേക്കും വ്യാപിക്കുവാനിടയായി. കൂനൻ കുരിശ് സത്യത്തിനുശേഷം രണ്ടു കക്ഷികളായി തിരിഞ്ഞ ക്രിസ്ത്യാനികളിൽ റോമിനെ അംഗീകരിക്കാത്തവർ യാക്കോബായ സഭയിൽ ചേരേണ്ടിവന്നു. പല ഇടവകളിലും വഴക്കുകൾ ഉണ്ടായി. ഭൂരിപക്ഷക്കാർ പള്ളി പിടിച്ചെടുത്തു. ന്യൂനപക്ഷക്കാർ പുതിയ പള്ളി പണിതു മാറി. രണ്ടു കക്ഷികളും ഒരേ ദേവാലയം ദീർഘകാലം ഉപയോഗിച്ചെങ്കിലും കാലക്രമേണ പുരാതന ദേവാലയങ്ങൾ പലതും യാക്കോബായക്കാർ പിടിച്ചെടുത്തു.

കാരക്കുന്നത്ത് ആദ്യമായി യാക്കോബായ സഭയിൽ ചേർന്നത് കാക്കത്തോട്ടത്തിൽ മല്പാൻ എന്നറിയപ്പെടുന്ന വൈദികശ്രേഷ്ഠനാ

യിരുന്നു. അന്നത്തെ കാരക്കുന്നം ഇടവകാംഗമായ നെടുംചാലിൽ ചാത്തംകണ്ടത്തിൽ പൗലോസച്ചനോട് യാക്കോബായ സഭയിൽ ചേരാൻ മല്പാൻ ആവശ്യപ്പെട്ടു. അച്ചൻ അദ്ദേഹത്തിന് വഴങ്ങിയില്ല. തന്മൂലം പൗലോസച്ചൻ കുർബാന ചൊല്ലരുതെന്ന് അദ്ദേഹം കല്പിച്ചു. ഈ കല്പന കാരക്കുന്നത്തെ വിശ്വാസികൾക്കിടയിൽ വിഭാഗീയതയുണ്ടാക്കി. A.D. 1817-ലാണ് ഈ സംഭവമുണ്ടായത്.

ഇതിൽ കോപിഷ്ഠയായ പൗലോസച്ചന്റെ അമ്മ "മല്പാന്റെ അനുവാദം കൂടാതെ എന്റെ മകനെക്കൊണ്ട് കുർബാന ചൊല്ലിക്കാമോ എന്നു നോക്കട്ടെ" എന്നു പറഞ്ഞ് പള്ളിയിൽനിന്നു പോന്നു. അവർ പുളിയപ്പിള്ളി കോട്ടയിലെ മന്ത്രിമാരായിരുന്ന തന്റെ മൂത്തമക്കളെ ഈ വിവരം അറിയിച്ചു. അവർ പുളിയപ്പിള്ളി കർത്താവിന്റെ (ഇടപ്രഭു) പിൻബലമുള്ളവരായിരുന്നതുകൊണ്ട് പുതിയൊരു പള്ളി സ്ഥാപിച്ച് കുർബാന ചൊല്ലുവാൻ തീരുമാനിച്ചു. ഇടപ്രഭുവിന്റെ സ്ഥലത്തുതന്നെ പഴയ പള്ളിക്ക് കിഴക്കുള്ള തോവേലിമലയിൽ പരമ്പുകൊണ്ട് മറച്ച് ഒരു ചെറുദേവാലയം നിർമ്മിച്ച് പൗലോസച്ചൻ കുർബാന ചൊല്ലി. ഇതാണ് ഇപ്പോഴത്തെ കത്തോലിക്കാപള്ളി. (Cf: ചായൽ മുതൽ കാരക്കുന്നം വരെ II-ാം ഭാഗം P. 4-8).

പഴയപള്ളിയിലെ മാതാവിന്റെ രൂപം പുതിയ പള്ളിയിലേക്ക് കൊണ്ടുപോകാൻ ചാത്തംകണ്ടത്തിൽകാരും കൂട്ടരും ചെന്നപ്പോൾ മല്പാന്റെ ആൾക്കാർ തടഞ്ഞു. എങ്കിലും ഇടപ്രഭുവിന്റെ മന്ത്രിമാരായിരുന്ന മാത്തിരിമറിയത്തിന്റെ മക്കൾ രണ്ടുപേരുംകൂടി ചെന്ന് മാതാവിന്റെ രൂപം പുതിയ പള്ളിയിലേക്ക് കൊണ്ടുപോന്നു. ആ രൂപം ഇന്നും കത്തോലിക്കാപള്ളിയിൽ സൂക്ഷിക്കപ്പെടുന്നു. (ibid).

# പുതിയ പള്ളി ആശീർവ്വാദം

മേല്പ്പറഞ്ഞപ്രകാരം കർത്താവിന്റെവക തോവേലിമലയിൽ സ്ഥാപിച്ച പുതിയ പള്ളിയിൽ കുർബാന ചൊല്ലാൻ അനുവാദത്തിനായി, മാത്തിരിമറിയത്തിന്റെ രണ്ടുമക്കളും വരാപ്പുഴ അരമനയിൽ പോയി അപേക്ഷ കൊടുത്തു. പത്രമേനിവയ്ക്കാതെ പുതിയ പള്ളി

സ്ഥാപിക്കാൻ പാടില്ലെന്ന് അന്നത്തെ വികാരി അപ്പസ്തോലിക്കായും മെത്രപ്പോലീത്തയുമായ മീലസ് ഫ്രെൽഡർഹാസ്സ് ഒ.സി.ഡി. പറഞ്ഞു. അദ്ദേഹത്തിന്റെ കല്പന പ്രകാരം ചാത്തംകണ്ടം കുടുംബം താനംതുരുത്തിമാരി 12 പറകണ്ടം, കാട്ടുകണ്ടം 4 പറ, കൊളങ്ങര 4 പറ കണ്ടം പത്രമേനിയായി എഴുതിക്കൊടുത്തു. പുളിയപ്പിള്ളി പ്രഭുവിൽനിന്ന് ചാത്തംകണ്ടം കുടുംബത്തിന് ദാനമായി കിട്ടിയ നിലങ്ങൾ അങ്ങനെ കാരക്കുന്നം പുതിയ പള്ളിയുടേതായി. കാരക്കുന്നം പുതിയപള്ളി അംഗീകൃത ഇടവകയായി തീരുകയും ചാത്തംകണ്ടത്തിൽ പൗലോസച്ചൻ അവിടെ 28 വർഷം വികാരിയായി കഴിയുകയും ചെയ്തു (1817 മുതൽ 1845 വരെ).

അക്കാലത്ത് താല്ക്കാലിക ദേവാലയം പൊളിച്ച് വലിയ ദേവാലയ മാക്കാൻ ശ്രമിച്ചു. എന്നാൽ അദ്ദേഹത്തിന്റെ കാലത്ത് പണി പൂർത്തിയാക്കാൻ കഴിഞ്ഞില്ല. കാരണം, അന്ന് ചാത്തംകണ്ടം കുടുബക്കാരും, ആഞ്ഞിലിക്കുടി കുടുംബക്കാരും മാത്രമേ കത്തോലിക്കാസഭയിൽ പിടിച്ചു നിന്നിരുന്നുള്ളൂ. മറ്റുള്ളവർ യാക്കോബായക്കാരായി മാറി. ആയവന പ്രദേശത്തുള്ളവർ മൈലക്കൊമ്പ് ഇടവകക്കാരായിരുന്നല്ലോ. ആയവനക്കാരൻ പാലിയത്തു മല്പാൻ കാരക്കുന്നം പള്ളി ഭരിച്ച കാലത്താണ് ആയവനക്കാർ കാരക്കുന്നം ഇടവകക്കാ രായത്. പക്ഷേ, കാരക്കുന്നത്തേക്ക് പുഴകടന്നും പുഴയിലൂടെ യാത്രചെയ്തും വരേണ്ടിയിരുന്നു. അത്യന്തം ദുഷ്കരമായിരുന്നു യാത്ര. കടവൂർനിന്ന് മൃതദേഹങ്ങൾ പുഴവഴി വള്ളത്തിൽ കൊണ്ടുവന്ന് കാരക്കുന്നത്ത് സംസ്കരിച്ചിട്ടുണ്ട്. നടവക്കാടിന് കൃഷിക്കു പോയ കിഴക്കേഭാഗത്ത് കുടുംബത്തിലെ രണ്ട് സഹോദരങ്ങൾ പനി പിടിച്ച് മരിച്ചു. അവരുടെ മൃതദേഹങ്ങൾ വള്ളത്തിൽ കൊണ്ടുവന്ന് കാരക്കുന്നത്ത് അടക്കിയിട്ടുണ്ട്. മൃതദേഹങ്ങൾ കാരക്കുന്നത്ത് എത്തിക്കുവാനുള്ള പ്രയാസം കൊണ്ട് പില്ക്കാലത്ത് ആയവനയിൽ പുത്തൂർകരയിൽ പള്ളി വച്ചു. അതാണ് ആയവന പള്ളി. (Cf: ibid. P. 8).

പാലിയത്ത് ഗീവറുഗീസ് മല്പാൻ വരാപ്പുഴ സെമിനാരിയിൽ പഠിച്ച് പട്ടം വാങ്ങിയ ആളാണ്. ഈ മല്പാൻ കാരക്കുന്നത്ത് ഒരു സെമിനാരി തുടങ്ങി. അകലെയുള്ള ഇടവകകളിൽനിന്നു പോലും ചെറുപ്പക്കാർ കാരക്കുന്നത്ത് വന്ന് താമസിച്ച് പട്ടത്തിന് പഠിച്ചിട്ടുണ്ട്.

ചാത്തംകണ്ടത്തിൽ പൗലോസ് അച്ചനെയും പാലിയത്ത് ഗീവറുഗീസ് മല്പാനെയും പാലിയത്ത് വർക്കി അച്ചനെയും (കൊച്ചുഗീവറുഗീസ്) കാരക്കുന്നം പള്ളിയുടെ മദ്ബഹയിലാണ് സംസ്കരിച്ചത്. കാക്കത്തോട്ടത്തിൽ അച്ചന്റെ കബറിടം പഴയ പള്ളിയുടെ വടക്കേമുറ്റത്താണ്. പില്ക്കാലത്തെ വൈദികരിൽ കുമ്പപ്പള്ളിയിലച്ചൻ, കരിങ്ങാട്ടിലച്ചൻ, വെളിയന്നുക്കാരനച്ചൻ, കൊറ്റത്തച്ചൻ എന്നിവരേയും മദ്ബഹായിൽ കബറടക്കിയിട്ടുണ്ട്. (Cf: ibid P. 7).

A.D. 1891-ൽ കാരക്കുന്നം പള്ളിയിൽ ആത്മസ്ഥിതി പുസ്തകം എഴുതുമ്പോൾ താഴെ പറയുന്ന വൈദികരും വൈദികവിദ്യാർത്ഥിയും ഉണ്ടായിരുന്നതായി അതിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

1. എടശ്ശേരികുടിയിൽ യൗസ്സേപ്പ് കത്തനാർ ജനനം : 1825
   എടപ്പള്ളി പള്ളി വികാരി
2. ഉപ്പുവിട്ടുങ്കൽ ഗീവറുഗീസ് കത്തനാർ ജനനം : 1831
   എടപ്പള്ളി പള്ളി വികാരി
3. കൊല്ലറക്കൽ ഗീവറുഗീസ് കത്തനാർ ജനനം : 1843
   മുക്കന്നൂർ പള്ളി വികാരി
4. ആഞ്ഞിലിക്കുടി ദേവസ്യാ കത്തനാർ ജനനം : 1855
   ചെങ്ങാവൂർ പള്ളി വികാരി
5. കുമ്പപ്പിള്ളിൽ മത്തായി കത്തനാർ ജനനം : 1857
   മൂവാറ്റുപുഴ അസ്തേന്തി
6. കാക്കനാട്ടിൽ മത്തായി ശമ്മാശൻ ജനനം : 1867
   മാന്നാനത്ത് പഠിക്കുന്നു.

(Cf: - ചായൽ മുതൽ കാരക്കുന്നംവരെ. II-ാം ഭാഗം. P. 8)

# പുതിയ പള്ളിപ്പുരയിടം സംബന്ധിച്ച രേഖ

## ഇരവി നാരായണൻ നീട്ട്

കൊല്ലവർഷം 999-മാണ്ട് മകരം ഞായറിൽ (A.D. 1824) അന്നത്തെ പുതുപ്പാടിയിലെ ഭരണകർത്താവായിരുന്ന ഇരവിനാരായണൻ പുതുപ്പാടി കരയിൽ തോവേലിമലയിൽ പഴയകൂർ കത്തനാർക്കും കൈക്കാരന്മാർക്കും കാരക്കുന്നം പള്ളി വയ്ക്കാൻ അട്ടിപ്പേറായി സ്ഥലം കൊടുത്തു. ഈ രേഖ താഴെ ചേർക്കുന്നു.

''ഇരവിനാരായണൻ നീട്ട്. കാരക്കുന്നത്ത് പഴേകൂറ്റും..... കത്തനാരും ശേഷം കൈക്കാരനും (പൊടിവ്) കെണ്ടന്നാൽ നമ്മുടെ വക പുതുപ്പാടി കരയിൽ തോവേലിമലയിൽ കല്ലാംകുഴിമൂഴിക്കും കിഴക്ക് എടവഴിതൊണ്ടിനും പടിഞ്ഞാറ് കല്ലാംകുഴികണ്ടത്തിനും തെക്ക് കിഴക്ക് പടിഞ്ഞാറുള്ള പുഴക്കും വടക്ക് ഈ നാലതിർത്തിക്കകത്ത് നമുക്കുള്ള പറമ്പ് നിങ്ങൾക്ക് പള്ളി വയ്ക്കുന്നതിനായിട്ട് അട്ടിപേറായിട്ട് തന്നിരിക്കകൊണ്ട് പള്ളി വയ്പിച്ച് കൊള്ളുകയും വേണം. ഈ സ്ഥലം പ്രമാണമായിട്ട് നമുക്കും നമ്മുടെ അനന്തിരവർക്കും മേലിൽ ഒരു ചോദ്യവും ഇല്ലാ എന്ന് കൊല്ലം 999-ാം മാണ്ട് മകര ഞായറിൽ കൽപിച്ചു. മേയ്ക്കു മൂത്തേടത്ത് ഇരവിശങ്കരൻ കയ്യെഴുത്ത് ഒപ്പ്. കോതമംഗലം പ്രവൃത്തിയിൽ ഈ കെണക്കിന് ആളു വന്നാൽ മണ്ടപത്തും വാതുക്കൽ നിന്നും അച്ചടിഓല വാങ്ങിച്ചു ആധാരം എഴുതി തന്നയക്കുകയും ആവാം. കടയ്ക്കൽ ഒപ്പ്''. (Cf: ibid I-ാം ഭാഗം P. 27-28).

# XV

# മാർത്തോമ്മാ ക്രിസ്ത്യാനികളുടെ സഭാജീവിതം

ക്രിസ്തുവിന്റെ ശിഷ്യന്മാർ എല്ലാവരുംതന്നെ റോമാസാമ്രാജ്യത്തിന്റെ അതിർത്തികൾക്കുള്ളിൽ സുവിശേഷം പ്രസംഗിച്ച് സഭാസമൂഹങ്ങൾക്ക് രൂപം നല്കിയപ്പോൾ, സാമ്രാജ്യാതിർത്തികൾക്കപ്പുറം ബഹുദൂരം സ്ഥിതിചെയ്യുന്ന ഭാരതഭൂവിലേക്കാണ് മാർ തോമ്മാശ്ലീഹാ നിയോഗിക്കപ്പെട്ടത്. നസ്രായനായ യേശുവിന്റെ ശിഷ്യനായ മാർ തോമ്മായിൽനിന്ന് വിശ്വാസം സ്വീകരിച്ചവർ നസ്രാണി ക്രിസ്ത്യാനികൾ അഥവാ മാർത്തോമ്മാ ക്രിസ്ത്യാനികൾ എന്ന പേരിലാണ് അറിയപ്പെട്ടിരുന്നത്. മാർത്തോമ്മാ ക്രിസ്ത്യാനികളുടെ അധിവാസകേന്ദ്രം തെക്കേ ഇന്ത്യയായിരുന്നു. ഹിന്ദു, ബുദ്ധ, ജൈനമതങ്ങൾപോലെ ക്രൈസ്തവ സഭയും തികച്ചും ഏതദ്ദേശിയ മതമായിട്ടാണ് പ്രവർത്തിച്ചിരുന്നത്. വിശ്വാസ സന്മാർഗ്ഗ കാര്യങ്ങൾ ഒഴികെ മറ്റെല്ലാ കാര്യങ്ങളിലും അവർ ഇതരമതസ്ഥരുമായി സ്നേഹത്തിലും സഹകരണത്തിലും പരസ്പര ബഹുമാനത്തിലുമാണ് കഴിഞ്ഞിരുന്നത്. അപ്പസ്തോലിക പാരമ്പര്യത്തിൽ ലോകത്തിലെ ഏതൊരു സഭയോടും തുല്യതയുള്ള സഭയാണ് കേരളത്തിലെ സീറോ

മലബാർ സഭ. അതുകൊണ്ട്, ആദിമസഭയിലെ ജനാധിപത്യസ്വഭാവത്തിലും, നിത്യരക്ഷയുടെ മാർഗ്ഗത്തിലും, മിശിഹായുടെ തിരുമേശയാചരണത്തിലും തികച്ചും സുവിശേഷാധി ഷ്ഠിതമായ ഒരാരാധനക്രമവും ജീവിതശൈലിയുമാണ് തോമാശ്ലീഹ വിശ്വാസികൾക്കായി നിർദ്ദേശിച്ചിരുന്നത്. ഇതിനെയാണ് "മാർത്തോമ്മായുടെ മാർഗ്ഗവും വഴിപാടും" എന്നു പറയുന്നത്.

മാർത്തോമ്മായുടെ നിയമമനുസരിച്ച് ഇവിടുത്തെ മെത്രാന്മാർ സഭയുടെ ഭൗതിക കാര്യങ്ങളിൽ ഏർപ്പെട്ടിരുന്നില്ല. അവർ ആദ്ധ്യാത്മിക കാര്യങ്ങളിൽ മാത്രമാണ് വ്യാപരിച്ചിരുന്നത്. അതായത്, പട്ടം കൊടുക്കൽ, കൂദാശകളുടെ അനുഷ്ഠാനങ്ങൾ തുടങ്ങിയവ ആഘോഷപൂർവ്വം നടത്തുക, ആരാധനക്രമാനുഷ്ഠാനങ്ങൾക്ക് നേതൃത്വം നല്കുക, സഭാപിതാക്കന്മാരുടെ പ്രബോധനങ്ങൾ പഠിപ്പിക്കുക, സഭയുടെ ആദ്ധ്യാത്മിക പൈതൃകവും പാരമ്പര്യങ്ങളും സംരക്ഷിച്ചു പരിപോഷിപ്പിക്കുക എന്നിവയായിരുന്നു മെത്രാന്മാരുടെ ചുമതലകൾ. സഭാഭരണം, സഭവകവസ്തുക്കളുടെ മേൽനോട്ടം എന്നിവ ജാതിക്കുകർത്തവ്യന്റെയും പള്ളിയോഗക്കാരുടെയും മേൽനോട്ടത്തിലാണ് നടന്നുപോന്നിരുന്നത്.

അപ്പസ്തോലപ്രവർത്തനം 2 : 42-ൽ സഭ എന്ന വാക്കിന് ക്രിസ്തുവിൽ വിശ്വസിക്കുന്ന ആദ്ധ്യാത്മികസമൂഹം എന്നാണർത്ഥം. ഓരോ സഭാസമൂഹവും അതിന്റെ നയ്യാമികാർത്ഥത്തിൽ സ്വയം ഭരണാധികാരമുള്ള യൂണിറ്റുകളായിരിക്കുകയും, അതേസമയം ക്രിസ്തുവിലുള്ള വിശ്വാസത്തിന്റെ അഭൗമികതയിൽ ഇവർ ഐക്യപ്പെട്ടുമാണ് കഴിയുക.

മാർത്തോമ്മാക്രിസ്ത്യാനികളുടെ സഭാഭരണവും സഭാജീവിതവും മൂന്നുതലങ്ങളിലൂടെയാണ് നിർവ്വഹിക്കപ്പെട്ടിരുന്നത്. ഇടവകയോഗം, പൊതുയോഗം, ആകമാനയോഗം എന്നിവയായിരുന്നു ആ തലങ്ങൾ. ഇടവകയുടെ ഭരണം നടത്തിയിരുന്നത് ഇടവക യോഗമാണ്. ഇടവകയിലെ എല്ലാ കുടുംബനാഥന്മാരും തദ്ദേശവൈദികരും ഉൾപ്പെട്ട യോഗമാണിത്. ഇടവക വൈദികരിൽ പ്രായംചെന്ന ആളായിരിക്കും യോഗാദ്ധ്യക്ഷൻ. അദ്ദേഹംതന്നെയാണ് പള്ളിയിലെ മതകർമ്മങ്ങൾ നിയന്ത്രിച്ചിരുന്നതും. പള്ളിയുടെ ഭൗതിക വസ്തുക്കളുടെ ഭരണം,

പള്ളിയുടെ മെയിന്റനൻസ്, വൈദികരുടെ ജീവനാംശം സംബന്ധിച്ച കാര്യങ്ങൾ ഒക്കെയും ഇടവകയോഗമാണ് നോക്കി നിയന്ത്രിച്ചിരുന്നത്. തന്നെയല്ല, ഇടവകയിലെ ക്രിസ്തീയജീവിതം മുഴുവന്റെയും മേലന്വേഷണവും യോഗമാണ് നിർവ്വഹിച്ചിരുന്നത്. കൂടാതെ പരസ്യപാപങ്ങൾ സംബന്ധിച്ച കേസുകൾ തീരുമാനിക്കുന്നതിനും, വ്യക്തികളെ സഭാസമൂഹത്തിൽനിന്ന് പുറംതള്ളുന്നതിനുള്ള അധികാരവും ഇടവകയോഗത്തിനുണ്ടായിരുന്നു.

രണ്ടാമത്തെതലം പല പള്ളികൾ ചേർന്നുള്ള യോഗമാണ്. പ്രാദേശിക താത്പര്യമുള്ള വിഷയങ്ങളെപ്പറ്റി പല ഇടവകകളുടെ പ്രതിപുരുഷന്മാർ ഒരുമിച്ചുകൂടി ആലോചിച്ച് തീരുമാനങ്ങൾ എടുത്തിരുന്നു. സഭാംഗങ്ങളുടെ ഇടയിലെ നീതിന്യായ നിർവ്വഹണത്തിനായിട്ടാണ് ഈ സംവിധാനം ഉപയോഗപ്പെടുത്തിയിരുന്നത്. മലബാർ സഭയുടെ പൂർവ്വപാരമ്പര്യമനുസരിച്ച്, ഒരു കുറ്റം നാല് പള്ളിപ്രതിനിധികളുടെ മുമ്പാകെ സംശയരഹിതമായി തെളിയിക്കപ്പെട്ടാൽ മാത്രമേ അയാളെ ശിക്ഷിക്കുവാൻ കഴിയുമായിരുന്നുള്ളൂ.

മൂന്നാമത്തെതലം ആകമാനയോഗം (General Yogam) ആണ്. മതപരവും സാമൂഹികവും, രാഷ്ട്രീയവുമായി സഭയെ ബാധിക്കുന്ന എല്ലാ കാര്യങ്ങളും ഈ തലത്തിലാണ് കൈകാര്യം ചെയ്തിരുന്നത്. ക്രിസ്ത്യൻ സമൂഹത്തിലെ "ജാതിക്കുകർത്തവ്യനും", എല്ലാ പള്ളികളുടേയും പ്രതിനിധികളും, വൈദികരും ചേർന്നു നടത്തുന്ന യോഗമാണിത്. നസ്രാണി ക്രിസ്ത്യാനികളുടെ പരമോന്നത കൗൺസിൽ. അതുകൊണ്ടു തന്നെ ഈ കൗൺസിലിന്റെ തീരുമാനങ്ങളെ ആരും ചോദ്യം ചെയ്തിരുന്നില്ല. മാർത്തോമ്മാ ക്രിസ്ത്യാനികളുടെ എല്ലാ ജീവിതാവസ്ഥകളേയും ഈ യോഗങ്ങൾ പൂർണ്ണമായും ഉൾക്കൊള്ളുകയും നിയന്ത്രിക്കുകയും ചെയ്തിരുന്നു. സഭ ദൈവജനമാണെന്ന അടിസ്ഥാനതത്വവും സഭാഭരണത്തിലുമുള്ള ദൈവജനത്തിന്റെ കൂട്ടുത്തരവാദിത്വവും സ്പഷ്ടമാക്കുന്നതുമായിരുന്നു നസ്രാണി ക്രിസ്ത്യാനികളുടെ ഈ പള്ളിയോഗങ്ങൾ.

പ്രശംസനീയമായ ഈ സഭാഭരണ സമ്പ്രദായത്തെ 1599-ലെ ഉദയംപേരൂർ സൂനഹദോസിന്റെ ഘടനയെ ഒന്നു പരിശോധിച്ചാൽ ഈ യാഥാർത്ഥ്യം മനസ്സിലാകും. അന്നത്തെ ഗോവാ മെത്രാപ്പോലീത്തയാ

യിരുന്ന അലക്സ് ഡി മെനേസിസ് വിളിച്ചുകൂട്ടിയ ഉദയംപേരൂർ സൂനഹദോസിൽ 813 സഭാപ്രതിനിധികളാണ് പങ്കെടുത്തത്. അവരിൽ 133 പേർ വൈദികരും 20 പേർ ഡീക്കന്മാരും 660 പേർ ഓരോ ഇടവകയേയും പ്രതിനിധികരിച്ചുവന്ന സാധാരണക്കാരുമായിരുന്നു. അങ്ങനെ ദൈവജനം ക്രിസ്തീയ ജീവിതത്തിലും സഭാകാര്യങ്ങളിലും എത്ര സജീവമായി ഉത്തരവാദിത്വത്തോടെ പ്രവർത്തിച്ചിരുന്നു എന്നതിനു തെളിവാണിത്. അകത്തോലിക്കാ ക്രിസ്ത്യാനികൾക്കിടയിൽ ഇന്നും ഈ സമ്പ്രദായം നിലവിലുണ്ട്. കത്തോലിക്കർക്കിടയിൽ ലത്തീൻ സ്വാധീനംമൂലം 18-ാം നൂറ്റാണ്ടിനുശേഷം ഈ രീതി ഉപേക്ഷി ച്ചുകളഞ്ഞു. ക്രിസ്തീയ സഭാജീവിതത്തിന്റെ ശക്തവും സജീവവും ഫലദായകവുമായ ഈ സംവിധാനങ്ങൾ ഉപേക്ഷിച്ച്, സഭാംഗങ്ങളെ ആലോചനക്കാരാക്കിക്കൊണ്ട് സഭയിൽ ഇന്നു നടപ്പിലാക്കിക്കൊണ്ടിരി ക്കുന്ന ഇടവക പൊതുയോഗം, പാരീഷ് കൗൺസിൽ, പാസ്റ്ററൽ കൗൺസിൽ തുടങ്ങിയവ വേണ്ടത്ര ഫലപ്രദമാകാറില്ല.